Reg. No. C. 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1125 ചിങ്ങം 8 | ലക്കം 2

## വിപ്ളവങ്ങളിലെ വിജേതാവ്

(ഡോ. എൽ. ജെ. ചിററർ പിഎച്ച്. ഡി., ഡി. ഡി.)

വിപ്ലവങ്ങളുടെ സാഹചര്യങ്ങളിൽ ജീവിക്കുകയും മാനസികമായ മഹാവിപ്ലവത്തിൽ അടരാടി വിജയം കൈവരിക്കുകയും ചെയ്ത വീരയോദ്ധാവാണ് വി. ആഗസ്തീനോസ്. അദ്ദേഹത്തിന്റെ കുടുംബംതന്നെ ഒരു സംഘട്ടനരംഗമായിരുന്നു. പിതാവ്, വിഷയലമ്പടനായ പട്രീഷ്യസ്; ധനംകൊണ്ടു സമ്പാദിക്കാവുന്ന സുഖഭോഗങ്ങളന്വേഷിച്ച് അതിൽ ആമഗ്നനാകാൻ വെമ്പൽകൊള്ളുന്നവൻ. നാല്പതാമത്തെ വയസ്സിൽ, പതിനേഴ് വയസ്സുമാത്രം പ്രായമുള്ള ക്രൈസ്തവയുവതി മോനിക്കായെ വിവാഹം ചെയ്തു. മതവിശ്വാസത്തിൽ അടിയുറച്ച്, പരിത്യാഗത്തിൽ പരമാനന്ദംതേടി ദാമ്പത്യഫലത്തെ ദൈവത്തിനു തിരുമുൽക്കാഴ്ച സമർപ്പിക്കുവാൻ മോനിക്ക അഭിലഷിച്ചു. ആദ്യസന്താനമായിരുന്ന ആഗസ്തീനോസിനെത്തന്നെയും ചെറുപ്പത്തിലേ ജ്ഞാനസ്നാനപ്പെടുത്തുവാൻ അവൾക്കു കഴിഞ്ഞില്ല. എന്നുമാത്രമല്ല, കച്ചവടത്തിനായെത്തിയ റോമൻ പൗരന്മാർ സ്വതന്ത്രവിഹാരം നടത്തിയ ആഫ്‌റിക്കൻ നഗരത്തിലെ അന്തരീക്ഷത്തിലാണ് ആ ശിശു വളർന്നത്. സഹപാഠികളോടൊരുമിച്ച് കളവു പറയുന്നതിലും മോഷ്ടിക്കുന്നതിലും വഞ്ചന പ്രവർത്തിക്കുന്നതിലും ആ ബാലൻ പ്രാവീണ്യംനേടി. വിദ്യാലയത്തിലെ അദ്ധ്യയനവും ശിക്ഷണവും ഒരുപോലെ അവൻ വെറുത്തു. സൂക്ഷ്മബുദ്ധിയായിരുന്നതുകൊണ്ട് അലസതയും അലച്ചിലും ഉണ്ടായിരുന്നിട്ടും മററുബാലന്മാരെക്കാൾ കൂടുതൽ ഗ്രഹിക്കുന്നതിന് അവനു കഴിഞ്ഞിരുന്നു. അവന്റെ ഭാവിയിൽ ഉത്സുകരായ മാതാപിതാക്കന്മാർ ഉപരിവിദ്യാഭ്യാസത്തിനായി മുപ്പതു മൈലകലെയുള്ള ഒരു പട്ടണത്തിലേക്കു സ്വസന്താനത്തെ പറഞ്ഞയച്ചു.

ആഗസ്തീനോസ് ആഗ്രഹിച്ച സ്വാതന്ത്ര്യം അവിടെ കിട്ടി. പണം വേണ്ടതു വീട്ടിൽനിന്നും ലഭിച്ചു. മേൽനോട്ടത്തിന് ആരുമില്ല. യുവരസികന്മാരായ കൂട്ടുകാർ. ജഡികാഭിലാഷങ്ങളെ തട്ടിയുണർത്തുന്ന സാഹിത്യകൃതികൾ ധാരാളമായി വായിച്ച് അവയിലെ ഭാഷയും ആശയങ്ങളും മാത്രമല്ല ഭോഗാസക്തമായ ജീവിതരീതിയും അദ്ദേഹം സ്വായത്തമാക്കി. അങ്ങനെ യൗവനാരംഭത്തിൽത്തന്നെ ആഗസ്തീനോസിന്റെ മനസ്സ് സകല ദുർഗ്ഗുണങ്ങളുടേയും കേളിരംഗമായിത്തീർന്നു. ഈ സ്ഥിതിഗതികൾ പുത്രവാത്സല്യം നിറഞ്ഞ മോനിക്കയുടെ ഹൃദയത്തെ വേദനിപ്പിച്ചു. ദുശ്ചരിതനായിരുന്ന ഭർത്താവിൽനിന്നു പ്രതിസ്നേഹം ലഭിക്കായ്കയാൽ ആകുലയായിരുന്ന അവളുടെ സ്നേഹകേന്ദ്രം ആഗസ്തീനോസായിരുന്നു. അവൾ തന്റെ പുത്രന്റെ കാര്യത്തിൽ അതിശ്രദ്ധാലുവായിരുന്നു. എങ്കിലും സ്വമാതാവിനെ അധിക്ഷേപിച്ചും വേദനിപ്പിച്ചും ദുസ്സ്വാതന്ത്ര്യം കാണിക്കുന്നതിനുപോലും ആഗസ്തീനോസ് മടിച്ചില്ല. ദൈവസഹായംമാത്രം ആലംബമാക്കി അവൾ കരയുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. മോനിക്കയുടെ നിർമ്മലമായ



കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനി നീണാൾ വാഴട്ടെ!

നിസ്സ്വാർത്ഥസ്നേഹം ക്രമേണ ആഗസ്തീനോസിന്റെ ഹൃദയത്തെ അദ്ദേഹം അറിയാതെതന്നെ ബന്ധിച്ചുകൊണ്ടിരുന്ന ഒരു ശൃംഖലയെ സൃഷ്ടിച്ചു.

പതിനേഴ് വയസ്സുമുതൽ കാർത്തജിലെ കലാലയത്തിൽ അഭ്യസനം നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് പിതാവ് പട്രീഷ്യസ് ക്രിസ്ത്യാനിയായി മരിക്കുന്നതിനിടയായത്. ഈ മാനസാന്തരവും ആഗസ്തീനോസിന്റെ മനസ്സിനെ സ്പർശിക്കാതിരുന്നില്ല. ഭാഷാശൈലിയിലുള്ള പ്രാവീണ്യം, പ്രഭാഷണപടുത്വം, സൂക്ഷ്മഗ്രഹണത്തിനും ധാരണത്തിനുമുള്ള പാടവം ഇവയെല്ലാം സഹപാഠികളിലും അദ്ധ്യാപകന്മാരിലും ആഗസ്തീനോസിനെപ്പററി സീമാതീതമായ മതിപ്പുളവാകുന്നതിനു കാരണമായി. ധൂർത്തനും സ്വതന്ത്രനുമായ ഈ യുവാവ് പല കാമിനിമാരെയും കബളിപ്പിച്ചു. ഒരു യുവതിയിൽ അനുരക്തനായിത്തീരുകയും അവളിൽനിന്ന് ഒരു പുത്രൻ ജനിക്കുകയും ചെയ്തു. തന്റെ ദുർമ്മാർഗ്ഗത്തെ നീതീകരിക്കുന്നതിന് അദ്ദേഹം ഒരു സിദ്ധാന്തം തേടി. മനുഷ്യന് ഒരാത്മാവുണ്ടെങ്കിൽ, ഭൗതികവേഴ്ചകൾ അതിനെ കളങ്കപ്പെടുത്തുമെന്നും, ത്യാഗവും സ്വച്ഛചിന്തയുമാണ് അതിനുതകുന്നതും ശ്രേഷ്ഠവുമെന്ന് സിസറോപോലും പറഞ്ഞിരുന്നു. ശരീരംതന്നെ തിന്മയാണെന്നും, അതിന്റെ പ്രചോദനത്തിൽ പാപം അനിവാര്യമാണെന്നും ഉള്ള "മനിക്കേയ"രുടെ സിദ്ധാന്തം തല്ക്കാലത്തേക്കു മതിയാകുമായിരുന്നു. എന്നിരുന്നാലും ഉള്ളിൽനിന്നുള്ള ഒരു സ്വരം ജീവിതത്തിൽ വ്യതിയാനം വരുത്തുന്നതിനു നിർബന്ധിച്ചുകൊണ്ടിരുന്നു. ഒരു അദ്ധ്യാപകനായി റോമാനഗരത്തിൽ കുറെനാൾ ജീവിച്ചെങ്കിലും തൃപ്തികണ്ടെത്താതെ മിലാനിലേക്കു പോകയും അവിടെ വി. അംബ്രോസിന്റെ പ്രസംഗധോരണി ആസ്വദിക്കുന്നതിന് അദ്ദേഹത്തിന്റെ ശ്രോതാക്കളുടെ ഗണത്തിൽ പെടുകയും ചെയ്തു. ഭാഷാനൈപുണ്യമാണ് ആഗസ്തീനോസിനെ ആകർഷിച്ചതെങ്കിലും ആശയങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ കടന്നുകൂടുകയും സ്വജീവിതാവസ്ഥയെപ്പററി ചിന്തിക്കുന്നതിനു പ്രേരിപ്പിക്കയും ചെയ്തു. അസ്വസ്ഥനായിരിക്കുന്ന അവസരത്തിൽ ഒരു ബാലന്റെ ഗാനാലാപത്തിൽ കേട്ട "എടുത്തു വായിക്കുക" എന്ന നിർദ്ദേശത്തെ അനുസരിച്ച് വി. പൗലോസിന്റെ ലേഖനം തുറന്നുനോക്കിയപ്പോൾ ജഡികാഭിലാഷങ്ങൾക്കു വശപ്പെടരുത് എന്നും അശുദ്ധിയിലും ഭോഗാസക്തിയിലും അല്ല ആനന്ദം തേടേണ്ടതെന്നും മനസ്സിലായി.

ആന്തരികമായ വിപ്ലവത്തോടുള്ള പോരാട്ടം നീണ്ടുനിന്നു. ഇന്ദ്രിയസുഖങ്ങളെ ഉപേക്ഷിക്കുന്നതിനു വളരെ പ്രയാസപ്പെടേണ്ടിവന്നു. എന്നിരുന്നാലും ദൃഢനിശ്ചയത്തോടെ പെരുമാറിയതിന്റെ ഫലമായി ദൈവാനുഗ്രഹത്തിന്റെ സഹായത്തോടുകൂടി അദ്ദേഹം വിജയിച്ചു. തന്റെ കണ്ണുനീരിന്റെ ഫലമായി പുത്രന്റെ മാനസാന്തരം കണ്ടാശ്വസിച്ചുശേഷം "ഓസ്തിയാ"യിൽവച്ച് അമ്മ മരിച്ചു. ബുദ്ധിയുടെയും ഹൃദയത്തിന്റെയും മാനസാന്തരം ഒരുമിച്ചു നടന്നിരുന്നതിനാൽ ആഗസ്തീനോസിന് പഴയ പാപങ്ങൾക്കു പരിഹാരം ചെയ്യണമെന്നായിരുന്നു താല്പര്യം. ഏകാന്തതയിൽ പ്രായശ്ചിത്തം ചെയ്യുന്നതിനും ദൈവത്തെ സ്തുതിക്കുന്നതിനും അദ്ദേഹം ആഗ്രഹിച്ചു. ഭൗതികങ്ങളെ സ്നേഹിച്ച ഹൃദയം തീക്ഷ്ണതരമായ സ്നേഹത്തോടെ ദൈവത്തിങ്കലേക്കു തിരിഞ്ഞു. "അങ്ങിൽ ചെന്നെത്തുന്നതുവരെ മനുഷ്യഹൃ

ദയം സംതൃപ്തമാകയില്ലെ"ന്നു് അനുഭവത്തിൽനിന്നു സാക്ഷ്യപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ദൈവത്തെ സ്നേഹിക്കുവാൻ വളരെ വൈകിപ്പോയതിനാലാണു് അദ്ദേഹം പശ്ചാത്തപിച്ചതു്. എത്ര തഴകിയ ദൂഷ്യങ്ങളിൽനിന്നും വിട്ടുമാറി നന്മയെ ആശ്ലേഷിക്കുന്നതിനുള്ള സ്വാതന്ത്ര്യം മനുഷ്യമനസ്സിനുണ്ടെന്നും ദൈവാനുഗ്രഹത്താൽ സഹായിക്കപ്പെടുമ്പോൾ അതു സാധ്യമാണെന്നും അദ്ദേഹം അറിഞ്ഞു. ആ അനുഭവം ലോകത്തോടുപദേശിക്കയും ചെയ്യുന്നു.

ഹിപ്പോയിലെ മെത്രാനായിരുന്ന വലേരിയൻ ആഗുസ്തീനോസിനെ വൈദികനാക്കുകയും അധികം കഴിയുന്നതിനുമുമ്പു് മെത്രാൻസ്ഥാനത്തേക്കുയർത്തുകയും ചെയ്തു. തന്റെ ആയുശ്ശേഷം അരനിമിഷം നഷ്ടപ്പെടുത്താതെ വേലയെടുക്കുന്നതിനായിരുന്നു ആഗുസ്തീനോസിന്റെ നിശ്ചയം. അംബ്രോസിന്റെ പ്രസംഗങ്ങളും, അന്തോനി തുടങ്ങിയ സന്യാസിമാരുടെ ജീവിതവൃത്താന്തങ്ങളും തന്റെ ജീവിതത്തെ നേർവഴിക്കു കൊണ്ടുവരുന്നതിനു് എത്രമാത്രം സഹായിച്ചു എന്നറിഞ്ഞ അദ്ദേഹം പ്രസംഗിക്കയോ പഠിപ്പിക്കയോ ചെയ്യാതിരുന്ന അവസരങ്ങളിൽ എഴുത്തുകൾ തയ്യാറാക്കുകയോ ഗ്രന്ഥങ്ങൾ രചിക്കയോ ചെയ്തിരുന്നു.

ഒരു കാലത്തു അഹംഭാവത്തോടുകൂടി സ്ഥാനമാനങ്ങൾ അന്വേഷിച്ചിരുന്ന ആഗുസ്തീനോസ് മാനസാന്തരാനന്തരം മററുള്ളവരുടെ അവജ്ഞാപാത്രമാകുന്നതിനു തയ്യാറായി. ശൈശവംമുതൽ കാ



ലേഖകൻ

ട്ടിക്കൂട്ടിയ വിക്രിയകളേയും അക്രമങ്ങളേയും എഴുതി പരസ്യപ്പെടുത്തി. ഒരിക്കൽ "മനിക്കേയ"രുടെ വിശ്വാസത്തിൽ ഉൾപ്പെട്ടതിനു പരിഹാരമായി, ആര്യൻ, മനിക്കേയൻ, ഡൊണാററിസ്റ്റ്, പെലാജിയൻ, സെമിപെലാജിയൻ മുതലായ വിശ്വാസവൈപരീത്യങ്ങളെയെല്ലാം ഖണ്ഡിക്കയും, നിർമ്മത്സരബുദ്ധികൾക്കു സത്യം കണ്ടെത്തുവാൻ മാർഗ്ഗം നിർദ്ദേശിക്കയും ചെയ്തു. അപ്പസ്തോലവീരനായിരുന്ന പൗലോസിന്റെ കാലം കഴിഞ്ഞാൽ സഭാതത്വങ്ങളുടെ ഗഹനവും വ്യാപൃതവുമായ വിശദീകരണം വിശുദ്ധ ആഗുസ്തീനോസിന്റെ കൃതികളിലാണു നാം കാണുന്നതു്. ഒരു വിധത്തിൽ സഭയുടെ അടിയുറപ്പിച്ചതു് വി. ആഗുസ്തീനോസുകൂടിയാണെന്നു പറയാം. അതുവരെ ക്രൈസ്തവഗ്രന്ഥങ്ങൾ ഗ്രീക്കുഭാഷയിലായിരുന്നു. ലോകത്തിൽ റോമൻ ചക്രവർത്തിമാരുടെ പ്രാബല്യത്തിൽ, പ്രചാരം ലഭിച്ച ലത്തീനിൽ ക്രൈസ്തവതത്വങ്ങൾ പ്രചരിപ്പിക്കേണ്ടതാവശ്യമായിരുന്നു. അതിനു ദൈവം തിരഞ്ഞെടുത്ത ഉപകരണമാണു് വി. ആഗുസ്തീനോസ്. അദ്ദേഹത്തിന്റെ പണ്ഡിതോചിതമായ പ്രതിപാദനരീതിയും ഭാഷാനൈപുണ്യവും അദ്ദേഹത്തെ സഭാസംരക്ഷകനാക്കി. അദ്ദേഹത്തിന്റെ ശിഷ്യപരമ്പരയും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു്— വിശ്വാസവൈപരീത്യങ്ങളിൽനിന്നു് —സഭയെ സംരക്ഷിച്ചു.

വി. ആഗുസ്തീനോസിന്റെ സ്വയംകൃതചരിതം അനേക പാപികൾക്കു ധൈര്യവും ആശ്വാസവും പ്രദാനംചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രതിപാദനവും യുക്തിയും നിഗമനങ്ങളും അനേകം സത്യാന്വേഷകർക്കു മാർഗ്ഗദർശനം നൽകിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ സാഹിത്യസാരള്യം അനേകരെ സഭയിലേക്കാകർഷിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ നിയമസംഹിത അനേകരുടെ ശിക്ഷണത്തിനും ജീവിതവിശുദ്ധിക്കും കാരണമായിരുന്നിട്ടുണ്ടു്. ദൈവത്തെയും മനുഷ്യാത്മാവിനെയും സംബന്ധിച്ചു് അദ്ദേഹം പ്രചരിപ്പിച്ച സിദ്ധാന്തങ്ങൾ, വാൻഡലിസം റോമൻസംസ്കാരത്തെ ശിഥിലമാക്കിയതിന്റെ ശേഷവും, ശാശ്വതമായി നിലനിന്നിട്ടുണ്ടു്. അന്നത്തെ ഭൗതികവാദവിപ്ലവങ്ങളിൽ സനാതനസത്യങ്ങളുടെ ഉറച്ചകോട്ട, "ദൈവത്തിന്റെ നഗരം" പണികഴിക്കുന്ന ശില്പിയായിരുന്നു വി. ആഗുസ്തീനോസ്. ഇന്നത്തെ വിപ്ലവങ്ങളിലും, ലോകം അദ്ദേഹത്തെ കേട്ടിരുന്നെങ്കിൽ—!

——

## സംഭവകഥകൾ

### സംസാരവൈകല്യം ദൂരീകരിച്ചതെങ്ങനെ?

റോട്ടൺബർഗിലെ മെത്രാനായിത്തീർന്ന വോൺ കെപ്ലർക്കു പട്ടം കൊടുക്കുവാൻതന്നെ അദ്ദേഹത്തിന്റെ മെത്രാൻ മടിച്ചതാണു്. വോൺ കെപ്ലർക്കു സംസാരത്തിലുണ്ടായിരുന്ന വൈകല്യമാണു് അതിനു കാരണം. എങ്ങനെയായാലും, ആ വൈദികവിദ്യാർത്ഥിയുടെ അപേക്ഷയെ ആദരിച്ചു്, അദ്ദേഹത്തിനു് ഒരവസരംകൂടി കൊടുക്കാൻ മെത്രാൻ തീരുമാനിച്ചു. പരീക്ഷാർത്ഥം കെപ്ലർ ഒരു പ്രസംഗം ചെയ്യണമെന്നാണു് നിശ്ചയിക്കപ്പെട്ടതു്. നിർണ്ണായകമായ ആ പരീക്ഷയിൽ വിജയംവരിക്കുന്നതിനുള്ള മാർഗ്ഗമെന്തെന്നു് അദ്ദേഹം തലചുട്ടാലോചിച്ചശേഷം, അവസാനം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുമായി ഒരു സഖ്യം ചെയ്യാമെന്നു തീരുമാനിച്ചു. അവരെപ്രതി അദ്ദേഹമൊരു നൊവേന നടത്തുകയും, താൻ ഒരു വൈദികനാകാൻ ഇടവരുത്തുകയാണെങ്കിൽ ജീവിതകാലംമുഴുവൻ അവരുടെ നേർക്കുള്ള ഭക്തി പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതാണെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു.

തുടിക്കുന്ന ഹൃദയത്തോടും ഇടറിയ കണ്ഠത്തോടുംകൂടിയാണു കെപ്ലർ പ്രസംഗമാരംഭിച്ചതു്. പക്ഷെ, "വിക്കലും" മററും കൂടാതെ, അതിമനോഹരമായ ഒരു പ്രസംഗം ചെയ്യുന്നതിനു് അദ്ദേഹത്തിനു സാധിച്ചു. മെത്രാനു തൃപ്തിയായി. കെപ്ലർക്കു പട്ടവും കൊടുത്തു. അന്നു് അദ്ദേഹം—ബിഷപ്പ് ഹെഫെലെ—വിചാരിച്ചില്ല, കെപ്ലർ തന്റെ രണ്ടാമത്തെ പിൻഗാമിയായി ഭവിക്കുമെന്നു്. പുരോഹിതനും മെത്രാനുമെന്ന നിലയിൽ കെപ്ലർ ചെലവഴിച്ച ആയുശ്ശിഷ്ടത്തിൽ, അദ്ദേഹം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളോടു ചെയ്ത വാഗ്ദാനം വിസ്മരിച്ചില്ല. മരിച്ചവരുടെ ആത്മാക്കളെ സഹായിക്കേണ്ടതിന്റെ ആവശ്യകതയെ പരാമർശിച്ചു ചെയ്ത നിരവധി പ്രസംഗങ്ങൾക്കുപുറമെ, പ്രസ്തുത വിഷയമധികരിച്ചു് വലിയ ഒരു പുസ്തകംതന്നെ അദ്ദേഹം രചിക്കയുണ്ടായി.

### തെരേസാ ന്യൂമൻ വെളിപ്പെടുത്തിയ ഒരു സംഗതി

ഏതാനും കൊല്ലങ്ങൾക്കുമുമ്പു് ഒരു അമേരിക്കൻ വൈദികൻ ബവേറിയായിലെ അത്ഭുതചരിതയായ തെരേസാ ന്യൂമനെ സന്ദർശിച്ച അവസരത്തിൽ, കുറെ ദിവസങ്ങൾക്കുമുമ്പു പരലോകപ്രാപ്തയായ സ്വമാതാവിന്റെ കാര്യം ചോദിച്ചു. "അവർ നേരത്തെതന്നെ സ്വർഗ്ഗം പ്രാപിച്ചിരിക്കുന്നു." എന്നു തെരേസാ ന്യൂമൻ അതിനു മറുപടി കൊടുത്തു.

"എന്റെ അപ്പനോ?" വൈദികൻ തുടർന്നു ചോദിച്ചു.

"അദ്ദേഹം ഇപ്പോഴും ശുദ്ധീകരണസ്ഥലത്തിലാണു്."

"എന്തു്! എന്റെ അപ്പനു ഇതേവരെ സ്വർഗ്ഗപ്രവേശം ലഭിച്ചിട്ടില്ലെന്നോ? അപ്പൻ മരിച്ചിട്ടു് കൊല്ലങ്ങൾ വളരെ അധികമായല്ലോ. ഞാൻ അപ്പനുവേണ്ടി അനേകം കുർബാന ചൊല്ലുകയുണ്ടായല്ലോ." ആശ്ചര്യഭരിതനായ വൈദികൻ സംശയമുന്നയിച്ചു.

"അതേ, പറയാം," തെരേസാ ന്യൂമൻ പ്രതിവചിച്ചു. "അങ്ങേ പിതാവു് പള്ളിയുടെ വാതിലിനു തൊട്ടടുത്താണു വസിച്ചിരുന്നതെന്നുവരികിലും, ഇടദിവസങ്ങളിൽ കുർബാന കാണുവാൻ യാതൊരു ഉത്സാഹവും പ്രദർശിപ്പിച്ചില്ല. അതിനുവേണ്ട സമയവും സൗകര്യവുമുണ്ടായിരുന്നിട്ടും അദ്ദേഹം അനാസ്ഥകാണിച്ചു. ആ കാരണത്താൽ, അദ്ദേഹത്തിനുവേണ്ടി ഇപ്പോൾ അർപ്പിക്കപ്പെടുന്ന കുർബാനകളുടെ ഫലം അദ്ദേഹത്തിനു സിദ്ധിക്കുന്നില്ല."

അമേരിക്കൻ വൈദികൻ വികാരഭരിതനായിട്ടാണു് ഈ സംഗതി പിന്നീടു് മററുള്ളവരോടു പറഞ്ഞുവന്നതു്. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നുതന്നെ അതു ശ്രവിച്ച ഒരാൾ അതിനു സാക്ഷ്യം വഹിക്കയും ചെയ്തിട്ടുണ്ടു്.

(Tabernacle and Purgatory
July, 1949)

# മാർപ്പാപ്പായുടെ സന്നിധിയിൽ

## അപേക്ഷ

ലോകത്തിന്റെ സുസ്ഥിതിയേയും സുരക്ഷിതത്വത്തേയും ലക്ഷ്യമാക്കി, പലവിധത്തിലുള്ള വൻകാര്യങ്ങൾ പ്രവർത്തിച്ചിട്ടുള്ള ദേഹമാണു് ലിയോ പതിമൂന്നാമൻ. എന്നാൽ, തിരുമനസ്സിലെ സുദീർഘമായ ഭരണകാലത്തിലെ നേട്ടങ്ങളിൽ ഏററവും പ്രമുഖമായി ചരിത്രകാരന്മാർ പ്രഘോഷിക്കുന്നതു്, 1899-ൽ മനുഷ്യവർഗ്ഗത്തെ ആകമാനം ഈശോ



യുടെ തിരുഹൃദയത്തിനു് പ്രതിഷ്ഠിച്ചതായ സംഭവത്തെയാണു്. പണ്ഡിതവരേണ്യരും, അകത്തോലിക്കാ രാജ്യതന്ത്രജ്ഞന്മാരാൽപ്പോലും പ്രകീർത്തിതനുമായ ഇപ്പോഴത്തെ മാർപ്പാപ്പായുടെ വാഴ്ചക്കാലത്തെ മഹാസംഭവങ്ങളിൽ അഗ്രിമസ്ഥാനത്തു നിലകൊള്ളുന്നതും, പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവഹൃദയത്തിനു തിരുമനസ്സുകൊണ്ടു് 1942-ൽ ലോകത്തെ പ്രതിഷ്ഠിച്ച സംപൂജ്യകർമ്മമാണെന്നു പറയാം.

ഈ രണ്ടു സംഭവങ്ങളേയും ഇത്രകണ്ടു പ്രശസ്തമാക്കുന്ന കാരണങ്ങളെന്തെല്ലാമെന്നു ക്രിസ്തുമതവിശ്വാസികളോടു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലതന്നെ. നാരകീയശക്തികൾ കലാപങ്ങളും അസ്വസ്ഥതകളും ഇളക്കിവിട്ടു്, ലോകസമാധാനത്തെ ഭീഷണിപ്പെടുത്തുന്ന ഘട്ടത്തിൽ, നിജവാഗ്ദാനമനുസരിച്ചു്, ലോകത്തെ രക്ഷിക്കുന്നതിനു് ലോകരക്ഷകന്റേയും സഹരക്ഷികയുടേയും അടുക്കൽ രക്ഷ തേടുന്നതിനെക്കാൾ അഭിലഷണീയമായ കാര്യം മറെറന്താണുള്ളതു്? കോളിളക്കത്തിന്റെ പാരമ്യത്തിൽ, തിരമാലകളുടെയിടയിൽപ്പെട്ട പത്രോസിനെയെന്നപോലെ, നമ്മേയും രക്ഷകൻ കാത്തുരക്ഷിക്കുമെന്നു സുദൃഢമായി വിശ്വസിക്കാവുന്നതാണു്.

പക്ഷെ, ലോകരക്ഷകൻ രക്ഷയുടെ കരങ്ങളെ നീട്ടുന്നതിനു്, നമ്മുടെ ഭാഗത്തുനിന്നുള്ള നിരന്തരമായ നിലവിളി അനുപേക്ഷണീയമാണു്. ഈ നിലവിളിയാകട്ടെ, വ്യക്തിപരമായി നാം ആവർത്തിച്ചു ചെയ്യുന്നതുകൂടാതെ, ലോകരക്ഷകന്റെ പ്രതിപുരുഷനായ മാർപ്പാപ്പായുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതു്, ഉപരി സാഫല്യജനകമായിരിക്കുമെന്നുള്ളതു തർക്കമററസംഗതിയാണല്ലോ. ബഹുമുഖവും കുടിലതന്ത്രപരവുമായ ആധുനികനശീകരണപ്രസ്ഥാനങ്ങളുടെ പാഞ്ഞൊഴുക്കിനെ പ്രതിരോധിക്കുന്നതിനും, ഫാത്തിമായിൽവച്ചു് നമ്മുടെ പരിശുദ്ധ അമ്മ വാഗ്ദാനംചെയ്തിരിക്കുന്ന ശാന്തിയുടേയും സമാധാനത്തിന്റേയും യുഗത്തെ ത്വരിപ്പിക്കുന്നതിനും, മുമ്പു് ഈശോയ്ക്കും മറിയത്തിനും നടത്തിയ പ്രതിഷ്ഠയെ നവീകരിക്കുന്നതു് അത്യന്തം ഗുണപ്രദമായി ഭവിക്കുമെന്നുള്ള ബോധ്യം ഇതിനകം കത്തോലിക്കാലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രബലപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്.

തന്നെയുമല്ല, പരിശുദ്ധ പിതാവിന്റെ അടുക്കൽ അഭ്യർത്ഥിച്ചു്, ഈ രണ്ടു പ്രതിഷ്ഠകളുടേയും നവീകരണം, സമാരബ്ധമായ ജൂബിലിവർഷത്തിൽ തന്നെ സാധിക്കണമെന്നുള്ള ഉന്നംവച്ചുകൊണ്ടു്, അഭ്യർത്ഥനകൾ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്നു.

പൊതുവായ ഇങ്ങനെയുള്ള സംരംഭങ്ങളിൽ, ജപാപ്പസ്തോലസഖ്യം മുൻകൈയെടുത്തു പ്രവർത്തിക്കുക ഒരു പതിവായിത്തീർന്നിട്ടുണ്ടു്. പരിശുദ്ധ പിതാവു് ജപാപ്പസ്തോലസഖ്യത്തിന്റെ അഭ്യർത്ഥനകളിൽ കൂടുതൽ ഔൽസുക്യം പ്രദർശിപ്പിക്കാറുമുണ്ടു്. ഇക്കാരണത്താലാണു്, സഖ്യത്തിന്റെ ഡയറക്ടർ ജനറൽ, സഖ്യത്തിന്റെ നാമത്തിൽ, മാർപ്പാപ്പാ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുന്നതിനു് ഒരഭ്യർത്ഥന തയ്യാറാക്കിവരുന്നതു്. എറണാകുളം അതിരൂപതയിലെ ജപാപ്പസ്തോലസഖ്യത്തിന്റേയും സഖ്യാംഗങ്ങളുടേയും നാമത്തിൽ, ഇതിലേക്കുള്ള അഭ്യർത്ഥന സമർപ്പിപ്പാൻ പോകുന്ന വിവരം സസ്നേഹം അറിയിച്ചുകൊള്ളുന്നു.

ഈശോയുടെ തിരുഹൃദയത്തിനു ലോകത്തെ പ്രതിഷ്ഠിച്ചതിന്റെ സുവർണ്ണജൂബിലിയാഘോഷം സംബന്ധിച്ചു് എല്ലാവരും ജാഗ്രതാപൂർവ്വം പ്രവർത്തിച്ചുവെന്നു റിപ്പോർട്ടുകളിൽനിന്നു് അറിയാൻ ഇടയായതിൽ അനല്പമായ സന്തോഷമാണുള്ളതു്. മാർപ്പാപ്പാ തിരുമനസ്സിലെ സന്നിധിയിലുള്ള ഇപ്പോഴത്തെ അപേക്ഷയെ മുൻനിറുത്തിയും, ശാഖകളും സഖ്യാംഗങ്ങളും ഉപരിതീക്ഷ്ണതയോടുകൂടി പ്രാർത്ഥിക്കുകയും ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുകയും ചെയ്യണമെന്നു് എല്ലാവരേയും സാദരം അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

സഖ്യഡിറക്ടർ
ഫാ. ജോർജ്ജ് മണ്ണാറ


ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്കു് കറൻറു് | 1½% | 6 മാസം കാലാവധി | | 4% |
| സേവിംഗ്സ് | 3% | 12 | " | 4½% |
| ഷോർട്ടു് നോട്ടീസ് | 3% | 24 | " | 5% |
| | | 36 | " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

## സോവിയററ് ഭരണഘടനയിലേക്ക്

# ഒരു എത്തിനോട്ടം

(വി. സി. ജോർജ്ജ് ബി. എ. എൽ. ടി.)

അധുനിക റഷ്യയിലെ ഭരണഘടന അനുകരണയോഗ്യമാണെന്നും പൌരസ്വാതന്ത്ര്യത്തിന്റെയും വ്യക്തിമാഹാത്മ്യത്തിന്റെയും ആദർശങ്ങൾ പുരസ്കരിച്ചാണു് അതിന്റെ നിർമ്മിതിയെന്നും, മററു രാജ്യങ്ങളിലും താദൃശങ്ങളായ ഭരണഘടനകൾ പ്രതിഷ്ഠിച്ചാൽ സാമൂഹ്യവ്യവസ്ഥിതി സംബന്ധിച്ച വാദപ്രതിവാദങ്ങളും സാമ്പത്തികമായ അസമത്വങ്ങളും അന്തർദ്ധാനംചെയ്യുമെന്നും ആത്മാർത്ഥമായി വിശ്വസിക്കുന്ന



ആളുകൾ ഈ കേരളത്തിൽതന്നെ ഉണ്ടാവാം. റഷ്യയിലെ കാര്യങ്ങൾ എല്ലാം ശരിക്കു നടക്കുന്നുവെന്നു ആരോ ഒരാൾ ഏതോ പത്രത്തിൽ വായിച്ചു്, കാപ്പിക്കടയിൽവെച്ചു് വാർത്താവിതരണംചെയ്തതിന്റെ ഫലമായും, മററു വഴിക്കും കൂടിയാണു് ഈ റഷ്യൻആദർശപ്രേമം ഒരു നാട്ടോടിച്ചരക്കായിതീർന്നിട്ടുള്ളതു്. റഷ്യൻഭരണഘടനയിൽപെട്ടുകുടുങ്ങിയിട്ടുള്ള അനേക കോടി ജനങ്ങൾക്കു്, അവരുടെ അനുഭവങ്ങളെവെളിക്കറിയിക്കുവാൻ മാർഗ്ഗം നിഷിദ്ധമായിരിക്കുന്ന സ്ഥിതിക്കു്, കമ്മ്യൂണിസ്റ്റ് പ്രചാരകന്മാരുടെ വാർത്തകളെ നിഷേധിക്കുവാനോ എതിർവാദിക്കുവാനോ ആവശ്യത്തിനു മാത്രം ആളില്ലാത്തതിൽ അത്ഭുതത്തിനു വകയില്ല.

ബഹുജനങ്ങളിൽ ഒരു വലിയഭാഗം ഭൂമിയില്ലാത്തവരും ശരിയായി തൊഴിലില്ലാത്തവരും സുഖകരമായ ആഹാരത്തിനു വകയില്ലാത്തവരുമാണല്ലോ. ഈ കൂട്ടരുടെ വികാരങ്ങളെ ഉത്തേജിപ്പിച്ചു്, വിപ്ലവബുദ്ധി പരിപോഷിപ്പിച്ചു്, ഭൂസ്വത്തുടമസ്ഥന്മാർക്കും മുതലാളികൾക്കും എതിരായി അവരെ ഇളക്കിവിടണമെന്നുള്ളതാണു് റഷ്യൻഭരണഘടനാനിർമ്മാതാക്കളുടെ ഉദ്ദേശ്യമെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. റഷ്യയും അതിനോടു് ആശയസാമ്യമുള്ള രാജ്യങ്ങളും ഒരു കാലത്തു കിടപ്പാനും ഉടുപ്പാനും ഉണ്ണാനും വകയില്ലാതെ "ഇരപ്പാളി"കളായി പരിഗണിക്കപ്പെട്ടുപോന്നവരുടെ വകയാണെന്നു സ്ഥാപിച്ചിട്ടു്, അടുത്ത വഴിയായി ഈ കൂട്ടരെ ലോകം മുഴുവനും തങ്ങളുടേതാണെന്നു വിശ്വസിപ്പിച്ചു്, സമരോദ്യുക്തരാക്കാൻ സ്റ്റാലിനും കൂട്ടരും ഉത്സാഹിക്കുന്നുവെന്നേ, സോവിയററ് റഷ്യയിലെ ഭരണഘടനയുമായി പരിമിതമായ പരിചയം ലഭിക്കുന്ന നിഷ്പക്ഷബുദ്ധികൾക്കു് വിശ്വസിക്കാൻ സാധിക്കുകയുള്ളു. റഷ്യൻ ഭരണഘടന, ഭാവിപ്രവർത്തനത്തിനുള്ള നിയമങ്ങളോ സിദ്ധാന്തങ്ങളോ ആയിരിക്കുന്നതിലധികം ഭൂതകാലത്തെ കർമ്മങ്ങളുടെ ക്രോഡീകരണമെന്ന നിലയിലാണു് വിരോചിതമായിരിക്കുന്നതു്. തങ്ങൾ നിർവഹിച്ച കാര്യങ്ങളെല്ലാം "ബലെ, ഭേഷ്" പറഞ്ഞു് മററുള്ളവർ പ്രശംസിച്ചു് അനുകരിക്കട്ടെ എന്നുള്ള നിർമ്മാതാക്കളുടെ മനസ്ഥിതിയാണു് ഭരണഘടനാരചനയിൽ പ്രകടിതമായിട്ടുള്ളതു്. പരമാർത്ഥം പറഞ്ഞാൽ, സമത്വചിന്തയല്ല പരാഭിപ്രായദൂഷണബുദ്ധിയാണു് ഭരണഘടനാനിർമ്മാതാക്കളെ പ്രേരിപ്പിച്ചിട്ടുള്ളതു്.

ഒന്നാംവകുപ്പു് ഇങ്ങനെയാണു്: "സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ ഈ സംയോഗം തൊഴിലാളികളുടെ കൃഷിവലരുടെയും ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാകുന്നു."

മൂന്നാം വകുപ്പു് ഇങ്ങനെയാണു്: "യു. എസ്. എസ്. ആർ-ൽ എല്ലാ അധികാരവും, തൊഴിലാളിപ്രതിനിധികളുടെ സംഘടനയാൽ പ്രതിനിധീകരിക്കപ്പെടുന്ന പട്ടണത്തിലെയും നാട്ടിൻപുറത്തെയും തൊഴിലാളികൾക്കുള്ളതാകുന്നു."

ഈ രണ്ടു വകുപ്പുകളുമായി പരിചയപ്പെടുന്ന ഏതുതൊഴിലാളിയാണു്, കൃഷിവലനാണു്, സോവിയററ് റഷ്യയിലെ സ്ഥിതിഗതികൾ താന്താങ്ങളുടെ രാജ്യാതിർത്തികളിൽ പ്രതിഷ്ഠിച്ചുകാണുവാൻ ആഗ്രഹിക്കാത്തതു്? തങ്ങളുടെ രാജ്യങ്ങളിൽ അധികാരം ഭരിക്കുന്നതു തൊഴിലാളികളല്ല, കൃഷിവലന്മാരല്ല, സർവ്വകലാശാലാബിരുദധാരികളും നിയമവിദഗ്ദ്ധന്മാരും, കലാശാസ്ത്രങ്ങളിൽ ഉപരിജ്ഞാനം സമ്പാദിച്ചവരുമാണു്. അവർ വിദ്യാദാനപ്രസ്ഥാനത്തിൽ കൈകാര്യകർത്തൃത്വം വഹിക്കുന്നു, നികുതി പിരിച്ചു് ആവശ്യംപോലെ ചെലവഴിക്കുന്നു, കോടതികളിൽ ആദ്ധ്യക്ഷ്യം വഹിച്ചു ശിക്ഷാരക്ഷകൾ നൽകി പൊതുജനങ്ങളുടെമേൽ ഏതാണ്ടൊരീശത്വം വഹിക്കുന്നു. അവരിൽ പലർക്കും മണിമേടകളും വമ്പിച്ച രീതിയിലുള്ള തോട്ടങ്ങളും മോട്ടോർവാഹനങ്ങളും വൈദ്യുതപങ്കകളുമുണ്ടു്. കൃഷിവലനും തൊഴിലാളിക്കും, പട്ടിണിയും നഗ്നതയും, അനാരോഗ്യവും അസമാധാനതയും അവശേഷിക്കുന്നു. റഷ്യയിലെ സ്ഥിതിഗതികൾ ഇവിടെ വ്യാപിച്ചാൽ തങ്ങളുടെ പട്ടിണി നീങ്ങും, ദാസ്യഭാവം ഒഴിയും, സുഖസൗകര്യങ്ങൾ വർദ്ധിക്കും, ആരോഗ്യാവസ്ഥ അഭിവൃദ്ധിപ്പെടും എന്നിങ്ങനെ റഷ്യക്കു് പുറമെയുള്ള രാജ്യങ്ങളിലെ തൊഴിലാളികളും കൃഷിവലന്മാരും യുക്തിവാദം ചെയ്തുകൊണ്ടു് "ഇങ്ക്വിലാബ് സിന്ദാബാദ്" "സ്റ്റാലിൻ സിന്ദാബാദ്" എന്നിങ്ങനെ അവസരം കിട്ടുമ്പോഴൊക്കെ ചെങ്കൊടി പറപ്പിച്ചും, മുഷ്ടി ചുരുട്ടിയും, ചുററികയും അരിവാളും പ്രകടിപ്പിച്ചും ജയഘോഷങ്ങൾ മുഴക്കുന്നതു് സ്വാഭാവികമാണെന്നു് റഷ്യൻ ഭരണഘടനയിലെ മേലുദ്ധരിച്ച വകുപ്പുകളുടെ വെളിച്ചത്തിൽ ആർക്കാണു് തോന്നാത്തതു്? "മതം ജനസാമാന്യത്തെ ലഹരിപിടിപ്പിക്കുന്ന അഹിഫേനം അഥവാ കറുപ്പാകുന്നു" എന്നു കാറൽ മാർക്സ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. റഷ്യൻ ഭരണഘടനയിലെ തൊഴിലാളിപ്രേമം നടിക്കുന്ന വകുപ്പുകൾ എത്രലക്ഷം തൊഴിലാളികളെ ലഹരിപിടിപ്പിച്ചു ഭ്രാന്തന്മാരാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിനു യാതൊരു കണക്കുമില്ല.

സോവിയററ് റഷ്യയിൽ കാട്ടിക്കൂട്ടിയ ഗോഷ്ഠികളെല്ലാം മറെറവിടെയും തൊഴിലാളികൾക്കു രംഗപ്രവേശം ചെയ്യുവാൻ അവകാശവും സ്വാതന്ത്ര്യവും നൽകുന്ന ഒരു അധികാരപത്രമായിട്ടാണു് റഷ്യൻ ഭരണഘടനയിലെ പ്രസ്തുത വകുപ്പുകൾ പരിഗണിക്കപ്പെടുന്നതു്. എന്തെല്ലാം അവിടെ ചെയ്യുമെന്നുള്ളതിലേക്കു ഒരു വിശദീകരണംപോലെ തോന്നുന്ന നാലാമത്തെ വകുപ്പു്. അതിപ്രകാരമാണു്: "മുതലാളിപ്രധാനമായ സാമ്പത്തികസംവിധാനവും ഉല്പാദനോപകരണങ്ങളുടെയും മാർഗ്ഗങ്ങളുടെയും സ്വകാര്യ ഉടമസ്ഥതയും, മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിനുള്ള സൗകര്യവും പാടെ നശിപ്പിച്ചിട്ടുള്ളതുമൂലം, സുസ്ഥിരമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സാമ്പത്തികസംവിധാനത്തിന്റെ സോഷ്യലിസ്റ്റ് സമ്പ്രദായവും, ഉല്പാദനോപകരണങ്ങളുടെയും മാർഗ്ഗങ്ങളുടെയും സോഷ്യലിസ്റ്റ് ഉടമസ്ഥതയും, യു. എസ്. എസ്. ആർ. ലെ സാമ്പത്തികമായ അടിസ്ഥാനമാകുന്നു." സോവിയററ് റഷ്യയിൽ സാർവ്വത്രികമായ സുഭിക്ഷതയും ഐശ്വര്യവുമാണു് തൊഴിലാളികൾക്കു കൈവന്നിട്ടുള്ളതെന്നു കേട്ടു വ്യാമോഹിതരായി മതിമറന്നു്, തങ്ങളുടെ ചുററുമുള്ള വ്യക്തികളുടെ സ്വകാര്യസ്വത്തുക്കളെയും, അവയുടെ ഉപഭോക്താക്കളെത്തന്നെയും അസൂയാകലുഷിതമായ കണ്ണുകളോടുകൂടി വീക്ഷിച്ചുവരുന്ന നിസ്വരായ കൃഷിവലർക്കും തൊഴിലാളികൾക്കും സോവിയററ് റഷ്യൻ ഭരണഘടനയിലെ ഈ വകുപ്പും എപ്രകാരമുള്ള ചിത്തവൃത്തിക്കാണു് പ്രചോദനംനൽകുന്നതെന്നു ആരായേണ്ടതാണു്. അവർ സ്വകാര്യസ്വത്തുടമസ്ഥന്മാരെ കയ്യേററംചെയ്യുന്നതിനും, ഉല്പാദനോപകരണങ്ങളെ തങ്ങളുടെ സംഘടനകളുടെ സ്വത്തുക്കളായി കൈമാററം ചെയ്യുന്നതിനും പരോക്ഷമായ ഒരാദേശം അവരെ ഉദ്ദേശിച്ചു ഈ വകുപ്പിൽ ഒളിഞ്ഞുകിടക്കുന്നുണ്ടെന്നു തോന്നിപ്പോകും. ഇന്നവിധത്തിൽ പ്രവർത്തിക്കണമെന്നു ഭരണഘടന നിർദ്ദേശിക്കുന്നില്ല. ഒരു കോഴി കൂകുന്നതിനെ തുടർന്നു മററു പൂവൻ കോഴികളും ക്രമാനുഗതം "കൊക്കരക്കോ"വെക്കുന്ന സമ്പ്രദായത്തിൽ റഷ്യയിൽ പ്രവർത്തിച്ചവിധം മററു രാജ്യങ്ങളിലും പ്രവർത്തിക്കാനായി റഷ്യക്കാർ ഇന്നിന്നവിധത്തിലാണു് ചെയ്തതെന്ന വെറും ചരിത്രകഥനമാണു് ഭരണഘടനാവ്യവസ്ഥകളിൽ സാധിച്ചിട്ടുള്ളതു്.

റഷ്യൻ ഭരണഘടനാവ്യവസ്ഥകൾ അന്യരാജ്യങ്ങളിൽ പ്രസിദ്ധം ചെയ്യുന്നതിലധികമായിട്ടാണു് അവയുടെ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും പ്രസിദ്ധീകരിക്കപ്പെടുക. ഇവ്വമൂലമാണു് റഷ്യയിലെ വിനാശകപദ്ധതിയും വിധ്വംസകപ്രസ്ഥാനവും ഇതരരാജ്യവാസികൾക്കു സുഗ്രാഹ്യമായിത്തീരുന്നതു്. ഇങ്ങനെയുള്ള പല ഗ്രന്ഥങ്ങളും റഷ്യൻ തൊഴിലാളിസംഘടനകളുടെ ആഭിമുഖ്യത്തിൽ പ്രചരിപ്പിക്കുന്നുണ്ടു്. അവയിൽ ഒന്നു, "സോഷ്യലിസ്റ്റ് സ്റ്റേയിററിന്റെ ഭരണഘടന" എന്ന അഭിധാനത്തിൽ എ. സ്റ്റെററസ്കി (Stetsky) എന്നാദേഹം എഴുതി "യു എസ്. എസ്. ആർ." വിദേശ തൊഴിലാളി സഹകരണപ്രസിദ്ധീകരണസംഘം മുദ്രണംചെയ്തു പ്രചരിപ്പിച്ചിട്ടുള്ളതു്, സോവിയററ് ഭരണഘടന പ്രായേണ ആദർശ സംഗതികളെയല്ല ആയിട്ടുള്ള കാര്യങ്ങളെയാണു് പ്രതിവാദിച്ചിട്ടുള്ളതെന്നു സ്ഥാപിക്കുന്നു. ഈ അഭിപ്രായം ഒന്നു ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. സാക്ഷാൽ സംഭവിച്ചിട്ടുള്ള സംഗതികളല്ല, സംഭവിച്ചു എന്നു ലോകത്തെ വിശ്വസിപ്പിക്കാൻ സ്റ്റാലിനും കൂട്ടരും ഉദ്ദേശിച്ചിട്ടുള്ള സംഗതികളാണു് ഭരണഘടനയിൽ ഭൂരിഭാഗത്തും കീർത്തിച്ചിരിക്കുന്നതു്. ഭരണഘടനയിലെ പ്രസ്താവങ്ങളും സോവിയററ് റഷ്യയിൽ അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങളും തമ്മിൽ അജഗജാന്തരമുണ്ടു്. ഭരണഘടനയെന്ന ഏട്ടിലെ സംഗതികളും റഷ്യൻ ജനതതിയുടെ അനുദിന ചര്യയായ പയററിലെ അനുഭവങ്ങളും തമ്മിൽ തീരെ പൊരുത്തമില്ല. ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുള്ള ചെയ്തികൾ മുതലാളിത്തത്തിന്റെയും ഫാസിസ്റ്റ് സേച്ഛാപ്രഭുത്വത്തിന്റെയും ശിക്ഷാവിധിയാണെന്നു സ്റ്റെററ്സ്കി പറയുന്നതിനെ കാര്യകാരണബന്ധം നോക്കാതെ വിഴുങ്ങുന്നവർ ധാരാളമുണ്ടാകും. "സോവിയററ് റഷ്യയിൽ അടിമത്തവും മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന സമ്പ്രദായവുമില്ല", "ജനകീയമായ ശത്രുത്വമില്ല, ധനവാനില്ല, ദരിദ്രനില്ല, പരോപജീവിയുമില്ല" എന്നു് വീണ്ടും സ്റ്റെററ്സ്കി പറയുന്നു. സംയുക്ത സോവിയററ് രാജ്യങ്ങളിൽ "എല്ലാ പൌരന്മാരും, നഗരത്തിലേയും നാട്ടിൻപുറത്തേയും വേല ചെയ്യുന്ന ആളുകളെല്ലാം, പൊതുനന്മക്കായി, എല്ലാവരുടേയും സുസ്ഥിതിക്കായി, അദ്ധ്വാനിക്കുന്നു, ഒരേതരം പദവി അനുഭവിക്കുന്നു, തങ്ങളുടെ രാജ്യത്തിന്റെ ഭരണനിർവഹണത്തിൽ ഭാഗഭാക്കുകളാകയും ചെയ്യുന്നു." എന്നിങ്ങനെയാണു് പ്രസ്തുത ഗ്രന്ഥകാരൻ തുടർന്നു പ്രസ്താവിക്കുന്നതു്. സോവിയററ് റഷ്യയിലെ പൌരന്മാരുടെ ഇടയിലുള്ള ഉച്ചനീചത്വചിന്തയെപ്പററി പല കഥകളും നാം കേട്ടിട്ടുള്ളതാണു്: "കമ്മ്യൂണിസ്റ്റ്പാർട്ടി അംഗങ്ങളും ഉയർന്നനിലയിലുള്ള സാങ്കേതികവിദഗ്ദ്ധന്മാരും, സാധാരണ തൊഴിലാളികളെക്കാൾ വളരെ മെച്ചമായരീതിയിൽ പരിഗണിക്കപ്പെടുന്നതുകൊണ്ടു് റഷ്യക്കാർ ഒരു പുതിയജാതി പ്രഭുവർഗ്ഗത്തെ സൃഷ്ടിച്ചിട്ടുണ്ടെന്നു പറയാം. ഭോജനശാലകളിൽ ഭക്ഷ്യപാനീയങ്ങൾക്കായി കൊടുക്കേണ്ട റേഷൻടിക്കററുകൾ, ടിക്കററുടമസ്ഥന്റെ ജോലിയുടെ രീതിയും കമ്മ്യൂണിസ്റ്റ്പാർട്ടിയിലുള്ള നിലയും ആധാരമാക്കി അഞ്ചുതരത്തിലുണ്ടാക്കപ്പെട്ടിരിക്കുന്നു. വർഗ്ഗീയചിന്ത സ്സാർ (Tsar) ന്മാരുടെ ഭരണകാലത്തുണ്ടായിരുന്ന വിധത്തിൽതന്നെ കർക്കശമാണു്. ഗവൺമെൻറു നിയന്ത്രണത്തിലുള്ള സ്റ്റോറുകളിലും കരിഞ്ചന്തവ്യവസായം നിർല്ലജ്ജമായി നടക്കുന്നു. ആവശ്യത്തിനുള്ളവകകൾ സാധാരണ തൊഴിലാളികൾക്കു ലഭിക്കുകയില്ല. പക്ഷെ ഉയർന്ന സ്ഥാനങ്ങളിലുള്ളവർക്കിഷ്ടമുള്ളതെല്ലാം കിട്ടുന്നു!" ഈ അഭിപ്രായം സോവിയററ് റഷ്യയിൽ ആസ്ട്രേലിയൻ പ്രതിനിധിയായി ഉദ്യോഗംവഹിച്ച മിസ്റ്റർ ജോസഫ് മലോനി സ്വന്തരാജ്യത്തു മടങ്ങിവന്നശേഷം ചെയ്ത ഒരു പ്രസംഗത്തിൽ നിന്നു സംഗ്രഹിച്ചതാണു്. സമത്വസുന്ദരമായ സോവിയററ് റഷ്യയെപ്പററി ദൃക്സാക്ഷികളുടെയും അനുഭവസ്ഥരുടെയും ഇത്തരങ്ങളായ സാക്ഷ്യങ്ങൾ എത്രയെങ്കിലും ഉദ്ധരിക്കാനുണ്ടല്ലോ.

## ചെറുത്തുനില്ക്കും

ചെക്കോസ്ലാവാക്യയിലെ കമ്മ്യൂണിസ്റ്റ് ഗവൺമെൻറിന്റെ മതമർദ്ദനത്തെ ചെറുത്തുനില്ക്കുവാൻ അവിടത്തെ കത്തോലിക്കാസഭാധികാരികൾ സന്നദ്ധരായിരിക്കുന്നു. 6000-ത്തിൽപ്പരം വൈദികർ സഭയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കാരാഗൃഹവാസവും മർദ്ദനങ്ങളും സഹിക്കുവാൻ ഒരുക്കമാണെന്നു വിശദമാക്കിയിരിക്കുന്നു. 80 ലക്ഷം കത്തോലിക്കർ തങ്ങളുടെ വൈദികർക്കു ആവശ്യമായ സകല പിൻതുണയും നൽകുന്നതിനുള്ള സന്നദ്ധതയെയും പ്രകാശിപ്പിച്ചിട്ടുണ്ടു്.

## കാത്തലിക്ക് യൂണിയൻ ഓഫ് ഇൻഡ്യാ

കാത്തലിക് യൂണിയൻ ഓഫ് ഇൻഡ്യായുടെ മാനേജിംഗ് കമ്മിററിയോഗം ബോംബെ സെൻറ് സേവിയേഴ്സ് ഹൈസ്കൂളിൽവച്ചു് സെപ്തംബർ 17,18 തിയതികളിൽ നടത്തപ്പെടുന്നതാണു്. കത്തോലിക്കരേയും പ്രോട്ടസ്റ്റൻറുകാരെയും പൊതുവിൽ ബാധിക്കുന്ന സംഗതികളെപ്പററി ചർച്ചചെയ്യുവാൻ ഒരു യോഗം വിളിച്ചുകൂട്ടുന്ന കാര്യം തദവസരത്തിൽ പര്യാലോചിക്കുന്നതായിരിക്കും.

## അന്തർദ്ദേശീയ മത്സരം

തിരുസ്സഭയുടെ പൊതുമദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിന്റെ ഒരു ചിത്രം വരയ്ക്കുന്നതിനു് ഒരു അന്തർദ്ദേശീയ മത്സരം നടത്തുന്നതിനു വിശുദ്ധവത്സരം സംബന്ധിച്ചുള്ള കലാപ്രദർശനസമിതി തീരുമാനിച്ചിരിക്കുന്നു.

## ഗ്രീഷ്മകാല വസതിയിൽ

പരിശുദ്ധപിതാവു് കഴിഞ്ഞ മാസാവസാനത്തിൽ വിശ്രമാർത്ഥം കാസ്റ്റൽ ഗണ്ടോൾഫോയിലെ ഗ്രീഷ്മകാലവസതിയിലേക്കു് എഴുന്നള്ളി. തിരുമനസ്സുകൊണ്ടു് നവംബർ മദ്ധ്യത്തിൽ റോമിലേക്കു മടങ്ങിവരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

# സ്നേഹിതന്മാരെ സമ്പാദിക്കാൻ ചില സൂത്രങ്ങൾ

(ഫാദർ ലേത്തുസ് സി. ഡി.)

സ്നേഹിതൻ! തേൻതുള്ളിയാണ് ആ പദം ആക്കം. മനുഷ്യഹൃദയത്തെ മധുരസംഗരത്തിലാറാടിക്കുന്നു സ്നേഹിതൻ. വെറുതെയല്ല എമേഴ്സൻ "പ്രകൃതിയുടെ പാരമ്യകൃതിയാണ് സ്നേഹിതൻ" എന്നു പറഞ്ഞിട്ടുള്ളതു്; "ജീവിതത്തിനൌഷധമാണ് സ്നേഹിതൻ" എന്നു സോളമൻ സമർത്ഥിച്ചിട്ടുള്ളതു്. സകലർക്കുമുണ്ടു മോഹം, സ്നേഹിതന്മാരെ സമ്പാദിക്കുവാൻ. സമാർജ്ജനങ്ങളിൽ ഏററം അഭികാമ്യമായ സമ്പാദ്യം ഒരുത്തമസ്നേഹിതനാണ് എന്നു പറയുന്നതിനു ശങ്കിക്കണമോ? മനം കുളപ്പിക്കുന്ന, ഹൃദയം ദ്രവിപ്പിക്കുന്ന, ഒന്നാണ് യോഗ്യന്മാരായ സ്നേഹിതന്മാർ തങ്ങൾക്കുണ്ടു് എന്ന ചിന്തതന്നെ. ഒരു മന്ത്രിയു



മായി സ്വല്പം മൈത്രീബന്ധം സ്ഥാപിച്ചതിൽ ആനന്ദാശ്രു പൊഴിക്കാറുള്ള, അഭിമാനപുളകമണിയാറുള്ള, ഒരു സ്നേഹിതനെ എനിക്കറിയാം. തങ്ങളെക്കാൾ ഔന്നത്യവും അന്തസ്സുമുള്ളവരുടെ സ്നേഹം സമ്പാദിക്കാൻ, തങ്ങളെ പ്രീണിപ്പിക്കാവുന്നവരുടെ സഖിത്വമാർക്കൊള്ളുവാൻ സാധുവായ മനുഷ്യൻ ചെയ്യുന്ന ഭഗീരഥയത്നങ്ങളും പണിത്തരങ്ങളും ഹന്ത!! കാണേണ്ടതുതന്നെ.

മധുമധുരമായ സ്നേഹാമൃതം കാരസ്കരോപമം കയ്ച്ചുപോകുന്ന ഉദാഹരണങ്ങൾ ലോകരംഗത്തു ധാരാളമാണെന്നു നിരീക്ഷകന്മാർ സമ്മതിക്കും. അനുഭവസ്ഥന്മാർ സാക്ഷ്യം നല്കും. ആത്മമിത്രങ്ങളുടെ അജയ്യമായ പരസ്പരവിശ്വാസം പെട്ടെന്നു തകർന്നുപോകുന്നു. അടിയുറച്ചു അവരുടെ പരസ്പരബഹുമാനത്തിന്റെ ഉയർന്ന ശൃംഗങ്ങൾ പെട്ടന്നനെ നിലംപതിക്കുന്നു. അത്യഗാധമായിരുന്ന അവരുടെ സ്നേഹസിന്ധു അതിവേഗം വരണ്ടുപോകുന്നു! ഇന്നത്തെ ഉററമിത്രങ്ങൾ നാളെ ബദ്ധശത്രുക്കളായിത്രുപമെടുത്തതിനു് ഉദാഹരണങ്ങൾ ചരിത്രത്തിൽനിന്നു എത്രനാൾ വാരിയാലും തീർന്നുപോകുമോ? "സുഖത്തിലുണ്ടാം സഖിമാരനേകം, ദുഃഖംവരുമ്പോൾ പുനരാരുമില്ല" എന്ന കവിവാക്യമുരുവിട്ടു് നെടുനിശ്വാസം വിടുന്ന കേമന്മാരും കേശിനികളും ഈ കുറിപ്പു വായിക്കുന്നവരിൽത്തന്നെ പക്ഷേ പലരും കാണും. "മിത്രങ്ങൾ ഓരോന്നു അങ്ങനെ കടന്നുപോകുന്നു; മിത്രനഷ്ടമൊന്നും സഹിച്ചിട്ടില്ലാത്തവരാരാണു ലോകത്തുള്ളതു്" എന്നു മഹാകവിയോടുകൂടി ചോദ്യം ചെയ്തു സമാശ്വസിക്കുവാൻ ശ്രമിക്കുന്ന വിജ്ഞന്മാരും വിരളമല്ല. ആംഗ്ലേയസാഹിത്യകാരനായ ഗോൾഡ്സ്മിത്തു് ഇതൊക്കെ കണ്ടുകൊണ്ടു തത്വോപദേശം ചെയ്തു, "മൈത്രി,! കഥയററ ഒരു നാമം മാത്രമല്ലേ അതു്? നിദ്രയിൽ ലയിപ്പിക്കുന്ന ഒരു താരാട്ടു മാത്രമല്ലേ അതു്? വിത്തത്തെയോ വിഖ്യാതിയെയോ അനുധാവനം ചെയ്യുന്ന ഒരു നിഴൽ മാത്രമല്ലയോ മൈത്രി? ദുർഗ്ഗതരെ കണ്ണീർ കുടിപ്പിക്കുന്ന ഒന്നുമല്ലേ മൈത്രീബന്ധം?" എന്നു്. വിജ്ഞരും തത്വജ്ഞരും എല്ലാം ഇങ്ങനെ ചില പ്രശ്നക്കവടികൾ നിരത്തി മൈത്രിയെ ഒരു അദ്ധ്യാത്മവിദ്യാലയമാക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. "സ്നേഹോനർത്ഥസ്യകാരണം" എന്നു ഗീർവ്വാണകവികൾ പാടുന്നുമുണ്ടു്. പക്ഷേ, മൈത്രീബന്ധമെല്ലാം നിഷിദ്ധമാണെന്നോ സ്നേഹിതന്മാരെല്ലാം ജീവിതവഞ്ചിയുടെ തലതെററിക്കുന്ന അമരക്കാരാണെന്നോ നമുക്കു ഒരിക്കലും ഉദീരണം ചെയ്യാവുന്നതല്ല.

മൈത്രീബന്ധം നഷ്ടമായതിൽ നരകിച്ചുകേഴുന്ന സഹൃദയരുണ്ടാകാം. സ്നേഹിതന്മാരുടെ നന്ദിഹീനതയാകുന്ന വരണ്ടമരുഭൂമിയിലെത്തി എരിപൊരികൊണ്ടു വലയുന്ന സാധുക്കളുണ്ടാവാം. മൈത്രിയാകുന്ന മൂടുപടത്തിലൊളിച്ചിരുന്നിരുന്ന വഞ്ചതികളാകുന്ന വ്യാഘ്രങ്ങളെ തിരിച്ചറിഞ്ഞു തുറിച്ചുനോക്കി ഹൃദയം നീറുന്ന സീമന്തിനികളുണ്ടാവാം. സുന്ദരമായ മൈത്രിയുടെ പട്ടുനൂൽക്കെട്ടു വലിച്ചുപൊട്ടിച്ചു ദൂരത്തെറിയുന്ന കുബുദ്ധികളുണ്ടാവാം. സ്നേഹിതന്മാരെ സമ്പാദിക്കുവാൻ ആത്മാർത്ഥമായി അഭിലഷിക്കുന്ന സുഹൃത്തരും ഉണ്ടാവാം. മൈത്രിയാകുന്ന മധുരപ്പഴത്തിൽ കയ്പു കയറിയതെങ്ങനെയെന്നു ചില കൊഴുത്ത വിസ്മയത്തിന്റെ നെടിയ നെടുവീർപ്പുകൾ വിഷാദത്തോടെ അന്തരീക്ഷത്തിലേക്കു പാഞ്ഞുകയറുന്നതും അസാധാരണമല്ല. പക്ഷേ, ഇവിടെയെങ്ങും മൈത്രിയുടെ വൈശിഷ്ട്യം നഷ്ടമാകുന്നില്ല; നൈർമ്മല്യം നിർഗ്ഗതിയടയുന്നുമില്ല.

ഹൃദയത്തിന്റെ ജീവനാണ് സ്നേഹം. സ്നേഹത്തിന്റെ മാററുരച്ചു കാണിക്കുന്ന നികഷം ത്യാഗവും. ത്യാഗമില്ലാത്തിടത്തു ശാശ്വതമായ സ്നേഹബന്ധങ്ങൾക്കു സ്ഥാനമുണ്ടാകയില്ല. മൈത്രിയുടെ വൈചിത്ര്യത്തിനു വാട്ടംവരുത്താതെ അനുസ്യൂതം, അന്യൂനമതു പുലത്തുവാനെക്കാൾ പറയുന്ന വിധത്തിലാണ് എന്നു നന്നായി സ്മരിച്ചുകൊൾക.

(2) സ്വന്തം സാമർത്ഥ്യം, ധീരകൃത്യങ്ങൾ, കുലമാഹാത്മ്യം, പാണ്ഡിത്യം ആദിയായവയെ മുഴപ്പിച്ചുകാണിക്കുന്ന സംഭാഷണം പരിവർജ്ജനീയമാണ്. അന്യനെ അവഹേളിച്ചുകൊണ്ടും ഒന്നും പറയരുതു്. മുറേ ബട്ട്ളർ എന്ന തത്വജ്ഞൻ പറയുന്നതു് "തൻകാര്യങ്ങൾമാത്രമേ ഒരാൾക്കു ചിന്തിക്കുവാനും പറയുവാനും ഉള്ളുവെങ്കിൽ, എത്രതന്നെ ഉന്നതവിദ്യ അഭ്യസിച്ച ആളായാലുംശരി, ആ മനുഷ്യൻ ഒരു വിദ്വാനല്ല" എന്നാണ്. ആരുടെയും വിപത്തിൽ സന്തോഷിക്കരുതു്. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുക; ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുക. ഇതായിരിക്കണം നമ്മുടെ നയം. നിഷിദ്ധമാണ് മുഖസ്തുതി പറയുന്ന സമ്പ്രദായം. എന്നാൽ ഒരു സംഗതി നാം വിസ്മരിക്കരുതു്. പ്രശംസിക്കപ്പെടുന്നതിൽ ഏതൊരുത്തനും സന്തോഷമേയുണ്ടാകുകയുള്ളു. ഒരാൾ സ്വന്തം മാഹാത്മ്യങ്ങൾ വർണ്ണിച്ചു് ആത്മപ്രശംസാഡിംഡിമം മുഴക്കുന്നെങ്കിൽ സഹിഷ്ണുതാപൂർവ്വം അതു ശ്രദ്ധിക്കുവാൻ ശീലിക്കുക. ക്രമേണ നാം അയാളുടെ സ്നേഹഭാജനം ആകുകതന്നെ ചെയ്യും.

(3) അപരന്റെ സൽപേരും ബഹുമാനവും പാലിക്കുവാൻ സദാ ശ്രദ്ധാലുവായി വർത്തിക്കുക. മുറിപ്പെടുത്തരുതു് ആരുടെയും നേരിയ വികാരംപോലും.

നാഗപ്പുഴപ്പള്ളിയിൽ
എട്ടുനോമ്പു
സെപ്റ്റംബർ 1-ാംനു
ചിങ്ങം 16-ാംനു
വ്യാഴാഴ്ച കാലത്തു് ആരംഭിക്കും
പതിവുപോലെ ആദ്യദിവസം മുതൽ ധ്യാനവും ഉണ്ടായിരിക്കുന്നതാണ്.

ൻ, സജ്ജനമൈത്രി ദൃഢതരമാക്കി പാലിക്കുവാൻ, മാർഗ്ഗങ്ങളെന്തെല്ലാമെന്നു ത്യാഗോന്മുഖനല്ലാത്ത മനുഷ്യൻ അധികം ചിന്തിക്ക പതിവില്ലായിരിക്കാം.

"സ്നേഹിച്ചു വാണീടുക സർവ്വരേയും
സ്നേഹത്തിൽ നീചത്വമുദിച്ചിടൊല്ല;
സ്നേഹാതിരേകത്തിനു പാത്രമാകും
ദേഹം പരീക്ഷാതതിയാൽ ഗ്രഹിക്ക."

എന്നു ഷെയിക്സ്പിയർ മഹാകവി ഉപദേശിച്ചിട്ടുള്ളതു് ശ്രദ്ധാർഹമാണ്. സ്നേഹസരണിയിലൂടെ സോദ്ദേശം മുമ്പോട്ടു ഗമിക്കുന്നതിനു്—മൈത്രീബന്ധത്തെ അഭംഗം പരിപോഷിപ്പിച്ചുകൊണ്ടുപോകുന്നതിനു —ചില മാർഗ്ഗങ്ങളുണ്ടെന്നും, ത്യാഗാസക്തി മൈത്രീബന്ധത്തിനു കരുത്തേകുമെന്നും, ചിന്തകന്മാർക്കു കാണാൻ കഴിയും. അങ്ങനെയുള്ള ചില മാർഗ്ഗങ്ങൾ, സ്നേഹിതന്മാരെ സമ്പാദിക്കുവാനുള്ള ചില സൂത്രങ്ങൾ, ഇവിടെ ഉദ്ധരിക്കാം:—

(1) സംഭാഷണത്തെ സൂസൂക്ഷ്മം നിയന്ത്രിക്കുക. ഇതാണു സ്നേഹിതന്മാരെ സമ്പാദിക്കുവാനാഗ്രഹിക്കുന്നവർ ഒന്നാമതു ശ്രദ്ധിക്കേണ്ടതു്. തോന്നുന്നതെല്ലാം അപ്പടി തട്ടിമൂളിക്കരുതു്. സ്നേഹിതന്മാരോടിടപെടുമ്പോൾ ത്യാഗം കൂടാതെ ഇതു സാദ്ധ്യമല്ല.

"ഉള്ളത്തിലേറുന്ന വിചാരമെല്ലാം
കൊള്ളിക്കൊലാ നീ തവ ഭാഷണത്തിൽ
കൊള്ളാത്ത ചിന്തയ്ക്കനുകൂലനായി
തുള്ളാർന്നുനീങ്ങീടരുതൊന്നുകൊണ്ടും."
(ഷെയിക്സ്പിയർ)

സംഭാഷണം ശാന്തമായിരിക്കട്ടെ. പലപ്പോഴും വൈകല്യങ്ങൾ സംഭവിക്കുന്നതു പറയുന്ന വിഷയത്തിൽ എന്നതി

മിത്രസമ്പാദനത്തിനു സൂക്ഷിക്കേണ്ട അതിപ്രധാനമായ ഒരു സംഗതിയാണിതു്. ബഹുമാനപ്രിയത്തോളം അടിയുറച്ച ഒരാസക്തി മനുഷ്യനു മററൊന്നില്ലതന്നെ. പ്രശംസിക്കപ്പെടുന്നതിനെക്കാൾ പ്രിയംകരമായി അവനു ഒന്നും അനുഭവവേദ്യമല്ല. ലോകത്തിന്റെ സൂത്രധാരത്വം വഹിക്കുന്നതു താനാണെന്നു ചിന്തിച്ചുപോകുന്നു, സാധുമാനവൻ! ശ്ലാഘാർഹമായി തനിക്കു വളരെയെല്ലാമുണ്ടെന്നാണ് അവന്റെ ഭാവം. അതിനാൽ ഒരു മനുഷ്യന്റെ മൈത്രി കരസ്ഥമാക്കുവാൻ ഏററം എളുപ്പമുള്ള കുറുക്കുവഴി ഇതാണു്. അയാളെപ്പററി ആത്മാർത്ഥമായ അഭിമതം നമുക്കുണ്ടെന്നു അയാൾക്കു വിശ്വാസമുളവാകത്തക്കവണ്ണം വർത്തിക്കുക. "ഞാൻ കണ്ടുമുട്ടുന്ന എല്ലാമനുഷ്യരും ഓരോതരത്തിൽ എന്നെക്കാൾ ശ്രേഷ്ഠന്മാരാണ്" എന്നു എമേഴ്സനോടുകൂടി പറയുവാൻ ശീലിക്കുക. അങ്ങനെ അയാളെ നാം പ്രശംസാർഹനായിപ്പരിഗണിക്കുന്നു എന്നു അയാൾ ധരിക്കട്ടെ. അയാൾ താനേ നമ്മുടെ സ്നേഹിതനായിത്തീർന്നുകൊള്ളും.

(4) മൈത്രീബന്ധം വിരചിക്കുവാൻ ഒരു പുഞ്ചിരിക്കുള്ള മാന്ത്രികശക്തി ഒന്നുവേറെതന്നെയാണ്. ഒരു ഓറ പുഞ്ചിരി അപരിചിതരെ ആത്മമിത്രങ്ങളാക്കിത്തീർത്തിട്ടുണ്ടു്. സമാധാനചിത്തരുടെ നിത്യസ്നേഹിതനാണ് മന്ദസ്മിതം. സുസ്മേരവദനനായ മനുഷ്യൻ ഒരിക്കലും മിത്രദാരിദ്ര്യം അനുഭവിക്കയില്ല. എല്ലാവർക്കും സന്തോഷം വാരിവർഷിച്ചുകൊണ്ടാണല്ലോ അവന്റെ ഗതിതന്നെ. ദാതാവിനെയും ഗ്രഹിതാവിനെയും പുഞ്ചിരി ഒന്നുപോലെ സംതൃപ്തരാക്കുന്നു. ശത്രുവിനെ മിത്രമാക്കിത്തീർക്കുവാൻ പുഞ്ചിരിക്കു ശക്തിയുണ്ടു്. സദാ പുഞ്ചിരിസഞ്ചരിക്കുന്ന വദനം മിത്രഭൃംഗങ്ങളെ ഹഠാദാകർഷിക്കുന്ന ഒരു മനോഹരകുസുമമാണ്. ചൈനാക്കാരുടെ ഇടയിൽ ഒരു പഴഞ്ചൊല്ലുണ്ടു്, "പുഞ്ചിരിക്കു കഴിവില്ലാത്ത കച്ചവടക്കാരൻ വിപണി നിറുത്തട്ടെ" എന്നു്.

(5) പരഹൃദയത്തിലേക്കു സ്വൈരമായി നമുക്കു പ്രവേശിക്കുവാനുള്ള രാജവീഥി അയാൾക്കു് ഏററം ഇഷ്ടമുള്ള കാര്യങ്ങളെപ്പററി സംസാരിച്ചുതുടങ്ങുന്നതാണ്. പ്രസിഡണ്ടു് റൂസ്വെൽററ് സന്ദർശകരെ സ്വീകരിക്കാൻ പോയിരുന്നപ്പോൾ അവരെ ഏററം പ്രസാദിപ്പിക്കുന്നതിനു പര്യാപ്തമായ വിഷയങ്ങൾ തേടിപ്പിടിച്ചിരുന്നു. റൂസ്വെൽട്ടിനെ സമീപിക്കുന്നതു ഒരു ഭരണധുരന്ധരനാകട്ടെ പശുപാലകനാകട്ടെ, ഇരുവരേയും അദ്ദേഹം ഒരുപോലെ രസിപ്പിച്ചു വിടുകയുള്ളു. ഒരു മനുഷ്യന്റെ ഹൃദയത്തെ ഏററം കുളപ്പിക്കുന്ന പദം, അവന്റെ കർണ്ണങ്ങൾക്കു എന്നും ഏററം ശ്രുതിമധുരമായപദം, അവന്റെ നാമധേയം തന്നെയാണ്. നിഘണ്ടുക്കൾ മുഴുവൻ പരിശോധിച്ചാലും സ്വന്തം പേരിനെക്കാൾ നറുന്തേനോലുന്ന ഒരു വാക്കു് അവൻ കാണുകയില്ല. അവന്റെ കാതുകൾക്കു ആ സ്വരം മധുരഗാനമാണ്. ഇതു മനസ്സിലാക്കിയായിരിക്കണം നെപ്പോളിയൻ ചക്രവർത്തി അപരിചിതർ സന്ദർശനത്തിനു വന്നിരുന്നപ്പോൾ അവരുടെ പേരു കടലാസിൽ എഴുതി ഉച്ചാരണം ഉരുവിട്ടുപഠിച്ചുകൊണ്ടുപോകാറുണ്ടായിരുന്നതു്. ഓരോരുത്തരേയും പേരുകൊണ്ടു സംബോധനംചെയ്തു അവരെ പ്രസാദിപ്പിക്കുന്നതിനു ആ പുരുഷകേസരി വളരെ ശ്രദ്ധാലുവായിരുന്നു. മൈത്രീബന്ധം സൃഷ്ടിക്കുവാനാഗ്രഹിക്കുന്നവർ ഈ രഹസ്യം വിസ്മരിക്കാതിരിക്കട്ടെ. നമ്മുടെ അധരത്തിൽനിന്നു നമ്മുടെ സ്നേഹിതൻ ആവർത്തിച്ചാവർത്തിച്ചു കേട്ടു സന്തുഷ്ടിയടയട്ടെ ആ പദം—അയാൾക്കു് ഏററം പ്രിയങ്കരമായ ആ പദം—അയാളുടെ സ്വന്തം പേരു്! അയാൾ നമ്മുടെ സ്നേഹിതനാകാതിരിക്കയില്ല.

(6) സ്നേഹിതന്റെ സുഖാസുഖങ്ങൾ, പ്രവർത്തനങ്ങൾ, കുടുംബകാര്യങ്ങൾ ആദിയായവയിൽ നിഷ്കളങ്കമായ പ്രതിപത്തിയും ഉത്സുകതയും പ്രദർശിപ്പിക്കുക. അയാളുടെ ഉൽക്കർഷത്തെ ആത്മാർത്ഥമായി ആഗ്രഹിക്കുക. പരിശ്രമങ്ങളെ മടികൂടാതെ പ്രോത്സാഹിപ്പിക്കുക. സ്നേഹിതനു അനുശോചനം പ്രകടിപ്പിക്കുന്നവരിൽ ഒന്നാമനായി മുന്നോട്ടുവരിക. സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനായ കർണ്ണേജി പറയുന്നു "നിന്റെ അഭ്യുദയത്തിൽ അന്യനെ തല്പരനാക്കുവാൻ വേണ്ടി നീ ചെയ്യുന്ന രണ്ടു വർഷത്തെ പരിശ്രമത്തെക്കാൾ, അന്യന്റെ അഭ്യുദയത്തിനു വേണ്ടി നീ ചെയ്യുന്ന രണ്ടു മാസത്തെ പരിശ്രമം അയാൾക്കു നിന്റെ കാര്യങ്ങളിൽ കൂടുതൽ ഔത്സുക്യമുളവാക്കുമെന്നു നീ ധരിച്ചുകൊൾക." നമുക്കു വലിയ ആഗ്രഹമാണ്, മററുള്ളവരെല്ലാം നമ്മുടെ കാര്യങ്ങളിൽ അതിശ്രദ്ധാലുക്കളായിരിക്കണം, അനുകമ്പാലുക്കളായിരിക്കണം, എന്നെല്ലാം. പക്ഷേ അതു് അത്ര നടപ്പുള്ള കാര്യമല്ല. സ്വകാര്യൈകതല്പരന്മാർക്കു സ്നേഹിതന്മാർ ഉണ്ടാകുക വിഷമമാണ്. അതിനാൽ സ്നേഹിതന്മാരെ സമ്പാദിക്കുന്നതിനാഗ്രഹിക്കുന്നവർ സ്വയം വിസ്മരിക്കുന്ന മഹാമനസ്കരായിരിക്കണം. ഇദ്ദൃശമഹാമനസ്കത വളർത്തുവാൻ ഡോക്ടർ ഹെൻട്രി ലിങ്ക് എഴുതിയിട്ടുള്ള The Return to Religion എന്ന ഗ്രന്ഥം വായിക്കുന്നതു ഉപകാരപ്രദമാണ്. ഒരു സംഗതിയോർത്തുകൊൾക. "തൻകാര്യക്കാ"രാണ് ജീവിതക്ലേശങ്ങൾക്കു അധികം വിധേയരാകാറുള്ളതു്.

(7) സ്വപ്രത്യയങ്ങളിൽ നല്ല സ്ഥൈര്യം നമുക്കുണ്ടായിരിക്കണം. പക്ഷേ, അന്യന്റെ അഭിപ്രായങ്ങളെ ബഹുമാനിക്കാതിരിക്കരുതു്. നമ്മുടെ അഭിപ്രായങ്ങളിൽ തെററുവരികയില്ല എന്നു വിചാരിക്കുന്നതു് അബദ്ധമാണ്.

"ശ്രവിക്കനിശ്ശേഷജനോക്തിയേയും
വചിക്കപാരം മിതമായിമാത്രം."

എന്നുള്ള മഹാകവി ഷെയിക്സ്പിയറിന്റെ ഉപദേശം സ്വീകരിക്കുന്നതു് എല്ലാവരോടും സ്നേഹമായി വർത്തിക്കുവാൻ സഹായകമായി ഭവിക്കും.



## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

Bosco Children's Club (ബി. സി. സി.)

# തിരുഹൃദയ ബസിലിക്ക

“കണ്ടാലും മനുഷ്യരെയത്യധികം സ്നേഹിച്ചു-
കൊണ്ടിട്ടുമെന്റെ ദിവ്യഹൃദയം മകളേ നീ
വേണ്ടപോലെങ്ങുമതു സ്നേഹിക്കപ്പെട്ടുവാനായ്
വേണ്ടതു ചെയ്തിട്ടുവാൻ നിന്നെ ഞാനേല്പിക്കുന്നു.”

പ്രിയ കുഞ്ഞുങ്ങളേ,

നമ്മുടെ ദിവ്യരക്ഷകൻതന്നെ മറിയം മർഗ്ഗരീത്താ അൽക്കോക്ക പുണ്യവതിയോടു അരുളിച്ചെയ്ത വചനങ്ങളാണു മുകളിൽ കാണുന്നതു്. കുത്തിത്തുറക്കപ്പെട്ടിരുന്ന അങ്ങേ ദിവ്യഹൃദയത്തിൽനിന്നു സ്നേഹാഗ്നിജ്വാലകൾ ലോകത്തിലേക്കു പ്രവഹിക്കുന്നതായി പ്രസ്തുതകന്യക ദർശിച്ചു. ആ ജ്വാലകൾ ലോകത്തിലെങ്ങും കത്തിയെരിവാൻ കർത്താവു ആഗ്രഹിക്കുന്നു. ഇതാണു തിരുഹൃദയഭക്തി—സ്നേഹത്തിന്റെയും പരിഹാരത്തിന്റെയും ഭക്തി. സ്നേഹത്തിനു പ്രതിസ്നേഹം ലഭിക്കാത്ത രക്ഷിതാവിനെ സ്നേഹിക്കുക. അവിടുത്തോടു ചെയ്യുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരംചെയ്യുക. ലോകത്തിന്റെ അവസാനകാലങ്ങളിലെ ആധിക്കും വ്യാധിക്കും ഉപശാന്തിയായി ദിവ്യവൈദ്യൻതന്നെ നിർദ്ദേശിച്ചുതന്നിരിക്കുന്ന സിദ്ധൗഷധമാണു് ഈ ഭക്തി.

ബോസ്കോ അച്ചൻ തന്റെ ഓറട്ടറി ബാലന്മാരെ ഇതിൽ വേണ്ടപോലെ പരിശീലിപ്പിച്ചിരുന്നു. ദിവ്യകാരുണ്യത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയുടെ തിരുഹൃദയമാണു് അവരുടെ സങ്കേതസ്ഥാനമായി അദ്ദേഹം കാണിച്ചുകൊടുത്തിരുന്നതു്. തന്റെ സന്യാസസഭ വഴിയായി ഈ ദിവ്യാഗ്നി സർവ്വത്ര ഉജ്ജ്വലിപ്പിക്കുന്നതിനുള്ള ഏർപ്പാടുകൾ അദ്ദേഹം ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ തിരുഹൃദയഭക്തിയുടെ ഒരു നിത്യസ്മാരകം നിത്യനഗരമായ റോമിൽത്തന്നെ സ്ഥാപിപ്പാനാണു ദൈവം തിരുമനസ്സായതു്.

റോമാപ്പട്ടണത്തിൽ തിരുഹൃദയത്തിനു പ്രതിഷ്ഠിതമായ ഒരു നല്ലപള്ളി പണികഴിപ്പാൻ ഒൻപതാം പീയൂസു മാർപ്പാപ്പാ അതിയായി ആഗ്രഹിച്ചിരുന്നു. അതിലേക്കു പരിശുദ്ധ പിതാവു ഒരു സ്ഥലം വാങ്ങിക്കയും, പണി നടത്തുന്നതിനായി ഒരു കമ്മിററിയെ ഏല്പ്പെടുത്തുകയും ഉണ്ടായി. അപ്പോഴേക്കും മാർപ്പാപ്പാ കാലം ചെയ്തു. പിൻഗാമിയായി വാഴ്ചയേററ പതിമൂന്നാം ലെയോൻ മാർപ്പാപ്പാ പള്ളിപണിക്കാര്യം ഊർജ്ജിതമായി നടത്തുന്നതിലേക്കു സമർത്ഥനായ ഒരു കർദ്ദിനാളിനെ ചുമതലപ്പെടുത്തി. അദ്ദേഹം ലോകത്തിലുള്ള എല്ലാ മെത്രാന്മാർക്കും ധനസഹായാർത്ഥം ഒരു അഭ്യർത്ഥനയും അയച്ചു. പക്ഷേ കാലസ്ഥിതിയുടെ വിഷമതകൊണ്ടു ചുരുങ്ങിയ ഒരു സംഖ്യമാത്രമേ പിരിഞ്ഞുകിട്ടിയുള്ളു. അടിത്തറ തീർത്തിട്ടു മുന്നോട്ടു പോകാൻ നിവൃത്തിയില്ലാതെ പണി നിറുത്തിവയ്ക്കേണ്ടതായിവന്നു. പരിശുദ്ധ പിതാവിനും ഈ വിഷയത്തിൽ ദുസ്സഹമായ മനഃക്ലേശമുണ്ടായി. എന്താണു ചെയ്യേണ്ടതെന്നു കർദ്ദിനാളന്മാരുമായി ആലോചിച്ചു. “ഫാദർ ജോൺ ബോസ്കോയെ ഏൽപിച്ചാൽ അദ്ദേഹം ഇക്കാര്യം നിർവ്വഹിച്ചുകൊള്ളും.” ഇതായിരുന്നു അവരുടെ അഭിപ്രായം. അതിൻപ്രകാരം, 1880 ഏപ്രിൽ 5-ാം തിയതി മാർപ്പാപ്പാ ഫാദർ ബോസ്കോയെ ക്ഷണിച്ചുവരുത്തി വിവരം അറിയിച്ചു. സലേഷ്യൻ സഭയുടെ ഭരണസമിതിയിൽ ഈ വിഷയം ആലോചനയ്ക്കെടുത്തതിൽ എല്ലാവരുംതന്നെ പ്രതികൂലാഭിപ്രായമാണു പ്രകടിപ്പിച്ചതു്. തങ്ങളുടെ സന്യാസസംഘം ഇനിയും ബാലാരിഷ്ടതകളിൽനിന്നും വിമുക്തമായിട്ടില്ല. വലിയ ഒരു സംഖ്യ കടത്തിലാണു കിടക്കുന്നതു്. സഭാദ്ധ്യക്ഷനായ ഫാദർ ബോസ്കോ അത്യദ്ധ്വാനങ്ങളാൽ ഇപ്പോഴേ അവശനായിത്തീർന്നിരിക്കയാണു്. ഈ ഭാരം അദ്ദേഹത്തിന്റെ പ്രായസ്ഥിതിക്കും ആരോഗ്യനിലയ്ക്കും വഹിക്കത്തക്കതല്ല. ഇത്യാദി ന്യായങ്ങളാൽ അവർ എതിർഭാഗം വാദിച്ചു. എന്നാൽ ഫാദർ ബോസ്കോയുടെ അപേക്ഷയാൽ ഒടുവിൽ എല്ലാവരും അനുകൂലവോട്ടുതന്നെ നൽകി പണിയും ആരംഭിച്ചു. അസാദ്ധ്യമായിക്കിടന്ന ആ കാര്യം അദ്ദേഹത്തിന്റെ ബലിഷ്ഠകരങ്ങളിൽ അചിരേണ സുസാദ്ധ്യമായി പരിണമിച്ചു. ധനശേഖരാർത്ഥം ആ വാർദ്ധക്യകാലത്തു ഫ്രാൻസിൽക്കൂടെയും മററും അദ്ദേഹം നടത്തിയ പര്യടനങ്ങൾ സുപ്രസിദ്ധമായിത്തീർന്നിട്ടുണ്ടു്. ഒരു മഹാപുണ്യവാനെന്ന കീർത്തി അദ്ദേഹം പണ്ടേതന്നെ ആർജ്ജിച്ചുകഴിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം ഈ പുണ്യദേഹത്തെ ഒന്നു നോക്കി കാണുന്നതിനും, അനുഗ്രഹങ്ങളും രോഗശമനങ്ങളും പ്രാപിക്കുന്നതിനുംവേണ്ടി ആളുകൾ തിങ്ങിക്കൂടി. അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ വിളമ്പുകൾ ഭക്തജനം കണ്ടിച്ചുകൊണ്ടു പൊയ്ക്കളഞ്ഞു. വിശുദ്ധപദപ്രാപ്തനായ ആർസിലെ വികാരിയച്ചന്റെ ചരിത്രം എഴുതിയ ഫാദർ മോണിൻ എന്ന വന്ദ്യദേഹം ഈ കാര്യങ്ങളെപ്പററി ഇങ്ങനെ പ്രസ്താവിക്കുന്നു: “ആർസിലെപ്പോലെയുള്ള സംഭവങ്ങൾതന്നെയാണു ഞാനവിടെ ദർശിച്ചതു്. വീണ്ടും ഞാൻ ആർസിലാണോ എന്നു വിചാരിച്ചുപോയി.” രോഗികൾ സുഖപ്പെട്ടു; പാപികൾ മാനസാന്തരം പ്രാപിച്ചു. ഭാവികാര്യങ്ങളെ അദ്ദേഹം മുന്നറിയിച്ചു. സകലരുടെയും പ്രതീക്ഷയിൽ കവിഞ്ഞുള്ള സംഭാവനകൾ എല്ലായിടത്തുനിന്നും അദ്ദേഹത്തിനു ലഭിക്കയും ചെയ്തു. പരിശുദ്ധ പിതാവിന്റെ ഹാർദ്ദമായ അഭിനന്ദനത്തെ അർഹിക്കുമാറു, 1887 മേമാസത്തിൽ തിരുഹൃദയപ്പള്ളിയുടെ പണി കഴിഞ്ഞു അത്യാഡംബരപൂർവ്വമായ ആശീർവ്വാദകർമ്മവും നടത്തി. തിരുഹൃദയഭക്തിയുടെ ഒരു ശക്തികേന്ദ്രമായി ഇന്നതു പരിലസിക്കുന്നു.

പ്രിയ കുഞ്ഞുങ്ങളേ, തിരുഹൃദയഭക്തി ഇന്നത്തെ ലോകത്തിനു ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്നു നിങ്ങൾ നന്നായി ധരിച്ചിരിക്കണം. നിങ്ങളുടെ ഹൃദയമാകുന്ന ദേവാലയത്തിൽ ഈശോ എപ്പോഴും വാഴണം. അല്പപാപത്താൽപ്പോലും തന്റെ ദിവ്യഹൃദയത്തെ സങ്കടപ്പെടുത്താതെ സൂക്ഷിക്കുക. പാപികളും അവിശ്വാസികളും നമ്മുടെ നല്ല ഈശോയുടെ തിരുഹൃദയത്തെ പലപ്രകാരത്തിൽ മുറിപ്പെടുത്തുന്നുണ്ടു്. നാം തന്നെ അതു കാണുന്നുണ്ടു്. അതിനാൽ ഈശോയെ ആശ്വസിപ്പിക്കുന്നതിലേക്കു വേണ്ട പരിഹാരകൃത്യങ്ങൾ നാം ചെയ്യേണ്ടതല്ലയോ? സ്നേഹം ഇതു ആവശ്യപ്പെടുന്നില്ലയോ? ആകയാൽ മാസാദ്യവെള്ളിയാഴ്ച ദിവ്യകാരുണ്യസ്വീകരണം നിങ്ങൾ ഒരിക്കലും മുടക്കരുതു്. അന്നു ഒരുമണിയാരാധന നടത്തി ഈശോയെ ആശ്വസിപ്പിക്കാൻകൂടി ശ്രമിക്കരുതോ? മനസ്സുവച്ചാൽ സാധിക്കും.

### ബോസ്കോ ബാലരംഗം

സത്യദീപത്തിന്റെ ജന്മദിനാഘോഷത്തോടെ നമ്മുടെ ബാലരംഗത്തെ പേരു വിളിച്ചിരിക്കുന്ന സന്തോഷവർത്തമാനം നിങ്ങളെ എല്ലാവരെയും അറിയിച്ചുകൊള്ളുന്നു. ബോസ്കോബാലരംഗം ഇംഗ്ലീഷിൽ Bosco Children's Club. അതിന്റെ ചുരുക്കമായ B. C. C. (ബി. സി. സി.) നിങ്ങളുടെ പേരിന്റെ പിന്നാലെ വയ്ക്കുമ്പോൾ സത്യദീപത്തിലെ ബോസ്കോ ബാലരംഗത്തിന്റെ അംഗമാണെന്നു എല്ലാവരും മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. ഉദാഹരണം: കെ. സി. ചാക്കോ ബി. സി. സി; പി. സി. അന്നമ്മ ബി. സി. സി. ആകയാൽ പത്രത്തിലേക്കു ലേഖനങ്ങളും മററും എഴുതുമ്പോൾ ഈ ബിരുദംകൂടി ചേർക്കാൻ പ്രത്യേകം ഓർമ്മവച്ചുകൊള്ളണം. ബാലരംഗത്തിനു ഒരു മുദ്രാവാക്യവും നിശ്ചയിച്ചിട്ടുണ്ടു്. പ്രയത്നം പ്രാർത്ഥന പ്രസന്നത—നമ്മുടെ മദ്ധ്യസ്ഥനായ വി. ജോൺബോസ്കോയുടെ വിജയരഹസ്യത്തിന്റെ മന്ത്രങ്ങൾ. വലിയ വലിയ കാര്യങ്ങൾ അദ്ദേഹം സാധിച്ചു. എങ്ങനെ? ഒന്നാമതായി അദ്ദേഹം നല്ലപോലെ പ്രയത്നിച്ചു തൻ പാതി, ദൈവം പാതി. അങ്ങനെ പ്രയത്നത്താൽ തന്റെ ഭാഗം നിർവ്വഹിക്കുന്നതോടെ ദൈവസഹായത്തിനായി പ്രാർത്ഥനയിൽ അഭയം തേടി. അപ്പോൾ “ദൈവം പാതിയും” ലഭിച്ചു. ഇതിനും പുറമേ എല്ലാ പ്രതിബന്ധങ്ങളിലും പ്രസന്നതയോടെ മുമ്പോട്ടു പോയിരുന്നതിനാൽ എല്ലാം വിജയത്തിൽ കലാശിച്ചു. തൂങ്ങിത്തളർന്നും, മങ്ങിക്കലങ്ങി, പ്രയാണത്തിനിറങ്ങുന്നവർ ഒരിക്കലും പുരോഗമിക്കുന്നതല്ല. വലിയവർക്കും ചെറിയവർക്കും പററിയതാണു് ഈ ആദർശം. ആകയാൽ നമ്മുടെ മുദ്രാവാക്യം അടക്കിക്കൊള്ളുന്ന താഴെ കാണുന്ന ചെറിയ പദ്യം കുഞ്ഞുങ്ങളെല്ലാം മനഃപാഠമായി പഠിച്ചു് ഇടയ്ക്കിടെ ഉരുവിട്ടുവന്നാൽ അതു ഇപ്പോഴും മേലിലും പലതിനും ഉപകരിക്കും.

പ്രയത്നത്തോടു ചേർന്നുള്ള
പ്രാർത്ഥനാരാജവീഥിയിൽ
പ്രസന്നമതിയായ് പ്പോവോൻ
പ്രാപിക്കും വിജയം സദാ.

### പദ്യരചനക്ലാസ്സ്

പദ്യത്തിന്റെ ഒരു പാദത്തിനു ഇത്ര യക്ഷരം ഉണ്ടായിരിക്കണമെന്നു നിബന്ധനയുള്ളതായി കഴിഞ്ഞതവണ പറഞ്ഞിരുന്നല്ലോ. ആ നിബന്ധനയ്ക്കു ശാസ്ത്രത്തിൽ പറയുന്ന പേരു ഛന്ദസ്സ് എന്നാണു്. ഇത്ര അക്ഷരമുള്ളതിനു ഇന്ന പേരു് എന്നും ശാസ്ത്രത്തിൽ വിധിച്ചിട്ടുണ്ടു്. ഹിതംപോലെ എത്രയക്ഷരമെങ്കിലും ഒരു പാദത്തിൽ ഉപയോഗിക്കരുതോ? എന്നു നിങ്ങൾ ചോദിച്ചേക്കും. പാടില്ല. എന്തുകൊണ്ടു്? ശാസ്ത്രത്തിൽ അങ്ങനെ വിധിച്ചിട്ടില്ല എന്നുതന്നെ ഉത്തരം. ശാസ്ത്രമെന്നുവച്ചാൽതന്നെ പ്രമാണത്തിന്റെയും നിയമത്തിന്റെയും പരിധിയിൽ ഓരോ കാര്യങ്ങൾ ക്രമപ്പെടുത്തിവയ്ക്കുന്നതാണല്ലോ. എന്നാൽ അതിനൊക്കെ ന്യായവുമുണ്ടാകും. ഒരു പാദത്തിൽ ഒന്നുമുതൽ 26 വരെ അക്ഷരങ്ങളാണു ഛന്ദസ്സിൽ വിധിച്ചിട്ടുള്ളതു്. 26 ൽ കൂടിയാൽ അതു അഭംഗിയായിരിക്കുമെന്നുള്ളതുതന്നെ അതിന്റെ ന്യായം. ഏഴോ എട്ടോ അടി പൊക്കമുള്ള ഒരു മനുഷ്യനുണ്ടായാൽ എന്തു വിരൂപമായിരിക്കും. അതുപോലെതന്നെ രണ്ടടിയും മൂന്നടിയുമൊക്കെ പൊക്കമുള്ള ചില കൊച്ചുമനുഷ്യരെ നിങ്ങൾ കണ്ടിട്ടില്ലേ? എത്ര സഹതാപം തോന്നും അവരെ കാണുമ്പോൾ. അങ്ങനെതന്നെയാണു പദ്യത്തിന്റെ കാര്യത്തിലും. ഒന്നുമുതൽ 26 വരെ അക്ഷരങ്ങൾ ശാസ്ത്രം വിധിച്ചിട്ടുണ്ടെങ്കിലും ഒന്നുമുതൽ എട്ടുവരെയുള്ള “കൊച്ചുകവിതകൾ” ആരും സൃഷ്ടിക്കാറില്ല. അപ്രകാരംതന്നെ 22-നും 23-നും അപ്പുറത്തേക്കു് സാമാന്യം ആരും കടക്കുന്നില്ല. 26 ൽ കൂടുതലായി വല്ല വികൃതരൂപവും കെട്ടിയെടുത്താൽ “ദണ്ഡകം” എന്നൊരു പൊതുപ്പേരു അതിനു കൊടുത്തിരിക്കയാണു്. “കോലപ്പൻ” എന്നർത്ഥം.

ആകയാൽ ചുരുക്കത്തിൽ 8 മുതൽ 22 വരെ അക്ഷരങ്ങളുള്ള പാദങ്ങളോടു കൂടിയ പദ്യങ്ങളാണു് ഇപ്പോൾ സംസ്കൃതമുറയനുസരിച്ചു മലയാളത്തിലും നടപ്പിലിരിക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കിയിരുന്നാൽ മാത്രം മതി. അവയ്ക്കു ഓരോന്നിനും ഓരോ പേരും ശാസ്ത്രത്തിൽ കൊടുത്തിട്ടുണ്ടു്. തല്ക്കാലം അതെല്ലാം കിടക്കട്ടെ. മുകളിൽ കൊടുത്തിരിക്കുന്ന നമ്മുടെ മുദ്രാവാക്യശ്ലോകം നോക്കുക. അതു എട്ടക്ഷരമുള്ള ഛന്ദസ്സിൽ പെടും. ആ ഛന്ദസ്സിനു അനുഷ്ടുപ്പ് എന്നാണു നാമമെന്നും ഓർത്തുകൊള്ളുക. ഇത്തവണ ഇത്രയും ധാരാളം മതി.

എന്നു സ്വന്തം വല്യച്ചൻ.

(8) നമ്മുടെ അഭിപ്രായത്തോടു് യോജിക്കുന്നില്ല എന്ന കാരണത്താൽ ഒരുത്തനെ ശത്രുവായി കരുതരുതു്. അഭിപ്രായങ്ങൾ പരസ്പരം യോജിക്കാതിരിക്കുകയും അതേസമയത്തു് പ്രാണസ്നേഹിതന്മാരായി വർത്തിക്കുകയും ചെയ്യുന്നതു് ഒരു വലിയ സാമർത്ഥ്യമാണു്; മഹാവിദ്യയാണു്. അവരാണു് അഭിജ്ഞന്മാർ, സാക്ഷാൽ മിത്രങ്ങൾ.

(9) നമ്മുടെ അവകാശസാദ്ധ്യതയ്ക്കുവേണ്ടി ശാഠ്യംപിടിക്കുന്നതു സമിചീനമല്ല. നാം അവഗണിക്കപ്പെടുന്നു എന്നു കാണുമ്പോൾ ചിന്താകുലരാകുകയോ പ്രസരിപ്പു കൈവെടിയുകയോ ചെയ്യരുതാത്തതാണു്. പരിഗണിക്കപ്പെടട്ടെ, അവഗണിക്കപ്പെടട്ടെ, കർത്തവ്യവിഘ്ലാപം വരുത്താതിരിക്കണം. ഇവിടെയും സ്വയം ത്യജിക്കുക; സ്വയം വിസ്മരിക്കുക; വിനയത്തിന്റെ വൈശിഷ്ട്യത്തെ നോക്കി സംതൃപ്തിയടയുക.

(10) വെറും ശാരീരികലാവണ്യത്താൽമാത്രം ആകൃഷ്ടരായി മൈത്രീബന്ധം സ്ഥാപിക്കുന്നതിനുള്ള പരിശ്രമം അബദ്ധമായിരിക്കും. അത്തരം മൈത്രി നിഷിദ്ധമാണെന്നു വിദ്വദ്വരേണ്യനായ സെയിൻറു ബെനവഞ്ചർ പറയുന്നു. നാരീപുരുഷന്മാർ തമ്മിലുള്ള മൈത്രീബന്ധം—പ്രത്യേകിച്ചു താരുണ്യത്തിൽ സംഭവിക്കുന്നതു്—അനുരാഗത്തിലേ കലാശിക്കൂ എന്നു സമർത്ഥിച്ചിട്ടുള്ള വിജ്ഞന്മാർ വിരളമല്ല. യുവലോകം ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കട്ടെ. “സ്ത്രീകളിൽ പൂർണ്ണവിശ്വാസം ശോകകാരണമായ്വരും” എന്നു ഒരു കേരളീയകവി പാടിയിരിക്കുന്നതും ഇപ്പോൾ ഓർമ്മയിലെത്തുന്നു.

സ്നേഹിതരോടുള്ള പ്രവർത്തനങ്ങളിൽ പ്രസ്തുത പത്തു ഖണ്ഡികകളിലെ ആശയങ്ങൾ നിങ്ങൾ അനുഷ്ഠാനപരമാക്കുമെങ്കിൽ, തീർച്ചയായും നിങ്ങൾ പരബഹുമാനത്തിനു പാത്രീഭവിക്കതന്നെ ചെയ്യും. തീർച്ചയായും നിങ്ങൾ അഭിനന്ദിക്കപ്പെടും; ആദരിക്കപ്പെടും. നിങ്ങളുടെ മൈത്രി ഒരിക്കലും ശിഥിലമായിപ്പോകുകയില്ല. ഈ നിയമങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒരു പദം ക്രിസ്തുൻ നിഘണ്ടുവിലുണ്ടു്. “ഉപവി” അതാണു് ആ പദം. നിനക്കു സ്നേഹിതന്മാരെ വേണമോ? എല്ലാവരോടും എല്ലായ്പോഴും ഉപവിയോടുകൂടി വർത്തിക്കുക. നിങ്ങൾ എല്ലാവരുടേയും സ്നേഹിതനായിത്തീരും. എല്ലാവരും നിങ്ങളുടെ സ്നേഹിതരാകും. സ്നേഹിതന്മാരെ സമ്പാദിക്കുവാനുള്ള സൂത്രം ഇതാണു്.

## നിങ്ങൾക്കറിയാമോ?

1 വിശുദ്ധ ആഗുസ്തീനോസ് എവിടെ ജനിച്ചു? 2 എന്നു ജനിച്ചു? 3 എന്നു മരിച്ചു? 4 ആഗുസ്തീനോസിന്റെ അമ്മയുടെ പേർ എന്തായിരുന്നു? 5 അപ്പന്റെ പേർ എന്തായിരുന്നു? 6 ആഗുസ്തീനോസിനെ ജ്ഞാനസ്നാനപ്പെടുത്തിയതു് ആരാണു്? 7 ആഗുസ്തീനോസ് എവിടത്തെ മെത്രാനായിത്തീർന്നു? 8 അദ്ദേഹം എഴുതിയിട്ടുള്ള പ്രധാനപ്പെട്ട രണ്ടു പുസ്തകങ്ങളുടെ പേരു പറയുക.

(ഉത്തരങ്ങൾ 8-ാം പേജ്)

## പ്രശ്നം

തോമസിനെ വൈദ്യൻ 6 ഇടങ്ങഴി വെള്ളം കൊണ്ടുവരുവാൻ പറഞ്ഞയച്ചിരിക്കയാണു്. അവൻ അന്വേഷിച്ചതിൽ 9 ഇടങ്ങഴിയും 4 ഇടങ്ങഴിയും വെള്ളം കൊള്ളുന്ന രണ്ടു ബക്കററുകൾ മാത്രമേ കിട്ടിയുള്ളു. ഇവ രണ്ടും മാത്രമുപയോഗിച്ചു് അവനെങ്ങനെ 6 ഇടങ്ങഴി വെള്ളമെടുക്കും?

(ഉത്തരം അടുത്ത ലക്കത്തിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 23 ‖ ERNAKULAM, AUGUST 24 1949 ‖ No 2


# പിതാവിനു മംഗളം

സത്യദീപത്തിന്റെ ജനയിതാവും രക്ഷാധികാരിയുമായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലെ നാമഹേതുകനായ വി. ആഗുസ്തീനോസിന്റെ തിരുനാൾ അടുത്ത ഞായറാഴ്ചയാണല്ലോ. ആനന്ദദായകമായ ഈ ശുഭാവസരത്തിൽ ഞങ്ങളുടെ ഹൃദയം കുളിർക്കുന്നതിൽ—അതു പുളകമണിയുന്നതിൽ — ആശ്ചര്യത്തിനവകാശമില്ല. കൃതജ്ഞതാപ്രകാശനം ആവശ്യപ്പെടുന്ന എത്രയെത്ര സുമധുരസ്മരണകളാണ് ഞങ്ങളുടെ സ്മൃതിപഥത്തിൽ വന്നണിനിരക്കുന്നത്! അവയെല്ലാം ഇവിടെ പകർത്തുക സാധ്യമല്ല. എന്നിരുന്നാലും, സംക്ഷിപ്തമായി, വന്ദ്യതിരുമേനി സത്യദീപത്തിന്റെ നേർക്കു പ്രദർശിപ്പിച്ചുവരുന്ന പൈതൃകമായ വാത്സല്യാതിരേകത്തിനു നന്ദിപ്രകാശിപ്പിച്ചുകൊള്ളട്ടെ. സൂക്ഷ്മാവലോകനകുശലതയോടെ തിരുമനസ്സുകൊണ്ടു ഭാരവാഹികൾക്കു നല്കിവരുന്ന നിർദ്ദേശങ്ങളുടെയും നാനാവിധസഹായങ്ങളുടെയും ഫലമായിട്ടാണു വിജയപന്ഥാവിലൂടെ പുരോഗമിക്കുന്നതിനു സത്യദീപത്തിനു സാധിക്കുന്നത്. എറണാകുളം അതിരൂപത ഇന്നു പ്രശസ്തമായ ഒരു നിലയിൽ എത്തിട്ടുണ്ടെങ്കിൽ, അതിനു പ്രധാനനിദാനമായിരുന്നിട്ടുള്ളത് വന്ദ്യതിരുമേനിയുടെ ഭരണനൈപുണ്യവും ധർമ്മധീരതയും കർത്തവ്യബോധവുമാണെന്നു നിസ്സംശയം പറയാം. ചുമതലകളുടെ വമ്പിച്ചഭാരങ്ങളെല്ലാം സസന്തോഷം വഹിച്ചുകൊണ്ട്, അനുദിനകർമ്മപരിപാടികളിൽനിന്നു അണുപോലും വ്യതിചലിക്കാതെ, മുന്നോട്ടുപോകുന്ന തിരുമേനിയുടെ ജീവിതം ആദർശസുരഭിലവും ത്യാഗമോഹനവുമാണ്. തിരുമേനിയുടെ വിജയരഹസ്യം അടങ്ങിയിരിക്കുന്നതുതന്നെ, അടിയുറച്ച ഈശ്വരവിശ്വാസത്തിലും, തജ്ജന്യമായ ആത്മധൈര്യത്തിലുമാണ്. ഏവംവിധം കേരളക്രിസ്തീയസഭയുടെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി അവിശ്രമം യത്നിച്ചുകൊണ്ടിരിക്കുന്ന തിരുമേനി ദീർഘായുഷ്മാനായി വാഴട്ടെയെന്നു പ്രാർത്ഥിക്കുകയും തിരുമേനിക്കു ഹൃദയംഗമമായി മംഗളങ്ങളാശംസിക്കുകയും ചെയ്യുന്ന വന്ദ്യപിതാവിനു സത്യദീപത്തിന്റെ പത്രനിർവ്വിശേഷവും കൃതജ്ഞതാനിർഭരവും വിനീതവുമായ നമസ്കാരം!

# തിരുസ്സംഘഡിക്രിയുടെ താല്പര്യവും വിശദീകരണവും

കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ച പശ്ചാത്തലത്തിന്റെ ഫലമായി കത്തോലിക്കത്വവും കമ്മ്യൂണിസവും തമ്മിലുള്ള നിലയെന്തെന്നു അസന്നിഗ്ദ്ധമായും അധികൃതമായും പ്രഖ്യാപിക്കപ്പെടുകയും, തദ്വാരാ ഗോതമ്പു കളയിൽനിന്നും നെല്ലു പതിരിൽനിന്നും തിരിച്ചറിയുവാൻ സകലർക്കും കഴിവുണ്ടാകുകയും ചെയ്യേണ്ടതു് ആവശ്യകമായിവന്നു. തന്മൂലം മെത്രാന്മാരും വൈദികരും അത്തരം ഒരു പ്രഖ്യാപനം ചെയ്യണമെന്നു് വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കാര്യങ്ങളുടെ മേധാവിത്വം വഹിക്കുന്ന ഹോളി ഓഫീസു് എന്ന റോമയിലെ തിരുസ്സംഘത്തോടപേക്ഷിച്ചു. കത്തോലിക്കത്വവും കമ്മ്യൂണിസവും തമ്മിലുള്ള നിലയെ പരാമർശിക്കുന്ന കാര്യങ്ങൾ നാലു ചോദ്യങ്ങളിൽ ഉൾക്കൊള്ളിക്കുകയും അവ തിരുസ്സംഘത്തിലെ ആറു കർദ്ദിനാളന്മാരുടെ മുൻപിൽ സമർപ്പിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ചോദ്യങ്ങളെപ്പറ്റി തിരുസ്സംഘത്തിലെ ആലോചനക്കാർ—മെത്രാന്മാരും മററു വൈദികവര്യന്മാരും ഉൾപ്പെട്ട പ്രശസ്തരായ വേദശാസ്ത്രജ്ഞന്മാരുടെ ഗണം—പഠനം നടത്തി. അവരുടെ അഭിപ്രായത്തിന്റെ സഹായത്തോടുകൂടി കർദ്ദിനാളന്മാർ അവയെപ്പററി തീരുമാനങ്ങൾ ചെയ്തു. ആ തീരുമാനങ്ങൾ മാർപ്പാപ്പായുടെ തിരുമുൻപിൽ സമർപ്പിക്കപ്പെടുകയും തിരുമേനി അവയെ അംഗീകരിക്കുകയും പ്രഖ്യാപിക്കുവാൻ ആജ്ഞാപിക്കുകയുമാണുണ്ടായതു്. ഈ തീരുമാനങ്ങളാണു് ചോദ്യോത്തരങ്ങളുടെ രൂപത്തിൽ തിരുസ്സംഘത്തിൽനിന്നു പ്രസിദ്ധം ചെയ്തിരിക്കുന്നതു്.

1-ാം അക്കം

ഡിക്രിയിലെ ചോദ്യോത്തരങ്ങൾ 4 അക്കങ്ങളിലായിട്ടാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. 1-ാം അക്കത്തിൽ പറഞ്ഞിരിക്കുന്നതു് കമ്മ്യൂണിസം ദൈവത്തേയും ആത്മാവിനേയും മററും നിഷേധിക്കുന്ന ഭൗതികമായ ജീവിതസിദ്ധാന്തമാണെന്നാണു്; അപ്രകാരംതന്നെ നമ്മുടെ കർത്താവിനേയും അവിടത്തെ ഉപദേശങ്ങളേയും അവിടുന്നു സ്ഥാപിച്ചിട്ടുള്ള തിരുസ്സഭയേയും നിഷേധിക്കുകമാത്രമല്ല എതിർക്കുകയുംകൂടി ചെയ്യുന്നതാകയാൽ കമ്മ്യൂണിസം ക്രിസ്തുമതവിരുദ്ധവുമാണെന്നാണു്. തന്മൂലം കമ്മ്യൂണിസ്റ്റുപാർട്ടിയിൽ അംഗങ്ങളായി ചേരുവാനോ, അതിനോടു് അനുഭാവം കാണിക്കുവാനോ കത്തോലിക്കർക്കു പാടുള്ളതല്ലെന്നു വിധിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേരുന്നതോ, അതിന്റെ ബോധനങ്ങളെയോ പ്രവർത്തനങ്ങളെയോ ഏതെങ്കിലും വിധത്തിൽ അനുകൂലിക്കുന്നതോ ദൈവത്തിനെതിരായുള്ള ദ്രോഹമാണെന്നു തിരുസ്സംഘം ഇതിനാൽ വ്യക്തമായും അധികൃതമായും ഉദ്ബോധിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്.

2-ാം അക്കം

2-ാമക്കത്തിൽ കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങളെപ്പററിയാണു് പ്രസ്താവിക്കുന്നതു്. കമ്മ്യൂണിസത്തിന്റെ സിദ്ധാന്തങ്ങളെയോ പ്രയോഗങ്ങളെയോ പ്രചരിപ്പിക്കുന്നതും പിൻതാങ്ങുന്നതുമായ പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ (കൊല്ലത്തിലോ, മാസത്തിലോ, തവണകളായി പ്രസിദ്ധപ്പെടുത്തുന്നവ), ലഘുലേഖകൾ എന്നിവ പ്രസിദ്ധീകരിക്കുകയോ, വായിക്കുകയോ, പ്രചരിപ്പിക്കുകയോ കത്തോലിക്കർക്കു പാടുള്ളതല്ല; അവയിലേക്കു ലേഖനങ്ങൾ എഴുതുവാനും പാടുള്ളതല്ല. ഈ നിരോധനം കാനൊൺ നിയമത്തിൽ സാമാന്യമായി പണ്ടേ കൊള്ളിച്ചിട്ടുള്ളതാണു്. കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ അതിവിടെ പ്രത്യേകം എടുത്തു പറയുന്നുവെന്നുമാത്രം.

3-ാം അക്കം

3-ാമക്കത്തിൽ പറയുന്നതു്, ഒന്നും രണ്ടും അക്കങ്ങളിൽ നിരോധിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രവൃത്തി അറിവോടും സമ്മതത്തോടുംകൂടി ചെയ്യുന്ന കത്തോലിക്കർക്കു കൂദാശകൾ നല്കുവാൻ പാടുള്ളതല്ലെന്നാണു്. അതിന്റെ കാരണവും അതിൽ സൂചിപ്പിച്ചിട്ടുണ്ടു്. കൂദാശകൾ സ്വീകരിക്കുവാൻ ആവശ്യകമായ മാനസികസ്ഥിതി ഉള്ളവർക്കുമാത്രമേ അവ നല്കാവൂ എന്നാണല്ലോ പൊതുവിലുള്ള തത്വം. കമ്മ്യൂണിസ്റ്റു് പാർട്ടിയിൽ അംഗമായിരിക്കുകയോ, അതിനെ ഏതെങ്കിലും വിധത്തിൽ അനുകൂലിക്കുകയോ, കമ്മ്യൂണിസ്റ്റു് പ്രസിദ്ധീകരണങ്ങളെ മേൽവിവരിച്ച വിധത്തിൽ സഹായിക്കുകയോ ചെയ്യുന്ന പ്രവൃത്തി ഗുരുതരമായ പാപമാകുന്നു. ആ പ്രവൃത്തിയിൽനിന്നു സ്വമനസ്സാ വിരമിക്കാത്ത കത്തോലിക്കൻ കുമ്പസാരിക്കുന്നതിനും കുർബാന ഉൾക്കൊള്ളുന്നതിനും ആവശ്യകമായ മാനസികസ്ഥിതി ഇല്ലാത്തവനാണെന്നു സ്പഷ്ടം. തന്മൂലം അങ്ങനെയുള്ള കത്തോലിക്കനെ കുമ്പസാരിപ്പിക്കുകയോ കുർബാന ഉൾക്കൊള്ളുവാൻ അനുവദിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ലെന്നുള്ള നിരോധനം വൈദികന്മാർക്കും ഈ ഡിക്രിയാൽ നല്കപ്പെട്ടിരിക്കുന്നു.

4-ാം അക്കം

4-ാമക്കത്തിൽ മഹറോൻ (തിരുസ്സഭയിൽനിന്നുള്ള ബഹിഷ്കരണം) ശിക്ഷയെപ്പററിയാണു് പ്രസ്താവിച്ചിരിക്കുന്നതു്. പ്രയോഗത്തെ സംബന്ധിച്ചിടത്തോളം ഇതേററവും പ്രധാനമായ ഉത്തരവാണു്. കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സിദ്ധാന്തങ്ങൾ സ്വീകരിക്കുകയോ, അവയെ പിൻതാങ്ങുവാനും പ്രചരിപ്പിക്കുവാനും മേല്പറഞ്ഞ ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുകയോ ചെയ്യുന്ന കത്തോലിക്കൻ, കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ അംഗത്വം ഉള്ളവനായാലും അല്ലെങ്കിലും, കത്തോലിക്കാവിശ്വാസം പരിത്യജിച്ചവനായി ഗണിക്കപ്പെടണമെന്നു് ഈ ഉത്തരവിനാൽ തിരുസ്സംഘം ഉദ്ബോധിപ്പിക്കുന്നു. തന്നിമിത്തം അയാൾ സ്വയം മഹറോനിൽ ഉൾപ്പെട്ടവനായിത്തീരുന്നുവെന്നു തിരുസ്സംഘം പ്രസ്താവിക്കുന്നു. അതായതു് അവൻ തന്റെ പ്രസ്തുത പ്രവൃത്തികളാൽത്തന്നെ, സഭാധികാരികളുടെ പ്രത്യേകമായ പ്രഖ്യാപനമൊന്നും കൂടാതെ, തിരുസ്സഭയുമായുള്ള ഐക്യത്തിൽനിന്നും വിശ്വാസികളുമായുള്ള സമ്പർക്കത്തിൽനിന്നും തന്നെത്തന്നെ വേർപെടുത്തിക്കളയുന്നു. പ്രസ്തുത പ്രവൃത്തികൾ ചെയ്യുവാൻ മനഃപൂർവ്വം തുടങ്ങുകയോ, അല്ലെങ്കിൽ അവ അനുവദനീയങ്ങളല്ലെന്നുള്ള തിരുസ്സഭയുടെ ബോധനം അറിഞ്ഞശേഷവും അവ തുടരുകയോ ചെയ്യുമ്പോൾ അയാൾ ഈ മഹറോൻ ശിക്ഷയിൽ ഉൾപ്പെടുന്നു. ഇതിന്റെ പ്രായോഗിക വശങ്ങൾ ഏവയെന്നു് 9-ാം പേജിൽ "മഹറോന്റെ അർത്ഥം" എന്ന തലക്കെട്ടിൽ ചേർത്തിരിക്കുന്ന കുറിപ്പിൽ പ്രതിപാദിച്ചിട്ടുണ്ടു്.

പരിശുദ്ധ പിതാവിന്റെ നിർദ്ദേശത്തോടും അംഗീകരണത്തോടുംകൂടി തിരുസ്സംഘം പുറപ്പെടുവിച്ചിരിക്കുന്ന ഈ ഡിക്രിയുടെ ഗൗരവം ഈ വിശദീകരണത്തിൽനിന്നു് ഏതാണ്ടു മനസ്സിലാക്കാവുന്നതാണല്ലോ. തന്നിമിത്തം ഡിക്രിയിൽ നിരോധിച്ചിരിക്കുന്ന കമ്മ്യൂണിസം സംബന്ധിച്ചുള്ള യാതൊരു പ്രവൃത്തിയിലും ചെന്നു പെടാതിരിക്കുവാൻ സകല കത്തോലിക്കരും സർവ്വാത്മനാ ശ്രദ്ധിക്കുമെന്നു പ്രതീക്ഷിക്കാം; അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

യുക്തിഹീനങ്ങളായ പ്രത്യാഘാതങ്ങൾ

ഈ ഡിക്രിയുടെ പ്രത്യാഘാതം പൊതുവിൽ കത്തോലിക്കരുടെ ഇടയിൽ സന്തോഷത്തേയും സമാശ്വാസത്തേയും ഉൾക്കൊള്ളുന്നതായിരിക്കുമെന്നുള്ളതിനു് സംശയമില്ലല്ലോ. കാരണം, കമ്മ്യൂണിസത്തിന്റെ മതപരമായ നിഷിദ്ധവശങ്ങൾ ഏതൊക്കെയെന്നു നിസ്സന്ദേഹം അറിയുന്നതിനും അവയെ പരിത്യജിക്കുന്നതിനും അതു കത്തോലിക്കർക്കു സൗകര്യവും പ്രേരണയും നല്കുന്നു. എന്നാൽ കത്തോലിക്കാസഭയുടെ ന്യായമായ കർത്തവ്യങ്ങളെന്തെന്നു് അറിഞ്ഞിട്ടില്ലാത്തവരും, അറിഞ്ഞിട്ടുണ്ടെങ്കിലും അവയെ അംഗീകരിക്കാത്തവരുമായ അകത്തോലിക്കരുടെ ഇടയിലും, അതിലും വിശേഷിച്ചു കമ്മ്യൂണിസ്റ്റുകാരുൾപ്പെടെ വൈദികവിരോധികളുടെ ഇടയിലുമുള്ള പ്രത്യാഘാതം തദ്വിപരീതമാണു്. ഇതിനെപ്പററി അടുത്ത ലക്കത്തിൽ.

## അടുത്ത ആഴ്ചയിൽ

ആഗസ്റ്റ്

28 ഞാ: പന്തക്കുസ്ത 12-ാം ഞായർ വി. ആഗുസ്തീനോസ്

29 തി: യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം

30 ചൊ: ഫെലിക്സ്

31 ബു: റൈമുന്തോസ്

സെപ്തംബർ

1 വ്യാ: എഗീദിയോസ്

2 വെ: എസ്തപ്പാനോസ്

3 ശ: സെറാഫിയാ

സത്യദീപം

## വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒററപ്രതി | 0—2—0 |

## THANKSGIVING

My grateful thanks for favours received through the intercession of Sr Alphonsa.

K. L. Thresiamma.

പുസ്തകാഭിപ്രായം

## തിരികാലുകൾ

(ഒരു ലഘുപ്രഹസനം. ഗ്രന്ഥകർത്താ: മാളിയേക്കൽ. പക്ഷം: 64. വില 8ണ. മാളിയേക്കൽ ബ്രദേഴ്സ്, കോൺവെൻറ് സ്ക്വയർ, ആലപ്പുഴ)

തിരികാലുകളുടെ സമ്പാദകനായ ശ്രീ മാളിയേക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഒരു ഫ്രഞ്ചുസാഹിത്യകാരനായ വിക്ടർ ഹ്യൂഗോയുടെ ഒരു ആഖ്യായികയിൽനിന്നു് എടുത്തിട്ടുള്ള "Bishop's Candle-sticks" എന്ന ഒരു ചെറിയ ഇംഗ്ലീഷു പ്രഹസനമാണു "തിരികാലുകളു"ടെ ആധാരം. കാരാഗൃഹത്തിൽനിന്നു ചാടിപ്പോന്ന ഒരു ജയിൽപ്പുള്ളി പാതിരാത്രിയോടുകൂടി ഫ്രാൻസിലെ ഒരു മെത്രാന്റെ ഭവനത്തിൽ കയറിച്ചെന്നു മൂർച്ചയുള്ള ഒരു കത്തി നീട്ടിപ്പിടിച്ചുകൊണ്ടു ഭക്ഷണവും താവളവും ആവശ്യപ്പെടുന്നു. ഔദാര്യനിധിയായ മെത്രാൻ പ്രശാന്തതയോടെ വേണ്ടതെല്ലാം കൊടുത്തു അയാളെ തൃപ്തിപ്പെടുത്തുന്നു. തന്റെ മാനസാന്തരത്തിനായി പ്രകാശിപ്പിക്കുന്ന കാരുണ്യത്തെ വിലവയ്ക്കുകയില്ലെന്നു നിശ്ചയിച്ചു മെത്രാന്റെമുറിയിൽ ഇരുന്നിരുന്ന വെള്ളികൊണ്ടുള്ള തിരികാലുകൾ മോഷ്ടിച്ചു രാത്രിയിൽത്തന്നെ വേറൊരു താവളം അന്വേഷിച്ചു് അയാൾ പുറപ്പെടുന്നു. മാർഗ്ഗമദ്ധ്യേ തിരികാലുകൾ ജയിൽക്കാരത്തോടുകൂടെ താഴെവീഴുകയും കാവൽ നിന്നിരുന്ന പോലീസുസർജൻറു് അയാളെ അറസ്റ്റുചെയ്തു മെത്രാന്റെ പക്കൽ എത്തിക്കുകയുംചെയ്യുന്നു. ആ ജയിൽപ്പുള്ളി തന്റെ ഒരു സ്നേഹിതനാണെന്നും, തിരികാലുകൾ അയാൾക്കു സമ്മാനമായി കൊടുത്തതാണെന്നും മെത്രാൻ ഏററു പറഞ്ഞു ജയിൽപ്പുള്ളിയെ സ്വതന്ത്രനാക്കുന്നു. അപ്രതീക്ഷിതമായ ഈ കാരുണ്യം ജയിൽപ്പുള്ളിയുടെ മാനസാന്തരം സാധിക്കയും ചെയ്യുന്നു.

പ്രഹസനത്തിൽ ആദ്യന്തം പ്രത്യക്ഷപ്പെടുന്ന കരുണ, രൗദ്രം മുതലായ കാവ്യരസങ്ങൾ ഇതിനെ എത്രയും ഹൃദയാവർജ്ജകമാക്കിയിട്ടുണ്ടു്. ഗാനങ്ങളില്ല; അവയ്ക്കു് ഇതിൽ സ്ഥാനവുമില്ല. സംഭാഷണം ഉജ്ജ്വലമാണു്. കത്തോലിക്കാസമാജങ്ങളിൽ അഭിനയിക്കുവാൻ എത്രയും പര്യാപ്തമായ "തിരികാലുകൾ" രചിച്ചു പ്രസിദ്ധംചെയ്ത ശ്രീ മാളിയേക്കൽ അനുമോദനാർഹൻ തന്നേ.

T. M.

# ഗോവധം നിഷിദ്ധമോ?

(ഫാദർ തോമസ് കൊച്ചയ്യങ്കാനാൽ)

ഗോവധം നിരോധിക്കുന്നതിനുവേണ്ടി ഇൻഡ്യാഗവൺമെൻറു തയ്യാറാക്കിയിട്ടുള്ള ഒരു ബില്ലിൻെറ നകൽ പ്രവിശ്യാഗവൺമെൻറുകൾക്കെല്ലാം അയച്ചിട്ടുള്ളതായും താദൃശമായ ഒരു ബില്ല അവിടവിടെയുള്ള നിയമസഭകളിൽ അവതരിപ്പിക്കുന്നതിനു് ആവശ്യപ്പെട്ടിട്ടുള്ളതായും കഴിഞ്ഞ മാസങ്ങളിലെ പത്രങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നുവല്ലോ. ഇതിനു മുമ്പായിട്ടുതന്നേ ചില മുൻസിപ്പാലിററികളിൽ ഇതു നിരോധിക്കപ്പെട്ടിട്ടുള്ളതായും ചില നിയമസഭകളിൽ വലിയ വാദപ്രതിവാദങ്ങൾക്കിടയാക്കിയിട്ടുള്ളതായും അറിവാനിടയായിട്ടുണ്ടു്. ആകയാൽ പ്രസ്തുതവിഷയത്തെക്കുറിച്ചൊരു വിചിന്തനം അവസരോചിതമായിരിക്കുമെന്നു കരുതുന്നു.

ഗോശബ്ദം കാളയേയും പശുവിനേയും കുറിക്കുന്നതിനു സാമാന്യമായി ഉപയോഗിക്കപ്പെടുന്നുണ്ടു്. ഗോവധം നിറുത്തണമെന്നു വാദിക്കുന്നവരിൽ ചിലർ, പശുവിനെ—ധേനുവിനെ മാത്രവും, മററു ചിലർ കാളയെ—ഋഷഭത്തെയും ഉൾപ്പെടുത്തുന്നുണ്ടു്. ഇരുകൂട്ടരും സമ്പത്തികവും ആരോഗ്യപരവും മതപരവുമായ കാരണങ്ങളാണു് അവതരിപ്പിക്കാറുള്ളതു്. അതതു വിഷയങ്ങളിൽ വിദഗ്ദ്ധന്മാരായിട്ടുള്ളവർ സ്വാഭിപ്രായങ്ങൾ യഥാമതി പ്രകടിപ്പിച്ചുകൊള്ളട്ടെ. ജൈനന്മാരും ബൗദ്ധന്മാരുമാണു ഗോവധനിരോധത്തിൽ പ്രത്യേകപ്രതിപത്തി പ്രദർശിപ്പിക്കുന്നവർ. ചില വകുപ്പുകളിൽപ്പെട്ട ഏതാനും ഹിന്ദുക്കളും അങ്ങനെതന്നേ. പ്രസ്തുതന്മാരെല്ലാം പ്രാധാന്യം കല്പിക്കുന്നതു മതപരമായ കാരണങ്ങൾക്കത്രെ. ആരോഗ്യപരവും സാമ്പത്തികവുമായ കാരണങ്ങൾ സകല ജാതികൾക്കും സമസ്തസമുദായങ്ങൾക്കും പൊതുവായിട്ടുള്ളവയാണല്ലോ.

നമ്മുടെ പൂർവ്വന്മാർ ഗോവധത്തെ എങ്ങനെ വീക്ഷിച്ചിരുന്നുവെന്നറിയുന്നതിനു ഹൈന്ദവമതഗ്രന്ഥങ്ങളിൽനിന്നു ചില പ്രമാണങ്ങൾ ഉദ്ധരിക്കുവാനാണു ഞാൻ വിചാരിക്കുന്നതു്. ഇങ്ങനെ ചെയ്യുന്നതിൻെറ പ്രധാനമായ ഉദ്ദേശം അന്ധവിശ്വാസവും മൂഢഭക്തിയും നീങ്ങിക്കാണണമെന്നുള്ളതല്ലാതെ വേറൊന്നുമല്ല. അങ്ങനെ സംഭവിച്ചെങ്കിൽ മാത്രമേ ഏകോദരസഹോദരരെപ്പോലെ കഴിയേണ്ടവരായ ഭാരതീയരുടെ ഇടയിൽനിന്നു സമുദായമത്സരങ്ങളും ജാതികലഹങ്ങളും നീങ്ങി സ്വദേശാഭിവൃദ്ധിക്കാവശ്യകമായ ഐക്യവും സഹകരണവും ജാതമാകയുള്ളു. അർത്ഥമില്ലാത്ത മതകലഹങ്ങളും ബുദ്ധിശൂന്യമായ സമുദായവ്യത്യാസങ്ങളുമാണു ഭാരതീയരുടെ അധോഗതിക്കു വഴിതെളിച്ചിട്ടുള്ളതും പുരോഗതിക്കു പ്രതിബന്ധങ്ങളായി നില്ക്കുന്നതും.

ലോകം ഉൽകർഷം പ്രാപിക്കണമെങ്കിൽ കൊള്ളരുതാത്തവയും പ്രായോഗികങ്ങളല്ലാത്തവയുമായ ആചാരങ്ങളെ വർജ്ജിക്കയും നല്ലവയും സന്ദർഭോചിതങ്ങളുമായവയെ സ്വീകരിക്കയും ചെയ്തേ കഴിയൂ. സകല മതങ്ങളിലും സമസ്ത സമുദായങ്ങളിലും അമിതവാദികൾ ഉത്ഭവിച്ചേക്കാം. അവരുടെ അഭിപ്രായങ്ങൾക്കു പ്രാമാണ്യം കല്പിക്കാതെ ത്യാജ്യത്യാഗവും സ്വീകാര്യസ്വീകരണവും ചെയ്യുകയാണല്ലോ അഭിജ്ഞന്മാർക്കു വിഹിതമായിട്ടുള്ളതു്. അതിലേക്കു താഴെ ചേർക്കുന്ന ഉദ്ധരണികൾ സഹായമായി ഭവിക്കുമെന്നു വിശ്വസിക്കുന്നു.

ദേവന്മാർക്കായിട്ടു മൃഗബലികൾ നടപ്പിലിരുന്നുവെന്നു ഋഗ്വേദം പറയുന്നു. പ്രത്യേകിച്ചു് ഇന്ദ്രനുവേണ്ടി 35 (മുപ്പത്തിയഞ്ചു) കാളകൾ വധിക്കപ്പെട്ടിരുന്നു. (ഋഗ്. X 86.14) അഗ്നിക്കുവേണ്ടിയുള്ള യാഗത്തിൽ കുതിരകളും കാളകളും മച്ചിപ്പശുക്കളും മേഷങ്ങളും വധിക്കപ്പെട്ടിരുന്നു. (ഋഗ്. viii. 43. 11) ശതാപഥബ്രാഹ്മണങ്ങൾ മാംസത്തെ ഒന്നാംതരം ഭക്ഷണമായിവിധിക്കുന്നുണ്ടു്. ബഹുമാനം അർഹിക്കുന്ന ആളുകൾ അതിഥികളായിവരുമ്പോൾ മധുപർക്കസൽകാരം നടത്തണമെന്നും ഒരു കാളയേയൊ പശുവിനേയൊ ആടിനേയൊ കൊല്ലണമെന്നുമാണു് ഐത്തരേയ ബ്രാഹ്മണങ്ങൾ പറയുന്നതു്. മാംസമില്ലാത്ത മധുപർക്കം ഉണ്ടാകരുതെന്നു വേദം അനുശാസിക്കുന്നുവെന്നു മാനവസൂത്രങ്ങളിലും കാണുന്നു. മധുപർക്കമെന്നു പറഞ്ഞാൽ പ്രധാന വിരുന്നുകാർക്കു നല്കുന്ന വിരുന്നു് എന്നേ ഇവിടെ ധരിക്കേണ്ടതുള്ളു. അതിൽ തേൻവീഴ്ത്തൽ മുതലായ ചടങ്ങുകൾ നടക്കേണ്ടതാണു്. മഹാഭാരതത്തിലെ ചില ശ്ലോകങ്ങൾതന്നെ ഉദ്ധരിക്കാം.

> ന മാംസാൽ പരമം കിഞ്ചിദ്-
> രസതോ വിദ്യതേ ഭുവി
> ക്ഷതക്ഷീണാഭിതപ്താനാം
> ഗ്രാമ്യധർമ്മരതാത്മനാം.
> അധ്വനാകർശിതാനാം ച
> ന മാംസാദ് വിദ്യതേ പരം
> സദ്യോ വർദ്ധയതി പ്രാണാൻ
> പുഷ്ടിമഗ്ര്യാം ദധാതി ച.
>
> (അനുശാസനപർവ്വം. 116)

മുറിവേററവർ, ബലഹീനന്മാർ, യാത്രചെയ്തു ക്ഷീണിച്ചവർ മുതലായവർക്കു മാംസത്തെക്കാൾ ഉൽകൃഷ്ടമായ ഭക്ഷണമില്ലെന്നാണല്ലോ ഇതിൽനിന്നു ഗ്രഹിക്കേണ്ടതു്. രാമായണത്തിലും മനുസ്മൃതിയിലുമൊക്കെ ഇങ്ങനെ മാംസഭക്ഷണം അനുവദിക്കുന്നതായ ഭാഗങ്ങൾ കാണ്മാനുണ്ടു്.

ഈ ഉദ്ധരണികളിൽനിന്നു, വേദങ്ങളും ബ്രാഹ്മണങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും സ്മൃതികളും ശാസ്ത്രങ്ങളും മാംസഭക്ഷണം പൊതുവായും ഗോമാംസഭക്ഷണം പ്രത്യേകിച്ചും അനുവദിക്കുന്നുണ്ടെന്നു വിശദമാണല്ലോ. ഇതേ ഗ്രന്ഥങ്ങൾതന്നെ ഇവയെ നിഷേധിക്കയും ചെയ്യുന്നുണ്ടെന്നു സമ്മതിക്കുന്നു. പൂർവ്വാപരവിരുദ്ധങ്ങളായ വിധികളും നിഷേധങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങൾക്കു് എത്രമാത്രം വില കല്പിക്കണമെന്നു വായനക്കാർതന്നെ നിശ്ചയിച്ചുകൊള്ളുകയാണു വിഹിതം. രുചിഭേദമനുസരിച്ചു ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്കു് അനുവദിച്ചുകൊടുക്കുന്നതല്ലയോ സ്വാതന്ത്ര്യഭാരതത്തിനു ഭൂഷണം? മാംസഭക്ഷണം പൊതുവേ വർജ്ജിക്കണമെന്നാണെങ്കിൽ പശുവിനെ മാത്രമല്ലാതെ സകല മൃഗങ്ങളേയും ഉൾപ്പെടുത്തേണ്ടതല്ലേ? എന്തിനു പക്ഷിപാറവജാതികളേയും പാവം മത്സ്യങ്ങളേയും ഉപേക്ഷിക്കുന്നു? അവയ്ക്കു് ഓരോന്നിനും അതതിൻെറ ജീവൻ വിലയുള്ളതല്ലേ? അവയ്ക്കും ജീവിക്കുവാൻ അർഹതയില്ലയോ?

പശുവിൽനിന്നു ലഭിക്കുന്ന പാലും വെണ്ണയുമൊക്കെ നല്ലതാണെന്നു സമ്മതിക്കാം. എന്നാൽ ധേനു ദേവിയാണു്, ദേവതയാണു് എന്നും മററുമുള്ള ചിലരുടെ പ്രസ്താവനകൾക്കു് എന്തെങ്കിലും വിലവച്ചുകൊടുക്കത്തക്ക സമ്മതം ആധുനിക വിജ്ഞാനത്തിൻേറയും അഭിപ്രായസ്വാതന്ത്ര്യത്തിൻേറയും നാളുകളിൽ എല്ലാവർക്കും ഉണ്ടായെന്നുവരികയില്ല.

പശുവിനെ വധിക്കാതിരിക്കുന്നതിനു് അവതരിപ്പിക്കുന്ന ചില പ്രമാണങ്ങളാണു് വിചിത്രമായിരിക്കുന്നതു്. പശു രുദ്രന്മാരുടെ മാതാവാണു്, വസുവിൻെറ മകളാണു്, ആദിത്യന്മാരുടെ പെങ്ങളാണു് എന്നെല്ലാമാണു് അവ. ശുദ്ധീകരണാർത്ഥം പഞ്ചഗവ്യത്തിനു കല്പിക്കപ്പെട്ടിരിക്കുന്ന പ്രാധാന്യം സുവിദിതവുമാണല്ലോ. ഇങ്ങനെയുള്ള ന്യായങ്ങളും പ്രമാണങ്ങളും വിശ്വസിക്കത്തക്ക ആളുകളുണ്ടായിരുന്നതുകൊണ്ടത്രെ അശോകചക്രവർത്തിയുടെയും മററും കാലത്തുണ്ടായിരുന്ന സാമ്രാജ്യങ്ങൾ തകർന്നുപോയതു്.

## പരമവാർഷികം



ശ്രീ: എൻ എ വർക്കി
ബി. ഏ, ബി. എൽ.
നെടുങ്ങാട്ടു്.
ജനനം 7-8 1898
മരണം 25-8-1946
"Oh Lord! Grant him
Eternal Peace"

## പരിഷ്കരിച്ച പ്രാർത്ഥനകൾ

### 4 വിശ്വാസപ്രമാണം

ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനും പിതാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രൻ നമ്മുടെ കർത്താവായ ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ജനിപ്പിക്കപ്പെട്ടു് ▲, കന്യകാമറിയത്തിൽ നിന്നു് പിറന്നു്; പോന്തിയൂസ് പീലാത്തോസിൻെറ കാലത്തു് പീഡകൾ സഹിച്ചു്, കുരിശിൽ തറയ്ക്കപ്പെട്ടു്, മരിച്ചു് അടക്കപ്പെട്ടു്, പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരിൽനിന്നും മൂന്നാംനാൾ ഉയിർത്തു്, സ്വർഗ്ഗത്തിലേക്കു് എഴുന്നെള്ളി സർവ്വശക്തനും പിതാവുമായ ദൈവത്തിൻെറ വലത്തുഭാഗത്തു് ഇരിക്കുന്നു എന്നും അവിടെനിന്നു് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും, ശരീരത്തിൻെറ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു ആമേൻ.

### 5 കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാനമാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, പരിശുദ്ധ ശ്ലീഹന്മാരായ പത്രോസിനോടും പൗലോസിനോടും തോമായോടും, ■ സകല പുണ്യവാന്മാരോടും, എൻെറ പിതാവേ അങ്ങയോടും എൻെറ പാപം ഞാൻ ഏററുപറയുന്നു: വിചാരംകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ഞാൻ അധികം പാപം ചെയ്തുപോയി: എൻെറ കുററം, എൻെറ കുററം, എൻെറ വലിയകുററം ✱

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാനമാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, വിശുദ്ധ ശ്ലീഹന്മാരായ പത്രോസിനോടും, പൗലോസിനോടും, തോമായോടും, ● സകല പുണ്യവാന്മാരോടും, എൻെറ പിതാവേ, അങ്ങയോടും, എനിക്കുവേണ്ടി നമ്മുടെ കർത്താവായ ദൈവത്തോടു് പ്രാർത്ഥിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു ആമേൻ.

▲ "ഗർഭംനിതനായി" എന്നു ഒരഭിപ്രായം.

■ "ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വി. പൗലോസിനോടും വി. തോമായോടും" എന്നൊരഭിപ്രായം.

✱ "എൻെറ കുററത്താലെ, എൻെറ കുററത്താലെ, എൻെറ വലിയ കുററത്താലെ" എന്നും, "ഞാൻ പാപിയാകുന്നു, ഞാൻ പാപിയാകുന്നു, ഞാൻ മഹാപാപിയാകുന്നു" എന്നും അഭിപ്രായങ്ങൾ.

● മുകളിൽ ■ പോലെ.

Book Review

## MADONNA

(By Very Rev. Father Cyril Bernard T. O. C. D., The Little Flower Press Carmelite Monastery, Manjummel. Price Rs. 3)

This is the latest book by Father Cyril, who in spite of weak health and pressure of work in Class, Pulpit and on Platform manages to find time to carry on the apostleship of pen. "Madonna" is a summary of Marian Theology in its manifold aspects, succinctly exposed, beautifully expressed, and copiously reinforced by choice quotations from the Scripture, the Fathers and the Liturgy. The book will be a great help for priests to preach on Our Bl. Lady, for priests and laity to practise intelligent and fervent devotion to her. Hence while congratulating the author on the production of such a useful book we have great pleasure to recommend it to all English knowing Catholics and Catholic institutions. (J. N.)

## Intelligent Religion

What part does the intellect play in religion? There are some who think that faith excludes the action of the intellect, and that a Christian should not look for logical reasons to support his belief. The opposite is true. No man's religion is solid unless his very faith is rooted in reason, and unless he seek and find an answer to any doubts or difficulties that arise in his mind. There are three proper ways of using one's mind in the service of religion:

1. *By asking questions.* Just as sick people ask doctors how to get well, and wronged people ask lawyers to help them regain their rights, so those who are troubled or doubtful about religion should ask for enlightenment from experts in that field. Many a person has gone through life with very foolish doubts about religious truths only because he was too proud to ask someone trained in these matters for answers to his doubts. Humble enough to ask experts for advice about business, law, finance, health, etc., they avoid those who could instruct them in religious matters.

2. *By listening to sermons and religious lectures.* The Bible says that "faith cometh by hearing." The context of that statement shows that it means listening to the authorized and trained spokesmen of religion. People who avoid sermons in church, or lectures by trained expounders of Christianity, and yet listen to the idle remarks about religion made by people who have no more training or authority to speak on such matters than themselves, have no one to blame for their doubts but themselves.

3. *By reading.* Somewhere, in a form adapted to any sort of education or training, there are books, pamphlets and publications that deal with every conceivable doubt and confusion about religious truths. A man with doubts who does not look for reading matter that can clear them up is not applying his intellect, as God intended, to the most serious business of life. Some people read avidly anything written by doubters and disbelievers, but never a line by those who are intelligently certain in their faith. They are unreasonable and foolish. Man is man because he has an intellect. Religion is proper to man because it is based on intellectual convictions. Intellectual convictions can be based only on information, instruction, evidence and reasoning. Asking questions, listening to sermons, and reading, provide the matter for such convictions.

*The Liguorian*

# "റോമൻ കത്തോലിക് കൗശലപദ്ധതി"

അഥവാ

# മി. ഡാനിയേലിന്റെ പഴങ്കഥകൾ

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

I

സുമാർ ഇരുപതുവർഷങ്ങൾക്കുമുമ്പ് മാർപ്പാപ്പായുടെ പരമാധികാരത്തിനു് എതിരായി "പാപ്പായുടെ ആധിപത്യ"മെന്നപേരിൽ ഒരു പുസ്തകം എഴുതുകയും തന്മൂലം പ്രസിദ്ധനായിത്തീരുകയും ചെയ്ത മി. കെ. എൻ. ഡാനിയേൽ ഈയിടെ എഴുതിയ ഒരു പുസ്തകമത്രേ "റോമൻ കത്തോലിക്ക് കൗശലപദ്ധതി." കത്തോലിക്കാസഭയേയും പാപ്പാസിംഹാസനത്തേയും അധിക്ഷേപിച്ചുകൊണ്ടുള്ള മി. ഡാനിയേലിന്റെ ഗ്രന്ഥത്തെപ്പററിയുണ്ടായ വാദപ്രതിവാദങ്ങളും, തുടർന്നുണ്ടായ "പ്രമാദ"മായ മാനനഷ്ടക്കേസ്സും, അതിന്റെ പര്യവസാനവും കേരളീയക്രൈസ്തവരിൽ ആരുംതന്നെ ഇതേവരെ വിസ്മരിച്ചിട്ടില്ല. ചെങ്ങന്നൂർ കോടതിയിൽവെച്ചു നടന്ന പ്രസിദ്ധമായ കേസ്സിലും, അതിനുശേഷം തിരുവനന്തപുരം ഹൈക്കോടതിയിൽ കൊടുത്ത അപ്പീലിലും, പിന്നീടുണ്ടായ റിവിഷൻ അപ്പീലിലും തുടരെത്തുടരെ ദയനീയമാംവിധം പരാജയമടഞ്ഞ മി. ഡാനിയേൽ കത്തോലിക്കാസഭയ്ക്കെതിരായി വീണ്ടും ഒരക്ഷരമെങ്കിലും എഴുതുന്നതിനെന്നു മാത്രമല്ല മനുഷ്യരുടെ മുഖത്തുനോക്കുന്നതിനുപോലും ധൈര്യമില്ലാത്ത നിലയിൽ തിരുവല്ലായിൽ എവിടെയോ താമസിച്ചുകൊണ്ടിരിക്കയായിരുന്നു. പണ്ടത്തെ കഥകൾ സകലരും വിസ്മരിച്ചിരിക്കും എന്ന വിചാരംനിമിത്തമോ, എന്തോ, അന്നത്തെ ആ പഴങ്കഥകളെല്ലാം ഒരിക്കൽക്കൂടെ ആവർത്തിച്ചുകൊണ്ടും, തന്നോടെതിർത്തിട്ടുള്ള കത്തോലിക്കാപണ്ഡിതന്മാരെയെല്ലാം താൻ പരാജയപ്പെടുത്തി എന്നുള്ള വിജയകാഹളം മുഴക്കിക്കൊണ്ടും, കത്തോലിക്കരെ ഒന്നടങ്കം വെല്ലുവിളിച്ചുകൊണ്ടുമുള്ള ഒരു പുതിയ പുസ്തകവുമായിട്ടാണ് മി. ഡാനിയേൽ ഇപ്പോൾ രംഗപ്രവേശംചെയ്തിരിക്കുന്നതു്.

തിന്മയിൽനിന്നും നന്മയെ ഉളവാക്കുന്നതിനുള്ള ദൈവത്തിന്റെ അനന്തമായ ശക്തിക്കു് പ്രത്യക്ഷോദാഹരണമത്രേ മി. ഡാനിയേലിന്റെ "പാപ്പാധിപത്യ"വും, തുടർന്നുണ്ടായ വാദപ്രതിവാദങ്ങളും കേസ്സുകളും. കത്തോലിക്കാസഭയേയും പാപ്പാസിംഹാസനത്തേയും കുറിച്ചു യാതൊരറിവുമില്ലാതിരുന്ന ഇന്നാട്ടിലെ ഒട്ടനേകം അകത്തോലിക്കരിൽ അവയെപ്പററി അന്വേഷിക്കുന്നതിനും പഠിക്കുന്നതിനുമുള്ള ജിജ്ഞാസ ഉളവാക്കുന്നതിനും, തൽഫലമായി സത്യം ഗ്രഹിച്ചു് സത്യസഭയെ ആശ്ലേഷിക്കുന്നതിനുമുള്ള ഭാഗ്യം അനേകർക്കു ലഭിക്കുന്നതിനും കാരണമായിത്തീർന്നിട്ടുള്ളതു മി. ഡാനിയേലിന്റെ ഗ്രന്ഥവും അനന്തരസംഭവങ്ങളുമാണെന്നു് ഇതിനകം നടന്നിട്ടുള്ള പലരുടേയും മാനസാന്തരചരിത്രം തെളിയിക്കുന്നുണ്ടു്. മാർത്തോമ്മാസഭാംഗമായി ജനിച്ചുവളർന്നവനും, കത്തോലിക്കാസഭയെപ്പററി നിരവധി തെററിദ്ധാരണകൾക്കു് വശംവദനായിരുന്നവനുമായ ഈ ലേഖകനിലും സത്യാന്വേഷണത്തിനുള്ള പ്രഥമാഗ്രഹം അങ്കുരിപ്പിച്ചതു് പാപ്പാസിംഹാസനത്തേയും, കത്തോലിക്കാസഭയുടെ വിശ്വാസവിഷയങ്ങളേയും അധിക്ഷേപിച്ചുകൊണ്ടുള്ള മി. ഡാനിയേലിന്റെ പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും ആയിരുന്നുവെന്നുള്ള വാസ്തവം കൃതജ്ഞതാപൂർവ്വം ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. എന്നെപ്പോലെയുള്ള ഒട്ടനേകരുടെ കൃതജ്ഞത സ്വീകരിച്ചുകൊണ്ടും, അന്നു താൻ ചെയ്ത പ്രയത്നങ്ങൾക്കും സഹിച്ച ക്ലേശങ്ങൾക്കും ഇരുപതുവർഷത്തിനുള്ളിൽ പ്രതിഫലം ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ടും സ്വയം അഭിമാനിക്കുന്നതിനു മി. ഡാനിയേലിനു് ഇപ്പോൾ സാധിക്കുമെന്നുള്ളതിനു സംശയമില്ല.

"പാപ്പായുടെ ആധിപത്യ"മെന്ന കൃതിയുടെ പ്രസ്താവനയിൽ യൂറോപ്പിലും അമേരിക്കയിലുമുള്ള വിവിധരാജ്യങ്ങളിൽ കത്തോലിക്കാസഭ അധഃപതിച്ചുകൊണ്ടിരിക്കയാണെന്നുള്ള അടിസ്ഥാനരഹിതമായ പ്രസ്താവനയെ തുടർന്നു് ഒരു പ്രവാചകനെന്നോണം മി. ഡാനിയേൽ എഴുതിയിരുന്നതു് ഇപ്രകാരമാണു്:—

"ഇങ്ങനെ ഭൂലോകം ഒട്ടുക്കു് റോമാസഭ പൊളിയുകയാണ്. ഇംഗ്ലണ്ടു്, ജർമ്മനി, അമേരിക്കാ മുതലായ പ്രോട്ടസ്റ്റൻറു രാജ്യങ്ങൾ അഭിവൃദ്ധിപ്പെടുകയും റോമൻ കത്തോലിക്കാരാജ്യങ്ങൾ അധഃപതിക്കുകയും ചെയ്യുന്നതിന്റെ കാരണം എന്തെന്നു് ഇരുട്ടറയിൽ കിടന്നവർ അന്വേഷിക്കുവാൻ തുടങ്ങിയതാണു് ഈ പൊളിച്ചിലിന്റെ കാരണം. മലയാളരാജ്യത്തെ ഇരുട്ടറയും പൊളിയും, നിശ്ചയം. അതിന്റെ പ്രാരംഭം പലടത്തും കണ്ടുതുടങ്ങിയിരിക്കുന്നു." (പുറം 73)

മേലുദ്ധരിച്ച മി. ഡാനിയേലിന്റെ പ്രവചനം നടന്നിട്ടു് ഇപ്പോൾ ഇരുപതു വർഷത്തോളമായിരിക്കുന്നു. ഈ ഇരുപതു വർഷങ്ങൾക്കുള്ളിൽ ലോകത്തിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും കത്തോലിക്കാസഭ പൊളിയുകയാണോ അഥവാ വളരുകയാണോ ചെയ്തിട്ടുള്ളതെന്നു് റോമൻകത്തോലിക്കരുടെ "കൗശലപദ്ധതി"യും കണ്ടുപിടിച്ചുകൊണ്ടു് ഇപ്പോൾ വീണ്ടും രംഗപ്രവേശംചെയ്തിരിക്കുന്ന മി. ഡാനിയേലും അനുയായികളും അന്വേഷിക്കേണ്ടതുതന്നെയാണു്. അനേകലക്ഷം അക്രൈസ്തവരും അകത്തോലിക്കരും തങ്ങളുടെ സത്യാന്വേഷണത്തിന്റെ ഫലമായി ദൈവസ്ഥാപിതമതം കത്തോലിക്കാമതമാണെന്നു ബോദ്ധ്യപ്പെട്ടു മനസ്സാക്ഷിയുടെ പ്രേരണയ്ക്കു വശംവദരായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇതിനകം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞിട്ടുണ്ടു്. പ്രചണ്ഡമായ പ്രതികൂലശക്തികളുടെ മദ്ധ്യേ ആരേയും ആശ്ചര്യപരതന്ത്രരാക്കുമാറു്, പാപ്പാസിംഹാസനത്തിന്റെ വിജയപതാക ദിഗന്തമെങ്ങും ഇന്നു് പാറിപ്പറന്നുകൊണ്ടിരിക്കുന്നു. ആധുനികലോകത്തെ ഗ്രസിക്കുന്നതിനായി ഉദയംചെയ്തിരിക്കുന്ന കമ്മ്യൂണിസമാകുന്ന ധൂമകേതുവിനെ നിഹനിക്കുന്നതിനുള്ള ഏകശക്തി പാപ്പാസിംഹാസനം മാത്രമാണെന്നു സമസ്തലോകത്തിനും ബോദ്ധ്യമായിക്കഴിഞ്ഞിരിക്കുന്നു. തന്മൂലം ലോകത്തിലേ മിക്കവാറും എല്ലാം രാഷ്ട്രങ്ങളും തങ്ങളുടെ പ്രതിനിധികളെ വത്തിക്കാനിലേക്കു് അയക്കുകയും, വത്തിക്കാൻ പ്രതിനിധികളെ അതാതു രാഷ്ട്രങ്ങളിൽ സ്വീകരിക്കയും, അങ്ങനെ ലോകം മുഴുവന്റെയും ശ്രദ്ധ ആ ആദ്ധ്യാത്മികകേന്ദ്രത്തിലേക്കു പതിയുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. ഏവംവിധം ബാഹ്യമായും ആഭ്യന്തരമായും അത്ഭുതാവഹവും അസൂയാവഹവുമായ ശക്തിയോടും അഭിവൃദ്ധിയോടുംകൂടെയാണു് കത്തോലിക്കാസഭ മുമ്പോട്ടു പ്രയാണംചെയ്തുകൊണ്ടിരിക്കുന്നതു്. അതിന്റെ ഗതിയെ വിഘ്നപ്പെടുത്തുന്നതിനല്ലാതെ തടയുന്നതിനു് ഇന്നു യാതൊരു ലൗകികശക്തിക്കും സാദ്ധ്യമല്ലെന്നു് ഇതുപര്യന്തമുള്ള അനുഭവം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. അതെ, നരകവാതിലുകൾ ഏതൊരു സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലെന്നു ദിവ്യരക്ഷകൻ അരുൾചെയ്തുവോ ആ സഭ കത്തോലിക്കാസഭയാണെന്നുള്ള വാസ്തവമല്ലയോ ഇവയെല്ലാം വിളിച്ചുപറയുന്നതു്? എങ്കിലും "ഭൂലോകം മുഴുവൻ റോമാസഭ പൊളിയുകയാണു്" എന്നു് എഴുതിയ മി. ഡാനിയേൽ ഒരു "പ്രവാചകൻ"തന്നെ, സംശയമില്ല!

"മലയാളരാജ്യത്തെ ഇരുട്ടറയും പൊളിയും" എന്നുള്ള അദ്ദേഹത്തിന്റെ പ്രവചനവും എപ്രകാരം നിറവേറിയിരിക്കുന്നുവെന്നു് ഇനിയും പരിശോധിക്കാം. ഇക്കഴിഞ്ഞ ഇരുപതു വർഷത്തിനുള്ളിൽ സാമുദായികമായും, സാമ്പത്തികമായും രാഷ്ട്രീയമായും, വിദ്യാഭ്യാസപരമായും, സർവ്വോപരി ആദ്ധ്യാത്മികമായും ഈ "മലയാളരാജ്യത്തെ" കത്തോലിക്കാസഭയ്ക്കു ഉണ്ടായിട്ടുള്ള പുരോഗതി ആരെയും അത്ഭുതഭരിതരാക്കിത്തീർക്കുകതന്നെ ചെയ്യും. ജനസംഖ്യയിലും, സ്ഥാപനങ്ങളിലും ഇതരസമുദായങ്ങളേയും സഭകളേയും കവച്ചുവെച്ചുകൊണ്ടു് കേരളീയകത്തോലിക്കർ പുരോഗമനപന്ഥാവിൽക്കൂടെ ശീഘ്രഗതിയിൽ പ്രയാണംചെയ്തുകൊണ്ടിരിക്കയാണെന്നുള്ള വാസ്തവം ആർക്കും നിഷേധിക്കുക സാദ്ധ്യമല്ല. ഇക്കഴിഞ്ഞ ഇരുപതു വർഷത്തിനുള്ളിൽ നാലു അഭിവന്ദ്യ തിരുമേനിമാർ, രണ്ടു റമ്പാന്മാർ, നൂറിൽപ്പരം വൈദികന്മാർ, അൻപതിനായിരത്തോളം അത്മേനികൾ എന്നിവരെല്ലാം അകത്തോലിക്കാസഭകളിൽനിന്നും സത്യം ഗ്രഹിച്ചു്, കത്തോലിക്കാസഭയെ ആശ്ലേഷിച്ചു്, പാപ്പായുടെ ആധിപത്യത്തിൻമുമ്പാകെ തങ്ങളുടെ മുട്ടുകൾ കുനിച്ചു കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ ഒരററംമുതൽ മറേറ അററംവരെയുള്ള അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും എല്ലാം കേന്ദ്രങ്ങളിലും കത്തോലിക്കാ ദൈവാലയങ്ങൾ, സ്കൂളുകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയെല്ലാം നിർമ്മിക്കപ്പെട്ടുകഴിഞ്ഞു. മാർത്തോമ്മാസഭയുടെയും മി. ഡാനിയേലിന്റെയും ജന്മദേശമായ തിരുവല്ലാതാലൂക്കിൽതന്നെ അൻപതിൽപ്പരം കത്തോലിക്കാ ദൈവാലയങ്ങളും നിരവധി സ്കൂളുകളും ഇതിനോടകം സ്ഥാപിതമായിക്കഴിഞ്ഞിട്ടുണ്ടു്. കൈവിരലിൽ എണ്ണുവാൻമാത്രം കത്തോലിക്കർ ഉണ്ടായിരുന്ന പ്രസ്തുതതാലൂക്കിൽ യാക്കോബായ, മാർത്തോമ്മാ ആദിയായ അകത്തോലിക്കാസഭകളിൽനിന്നും പുനരൈക്യപ്പെട്ട പതിനായിരത്തോളം കത്തോലിക്കരെ ഇന്നു കണ്ടെത്തുവാൻ സാധിക്കുന്നതാണു്.

മാർത്തോമ്മാസഭയുടെ പ്രധാനകേന്ദ്രവും, പ്രസ്തുതസഭയുടെ മെത്രാപ്പോലീത്തായുടെ ആസ്ഥാനവും, മി കെ. എൻ. ഡാനിയേലിന്റെ സ്ഥിരവാസസ്ഥലവുമായ തിരുവല്ലാപട്ടണത്തിൽക്കൂടെ ഇരുപതു വർഷങ്ങൾക്കുമുമ്പു് സഞ്ചരിച്ചിട്ടുള്ള ഒരുവൻ ഇന്നു് ആ പട്ടണം സന്ദർശിക്കുന്നപക്ഷം കത്തോലിക്കാസഭയ്ക്കു ഇതിനകം അവിടെ ഉണ്ടായിട്ടുള്ള അഭിവൃദ്ധി കണ്ടു് ആശ്ചര്യഭരിതനായിത്തീരുമെന്നുള്ളതിനു് സംശയമില്ല. മി. ഡാനിയേലിന്റെ "പാപ്പാധിപത്യ" പ്രസിദ്ധീകരണകാലത്തു് ഒരൊററ കത്തോലിക്കാസ്ഥാപനംപോലും ഇല്ലാതിരുന്ന ആ പട്ടണത്തിൽ ഇന്നു് ഒരു മെത്രാസനാരമന, വൈദികസെമിനാരി, കത്തീഡ്രൽ, അച്ചടിശ്ശാല, ഇംഗ്ലീഷ് ഹൈസ്കൂൾ, രണ്ടു മഠങ്ങൾ, ഒരു ആശ്രമം ആദിയായി പത്തിൽ കുറയാതെയുള്ള സ്ഥാപനങ്ങൾ കത്തോലിക്കാസഭവകയായി ഉണ്ടെന്നുള്ളതു ആശ്ചര്യാവഹംതന്നെയല്ലയോ? തങ്ങളുടെ അകത്തോലിക്കാസഹോദരങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥനയാലും പ്രസംഗങ്ങളാലും, പ്രസിദ്ധീകരണങ്ങളാലും അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ശതക്കണക്കിനു പുനരൈക്യപ്പെട്ട കത്തോലിക്കരേയും ഇന്നും ആ പട്ടണത്തിൽത്തന്നെ കാണുവാൻ കഴിയും. അങ്ങനെ കത്തോലിക്കാ അന്തരീക്ഷവും, കത്തോലിക്കാ പ്രവർത്തനവും, കത്തോലിക്കാ ചൈതന്യവും സർവ്വത്ര പ്രത്യക്ഷപ്പെടുത്തുന്ന ആ തിരുവല്ലാപട്ടണംതന്നെ മി. ഡാനിയേലിന്റെ പ്രവചനം തെററിപ്പോയെന്നു് ഉദ്ഘോഷിച്ചുകൊണ്ടല്ലയോ ഇന്നു സ്ഥിതിചെയ്യുന്നതു്?

കത്തോലിക്കാസഭയെപ്പററി ഇന്നാട്ടിലെ അകത്തോലിക്കരുടെ ഇടയിൽ ഇരുപതു വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന തെററിദ്ധാരണകളും ഇതിനോടകം പാടേ നീങ്ങിക്കഴിഞ്ഞിരിക്കുന്നു. കത്തോലിക്കാസഭയുടെ സംഘടനാശക്തി, ക്രമീകരണം, അച്ചടക്കബോധം എന്നീ ഗുണവിശേഷങ്ങളെപ്പററിയും, പ്രസ്തുതസഭ ലോകോപകാരാർത്ഥം നടത്തിക്കൊണ്ടിരിക്കുന്ന നിസ്തുല്യസേവനങ്ങളെക്കുറിച്ചും, പാപ്പാസിംഹാസനത്തിനു് ഇന്നു ലോകത്തിലുള്ള അനന്യാദൃശമായ സ്വാധീനശക്തിയെക്കുറിച്ചും വലുതായ മതിപ്പും ബഹുമാനവും ഇവിടത്തെ അകത്തോലിക്കാസഹോദരങ്ങളിൽ സംജാതമായിക്കഴിഞ്ഞിട്ടുണ്ടു്. അതോടുകൂടെത്തന്നെ തങ്ങളുടെ സഭകളിലെ കുഴപ്പങ്ങളേയും അതാതിന്റെ ദയനീയമായ നിലയേയുംപററിയുള്ള ബോധവും അവരിൽ ഉളവായിക്കഴിഞ്ഞിരിക്കുന്നു. ഇവയുടെയെല്ലാം ഫലമായിട്ടല്ലയോ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള അവസരം പ്രതീക്ഷിച്ചുകൊണ്ടും, അതിൽനിന്നും തങ്ങളെ തടഞ്ഞുകൊണ്ടിരിക്കുന്ന പ്രതികൂലശക്തികളെക്കൂടെയും അനുകൂലമാക്കിത്തീർക്കുന്നതിനു പരിശ്രമിച്ചുകൊണ്ടും അനേകായിരം അകത്തോലിക്കാ സഹോദരങ്ങൾ അക്ഷമരായി ഇന്നു് കഴിഞ്ഞുകൂടുന്നതു്? ഈ വാസ്തവങ്ങളെല്ലാം, ഇരുപതു വർഷങ്ങൾക്കുമുമ്പു് താൻ ചെയ്ത പ്രവചനം തെററിപ്പോയെന്നു് മി. ഡാനിയേലിനെ ബോദ്ധ്യപ്പെടുത്തുകയും, കത്തോലിക്കാസഭയേയും പാപ്പാധിപത്യത്തേയും കുറിച്ചു് നിഷ്പക്ഷപഠനം നടത്തുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിക്കുകയും, അങ്ങനെ സത്യം ഗ്രഹിച്ചു് "ഇന്നത്തെ എന്റെ വിശ്വാസം ഇളകിയാൽ നാളെ ഞാൻ റോമൻ കത്തോലിക്കാസഭയിലായിരിക്കു"മെന്നു് മുപ്പതു വർഷങ്ങൾക്കുമുമ്പു് അദ്ദേഹം ചെയ്ത പ്രസ്താവന അർത്ഥവത്താകുവാൻ ഇടയാക്കിത്തീർക്കുകയും ചെയ്യുമെന്നു വിശ്വസിക്കട്ടെയോ?

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ, സുഖപ്പെട്ടുവാൻ അസാദ്ധ്യമായിരുന്ന എന്റെ കുട്ടിയുടെ കൈ സുഖപ്പെട്ടതിനു കൃതജ്ഞത.

എന്നു് C. S. Alexander
C/o M/S P. K. Varghese & Sons
Ernakulam

---

Thanksgiving for favours received through Rev. Sr. Alphonsa.
Xavier Puliyanath,
Cochin

---

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 ആഫ്രിക്കായിൽ ടഗസ്റ്റ് എന്ന സ്ഥലത്തു്. 2 354-ൽ. 3 430-ൽ. 4 മോനിക്ക. 5 പട്രീഷ്യസ്. 6 വി. അംബ്രോസ്. 7 ഫിലിപ്പോയിലെ. 8 ഏററു പറച്ചിലുകൾ (Confessions) ദൈവനഗരം (City of God).

## ഫാത്തിമാസ്വരൂപം

ലണ്ടനിലെ പോർച്ചുഗീസ് പ്രതിനിധിയായ ഡ്യൂക് ഓഫ് പൽമെല്ലായും, അദ്ദേഹത്തിന്റെ ഭാര്യയും 11 മക്കളുംകൂടി കാർഡിനൽ ഗ്രിഫിനു് ഫാത്തിമാമാതാവിന്റെ ഒരു തിരുസ്വരൂപം സമ്മാനിക്കയുണ്ടായി. അതു ഒമ്പതു ദിവസം വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രൽ ദേവാലയത്തിൽ ജനങ്ങളുടെ വണക്കത്തിനായി പ്രതിഷ്ഠിച്ചിരുന്നു. മാതാവിന്റെ നേർക്കുള്ള ഭക്ത്യാദരവുകൾ പ്രദർശിപ്പിക്കുന്നതിനായി ദേവാലയം സന്ദർശിച്ചവരുടെ സംഖ്യ സീമാതീതമാണു്. കർദ്ദിനാൾ തിരുമേനി അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയുടെ സമയത്തു ഡ്യൂക്കു പൽമെല്ലായും പത്നിയും തിരുസ്വരൂപത്തിന്റെ മുമ്പിൽത്തന്നെ മുട്ടുകുത്തിനിന്നിരുന്നു.

പ്രഭാഷണം

# അപസ്വരങ്ങൾ

"നിന്റെ തിരുനാമം ശുദ്ധമാക്കപ്പെടണം" (കർതൃപ്രാർത്ഥനയിലെ ഒന്നാം യാചന.)

സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കുതാഴെയും സമുദ്രത്തിലുമുള്ള സകലസൃഷ്ടങ്ങളും അവയിലുള്ളവയുമെല്ലാം: സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും അധികാരവും എന്നും എന്നേക്കും ഉണ്ടായിരിക്കട്ടെ, എന്നുപറയുന്നതു ഞാൻ കേട്ടു." (വെളിപാടു് V - 13)

ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകല സൃഷ്ടവസ്തുക്കളേയും സ്രഷ്ടാവിന്റെ അപദാനങ്ങളെ അനവരതം പ്രകീർത്തിക്കുന്ന വലിയൊരു ഗായകസംഘമായി ചിത്രീകരിക്കുന്നതിൽ അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. ക്രോവെ, സ്രാപ്പേ തുടങ്ങിയ നവവൃന്ദം മാലാഖമാർ ഭയഭക്തിബഹുമാനപരവശരായി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു്, "സൈന്യങ്ങളുടെ കർത്താവായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ" എന്നു സദാ ആലപിച്ചുകൊണ്ടു് സ്വർഗ്ഗസീമകൾ നിത്യസംഗീതത്താൽ മുഖരിതമാക്കിക്കൊണ്ടിരിക്കുന്നു. സ്വർഗ്ഗസൗഭാഗ്യമനുഭവിക്കുന്ന വിശുദ്ധാത്മാക്കളുടെയും കൃത്യം പരമനന്മയായ പരാപരനെ എന്നും സ്തുതിച്ചുകൊണ്ടിരിക്കുകയല്ലാതെ മറ്റൊന്നുമല്ല. അനന്തമായ ആകാശപ്പരപ്പിൽ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന നക്ഷത്രജാലങ്ങൾ ദൈവനിർദ്ദിഷ്ടങ്ങളായ സഞ്ചാരപഥങ്ങളിൽക്കൂടി അനുസ്യൂതമായും മിന്നൽവേഗത്തിലും സംഘട്ടനം കൂടാതെയും പാഞ്ഞുകൊണ്ടു തങ്ങളുടെ സ്രഷ്ടാവിനെ പുകഴ്ത്തുകയല്ലേ ചെയ്യുന്നതു്? കൃത്യനിഷ്ഠയോടെ എല്ലാ ദിവസവും പുലരിയിൽ പൊൻകതിരുകൾ വീശികൊണ്ടു പൂർവ്വദിങ്മുഖത്തിൽ പ്രത്യക്ഷപ്പെടുകയും പ്രദോഷത്തിൽ പ്രതീചിയെ ചെഞ്ചായം പൂശിക്കൊണ്ടു പശ്ചിമാബ്ധിയിൽ അസ്തമിക്കുകയും ചെയ്യുന്ന സൂര്യനും, വൃദ്ധിക്ഷയങ്ങൾ ക്രമാനുഗതമായി പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് കാലഭേദങ്ങൾക്കു കാരണകർത്താവാകുന്ന ശീതാംശുവും ദൈവമഹത്വത്തെ പ്രകീർത്തിക്കുകയല്ലേ ചെയ്യുന്നതു്? പ്രാചീന ഗ്രന്ഥകാരന്മാർ ഇതിനെ "ഗോളങ്ങളുടെ നിത്യസംഗീതം" (Eternal music of the spheres) എന്നു് അഭിസംബോധനം ചെയ്തിട്ടുണ്ടു്. ഭൂമിയിലാകട്ടെ, പെരുമ്പറയടിക്കുന്ന വിസ്തൃതവാരാശികളും ഇരമ്പിപ്പാഞ്ഞൊഴുകുന്ന കാട്ടാറുകളും വിണ്ണിനോടു നർമ്മോക്തി ചൊല്ലുന്ന ഉന്നതഗിരിശൃംഗങ്ങളും തരുപുഷ്പലതാദികളാൽ നിബിഡങ്ങളായ വനാന്തരങ്ങളും പൂങ്കാവുകളും പ്രകൃതിശക്തിയെ പ്രദ്യോതിപ്പിക്കുന്ന ഇടിമിന്നലും പേമാരിയും പ്രചണ്ഡമാരുതനും എല്ലാം സ്രഷ്ടാവിന്റെ ശക്തിപ്രതാപങ്ങളേയും മാഹാത്മ്യത്തേയും ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. അന്തരീക്ഷത്തിൽ പറന്നു വിഹരിക്കയും കളഗാനങ്ങളുതിർക്കയും ചെയ്യുന്ന പക്ഷിപറവകളും കാട്ടിലും നാട്ടിലും ഓടിനടക്കുന്ന മൃഗസഹസ്രങ്ങളും അഗാധജലാശയങ്ങളിൽ സ്വൈരസഞ്ചാരം നടത്തുന്ന ജലജീവികളും ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. മൂന്നു ബാലന്മാർ തീച്ചൂളയിൽ കിടന്നുകൊണ്ടു ആലപിച്ച സ്തോത്രഗീതത്തിലും ദൈവസ്തുതിഗാനങ്ങൾക്കായി പ്രത്യേകം നിർദ്ദിഷ്ടങ്ങളായ "സങ്കീർത്തന"ങ്ങളിലും, സകല സൃഷ്ടിജാലങ്ങളേയും തന്റെ സഹോദരീസഹോദരന്മാരായി പരിഗണിച്ച വി. ഫ്രാൻസീസ് അസ്സീസിയുടെ പ്രവൃത്തിപരമ്പരകളിലും ഈ ഒരു യാഥാർത്ഥ്യം തുറിച്ചുനിൽക്കുന്നുണ്ടു്; അതായതു, ദൃശ്യങ്ങളും അദൃശ്യങ്ങളുമായ സകല സൃഷ്ടവസ്തുക്കളും സ്രഷ്ടാവിനു സ്തുതിഗാനങ്ങൾ ആലപിക്കുന്ന ഒരു മഹാഗായകസംഘമാണെന്നു്.

എന്നാൽ ഈ ഗായകസംഘത്തിന്റെ അനുസ്യൂതമായ ഗാനാലാപങ്ങളിൽ ഇടയ്ക്കിടെ കർണ്ണാരുന്തുദമായ ചില അപസ്വരങ്ങൾ കേൾക്കാം. കാരണം, ഈ നിരർഗ്ഗളസംഗീതധോരണിയെ അലങ്കോലപ്പെടുത്തുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ള ചില സൃഷ്ടികൾ ഉണ്ടു്. ആരാണവർ? മനുഷ്യർതന്നെ; എല്ലാവരുമല്ല, എങ്കിലും വളരെപ്പേർ. "20 കൊല്ലത്തിനകം ദൈവത്തിന്റെ കാര്യം കഴിഞ്ഞിരിക്കും"—1758-ൽ വോൾട്ടെയർ തന്റെ സ്നേഹിതനായ ഡാലംബേർട്ടിനു് എഴുതിയ ഒരു കത്തിലെ വാചകമാണിതു്. മറ്റൊരു വിപ്ലവനേതാവായിരുന്ന ഷോമററ് ഇപ്രകാരം ദൈവദൂഷണം ചെയ്തു: "ദൈവമേ, നീ അങ്ങനെ ഒരാളുണ്ടെന്നു തെളിയിക്കുന്നതിനായി എന്റെമേൽ ഇടിവെട്ടു് നിപതിപ്പിച്ചാലും." ജർമ്മൻ തത്വശാസ്ത്രജ്ഞനായിരുന്ന നീഷ് (Nietzsche) ധിക്കാരമായിപ്പറഞ്ഞു: "പുരാതനദൈവം മരിച്ചിരിക്കുന്നു. ഞങ്ങളാണു് അവനെ കൊന്നതു്." അടുത്തകാലത്തു നമ്മുടെ ഈ കേരളത്തിൽതന്നെ പ്രസിദ്ധീകൃതമായ ഒരു ഗ്രന്ഥത്തിൽ നിരീശ്വരനായ തൽകർത്താവു് ഒരു കഥാപാത്രത്തെക്കൊണ്ടു ഇപ്രകാരം പ്രാർത്ഥിപ്പിക്കുന്നു: "നിർദ്ദയനായ, ഹേ, സർവ്വേശ്വരാ; പിതാവെ! വിശക്കുന്നു, കലശലായ ദാഹവും ഉണ്ടു്; വയറിന്റെ കലശലായ വിശപ്പും ഹൃദയത്തിന്റെ ദാഹവും. ഇങ്ങനെ യുഗാന്തരങ്ങളിലൂടെ ലക്ഷം ലക്ഷം സ്ത്രീപുരുഷന്മാർ നിന്നോടു പ്രാർത്ഥിച്ചു. എന്നിട്ടു നീ എന്തു ചെയ്തു?" "ഭോഷൻ അവന്റെ ഹൃദയത്തിൽ പറഞ്ഞു, ദൈവം ഇല്ല എന്നു്" (സങ്കീ. 13,1). ഇന്നുള്ളവരാകട്ടെ ദൈവത്തെ ഭോഷനായി ചിത്രീകരിക്കുന്നു. ദരിദ്രലക്ഷങ്ങളുടെ കഷ്ടപ്പാടുകളിൽ കരളലിയാത്തവനും ദുഷ്ടന്മാരുടെ അക്രമങ്ങളിൽ കണ്ണടയ്ക്കുന്നവനുമായ കണ്ണിൽ ചോരയില്ലാത്ത ഒരു ക്രൂരസത്വമായും ചിലർ അങ്ങയെ അവഹേളിക്കുന്നു. നിരീശ്വരന്മാർ എല്ലാ കാലത്തുമുണ്ടായിട്ടുണ്ടു്. എന്നാൽ ഇന്നത്തെപ്പോലെ ദൈവതിരുനാമം ദൂഷിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു കാലസന്ധി ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. നിരീശ്വരപരവും നിർമ്മതപരവുമായ ഇന്നത്തെ നിരവധി സംഘടനകളും അവയുടെ നിരന്തരമായ കുപ്രചരണങ്ങളും ദൈവനിന്ദയും വിദ്വേഷവും സാധുതൊഴിലാളികളിലും ബാലികാബാലന്മാരുടെ പിഞ്ചുഹൃദയങ്ങളിലും കുത്തിവെക്കുന്നുണ്ടു്. വിദ്യാലയങ്ങൾ പത്രമാസികകൾ, പ്രസംഗവേദികൾ, വ്യവസായശാലകൾ, സിനിമാശാലകൾ നിരീശ്വരസമ്മേളനങ്ങൾ എന്നിവയിൽനിന്നും അനുദിനം ഉയർന്നുവരുന്ന ദൈവനിന്ദനങ്ങളും പരിഹാസശരങ്ങളും എത്ര ഭയങ്കരം! ദൈവവിശ്വാസത്തിന്റെ ഒരു കണികയെങ്കിലും തന്നിലവശേഷിച്ചിട്ടുള്ള ഏതൊരുവനും ഹൃദയവേദനയോടെ ഇതിനെല്ലാം പരിഹാരം ചെയ്കയും ദൈവത്തെ യഥാശക്തി സ്തുതിക്കുകയും "അങ്ങെ തിരുനാമം ശുദ്ധമാക്കപ്പെടണം" എന്നു് ഉള്ളുരുകിക്കൊണ്ടു പ്രാർത്ഥിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഈ അപേക്ഷ കർതൃപ്രാർത്ഥനയിൽ പ്രഥമസ്ഥാനമലങ്കരിക്കുന്നതു് തക്കന്യായത്തോടുകൂടിത്തന്നെയാണു്. കാരണം, ഒരു ക്രിസ്ത്യാനിയുടെ പ്രഥമവും പ്രധാനവുമായ ചുമതല ദൈവത്തെ മുഴുഹൃദയത്തോടുകൂടി സ്നേഹിക്കുകയാണല്ലോ; തന്നിമിത്തം, ആ സ്നേഹമൂർത്തിയുടെ തിരുനാമത്തിനു നിസ്സീമമായ ബഹുമാനവും മഹത്വവും കൈവരണമെന്നുള്ളതായിരിക്കണം അവന്റെ പ്രധാനവും ആത്മാർത്ഥവുമായ ആഗ്രഹവും. ദൈവം തന്നിൽത്തന്നെ അനന്തമായ കീർത്തിസൗഭാഗ്യങ്ങൾ നിത്യകാലവും അനുഭവിക്കുന്നുണ്ടെന്നും, കോടിക്കണക്കിനുള്ള ദൈവദൂതവൃന്ദങ്ങളും വിശുദ്ധാത്മാക്കളും അങ്ങയെ എന്നെന്നും സ്തുതിക്കുന്നുണ്ടെന്നും ഓർക്കുമ്പോൾ അവൻ സന്തോഷനിമഗ്നനായിത്തീരുന്നു. എന്നാൽ അതേ സമയംതന്നെ ഭൂമിയിൽ അങ്ങെ നന്മയും സ്നേഹവും എത്രകുറച്ചുമാത്രമാണു് അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നതെന്നും അങ്ങെ കരങ്ങളാൽ സൃഷ്ടിക്കപ്പെട്ടവരും അങ്ങിൽ മാത്രം ആനന്ദം പ്രാപിക്കേണ്ടവരുമായ മനുഷ്യർ അങ്ങയെ എത്രകുറച്ചുമാത്രമാണു സ്തുതിക്കയും സ്നേഹിക്കയും ചെയ്യുന്നതെന്നും ഓർക്കുമ്പോൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ഹൃദയം വിഷാദാകുലമായിത്തീരും. അതിലുപരിയായി, ദൈവത്തെ യാതൊരുകൂസലുംകൂടാതെ അധിക്ഷേപിക്കയും നിന്ദിക്കയും ചെയ്യുന്ന മനുഷ്യരെപ്പറ്റി ഓർക്കുമ്പോൾ അവൻ തീർച്ചയായും പരിശുദ്ധമായ തീക്ഷ്ണതയാൽ ഉജ്ജ്വലിക്കയും അവഹേളിക്കപ്പെടുന്ന ദൈവനാമത്തെ പ്രാർത്ഥനകൊണ്ടും പ്രവൃത്തികൊണ്ടും യഥാർഹം സ്തുതിക്കയും ആ കരുണാമൂർത്തിയുടെ സ്നേഹപാരമ്യത്തെ ലോകസമക്ഷം സധൈര്യം പ്രഖ്യാപിക്കയും ചെയ്യേണ്ടതല്ലയോ?

ഈ അപേക്ഷ ആത്മാർത്ഥമായി ഉരുവിടുന്നവൻ ഉന്നതമായ ദൈവസ്നേഹത്തിന്റെ ഉപരിതലത്തിലാണു വർത്തിക്കുന്നതു്. സ്നേഹിക്കുന്ന ഹൃദയങ്ങൾ പരസ്പരം സർവ്വവിധ നന്മകളും കൈവരട്ടെയെന്നു നിഷ്കാമമായി ആഗ്രഹിക്കാറുണ്ടു. അതുകൊണ്ടു്, "അങ്ങെ തിരുനാമം ശുദ്ധമാക്കപ്പെടണം" എന്നു നാം യാചിക്കുമ്പോൾ നമ്മുടെ സ്രഷ്ടാവിനു കൈവരുവാൻ പാടുള്ള സകല സ്തോത്രവും മഹത്വവും സകലസൃഷ്ടികളും നൽകുമാറാകട്ടെ എന്നാണല്ലോ നാം അഭിലഷിക്കുന്നതു്. അനന്തസൗഭാഗ്യവാനായ ദൈവത്തിനു് ഇതല്ലാതെ മറെറന്താണു നമുക്കു നൽകുവാനൊ ആശംസിക്കുവാനൊ കഴിയുക? സ്വയസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പാരമ്യവും ഈ പ്രാർത്ഥനയിൽ അടങ്ങിയിട്ടുണ്ടു്. കാരണം, ദൈവത്തിന്റെ തിരുനാമം ശുദ്ധമാക്കപ്പെടണമെന്നു നാം പ്രാർത്ഥിക്കുമ്പോൾ ആ ദിവ്യനാമം നമ്മിലും പരന്മാരിലും വിശുദ്ധീകരിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യട്ടെ എന്നു നാം ആഗ്രഹിക്കുന്നു. എന്നാൽ ദൈവം നമ്മിലും ഇതരന്മാരിലും മഹത്വപ്പെടുകയും നമ്മുടെയും അവരുടെയും ജീവൻ മുഴുവനും അങ്ങെ മഹത്വത്തിനായി കാലത്തിലും നിത്യതയിലും സമർപ്പിക്കപ്പെടുകയും ചെയ്യുന്നതിനെക്കാൾ കൂടുതലായ ഒരു നന്മ നമുക്കു തന്നെ ലഭിക്കുവാനൊ പരന്മാർക്കു ആശംസിക്കുവാനൊ സാദ്ധ്യമല്ല. കൂടാതെ, ഈ സ്നേഹം ഏററവും പരിശുദ്ധവും പരിപൂർണ്ണവുമാണെന്നുള്ളതും സുസ്പഷ്ടമാണു്. കാരണം, ദൈവമാണു് അതിന്റെ ആരംഭവും അവസാനവും.

നമ്മുടെ ജീവിതം മുഴുവനും ദൈവത്തിനുള്ള ഒരു നിരന്തരസ്തുതിഗാനമായിരിക്കട്ടെ. നമ്മുടെ അനുദിനപ്രാർത്ഥനകളും, കുടുംബപ്രാർത്ഥനകളും, ദിവ്യബലിയും, കൂദാശാസ്വീകരണങ്ങളും ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുള്ള ദൈവസ്തുതികളായിരിക്കട്ടെ. മാത്രമല്ല, നമ്മുടെ ജീവിതത്തിലെ ഓരോ വിചാരവും വാക്കും പ്രവൃത്തിയും ഹൃദയത്തിന്റെ സ്പന്ദനവും ദൈവസ്തുതിയെ ലക്ഷ്യമാക്കിയായിരിക്കണം. നിങ്ങൾ ഭക്ഷിക്കയൊ കുടിക്കുകയൊ എന്തുതന്നെ ചെയ്താലും എല്ലാം ദൈവസ്തുതിക്കായി ചെയ്യുവിൻ എന്നുള്ള വി. പൗലോസിന്റെ ഉപദേശം അനുവർത്തിക്കുന്നവരാകണം നാം. ഇപ്രകാരം നാമോരോരുത്തനിലും ദൈവനാമം പവിത്രീകരിക്കപ്പെടുമ്പോൾ തീർച്ചയായും ഏതൽസൗരഭ്യം നമ്മിൽനിന്നും പ്രസരിക്കയും അയൽവാസികളുടെ ദൈവനിന്ദാപരങ്ങളായ വാക്കുകൾക്കും പ്രവൃത്തികൾക്കും അതൊരു സംശുദ്ധീകരണവും പരിഹാരവുമായിരിക്കയും ചെയ്യും. സർവ്വോപരി കടുത്ത നിരീശ്വരന്മാരിൽനിന്നും, തലതിരിഞ്ഞ ചില ആധുനിക പ്രസ്ഥാനക്കാരിൽനിന്നും കാപിനപാപികളിൽനിന്നും വമിച്ചുകൊണ്ടിരിക്കുന്ന ദൈവദൂഷണങ്ങൾക്കു ഹൃദയതാപത്തോടെ പരിഹാരം ചെയ്യേണ്ടതായ ചുമതലയും നമുക്കുണ്ടു്. ദിവ്യബലിയും, ദിവ്യകാരുണ്യ സ്വീകരണവും, തിരുമണിക്കൂറും, തപശ്ചര്യകളും, സ്തോത്രഗീതങ്ങളുംവഴിയായി നാം ഏതൽ കൃത്യനിർവ്വഹണത്തിൽ ജാഗരൂകരായിരിക്കണം.

(ജെ. ചെമ്മണൂർ)



For Favours Received

Inserted by
Charles Mandy
Trivandrum.

---

## മഹറോന്റെ അർത്ഥം

ഹോളി ഓഫീസു തിരുസംഘത്തിന്റെ കമ്മ്യൂണിസത്തെപ്പററിയുള്ള ഡിക്രിയിൽ പ്രതിപാദിതമായിരിക്കുന്ന മഹറോൻ ശിക്ഷ 2314-ാം കാനോനിൽ വിവരിച്ചിട്ടുള്ളതരമാണു്. അതു തിരുസിംഹാസനത്തിനു മാത്രം പോക്കാവുന്ന മഹറോനാണെങ്കിലും മെത്രാന്മാരുടെ കച്ചേരികളിലേക്കു ബാഹ്യമായ ഏതെങ്കിലും രൂപത്തിൽ കൊണ്ടുവരുന്ന പക്ഷം, കക്ഷി കുററം സമ്മതിച്ചു് തെററു് ഉപേക്ഷിക്കുന്നതായാൽ മെത്രാന്മാർക്കുതന്നെ ഈ മഹറോൻ പോക്കാവുന്നതാണു്. ആകയാൽ ഒരു കത്തോലിക്കൻ കമ്മ്യൂണിസ്റ്റായാൽ, അയാൾ മഹറോനിൽ ഉൾപ്പെടുന്നു. തെററു് ഉപേക്ഷിക്കുന്നതുവരെ അയാളുടെ മഹറോനോ, പാപങ്ങളോ മോചിക്കാവുന്നതുമല്ല. മാത്രമല്ല, ഒരു കത്തോലിക്കൻ കമ്മ്യൂണിസ്റ്റു് ആണെന്നു പരസ്യമാണെങ്കിൽ അയാളെ ഒരു പരസ്യപാപിയായി കരുതേണ്ടതും താഴെ വിവരിക്കുന്ന ശിക്ഷകൾക്കു അയാൾ വിധേയനായിരിക്കുന്നതുമാണു്.

1 വി. കുർബാനതുടങ്ങിയ ഔദ്യോഗിക തിരുകർമ്മങ്ങളിൽ അയാൾക്കു പങ്കുകൊള്ളുവാൻ പാടില്ല; പ്രസംഗം കേൾക്കാവുന്നതാണു്.

2 വി. കുർബാന ഉൾക്കൊള്ളുവാൻ പാടില്ല മനപൂർവ്വം വി. കുർബാന ഉൾക്കൊള്ളുന്നതിനു സമീപിച്ചാൽ വി. കുർബാന നിഷേധിക്കാം.

3 തിരുസ്സഭയോടു രമ്യപ്പെടുവാൻ മനസ്സുണ്ടെങ്കിൽ, കുമ്പസാരിക്കാം; മററു കൂദാശകൾ കൈക്കൊള്ളുവാൻ പാടില്ല.

4 മാമ്മോദീസായിലും മുമ്പിലത്തേ ഒപ്പുശുമായിലും തലതൊടാവുന്നതല്ല.

5 മരണത്തിനു മുമ്പു അനുതാപലക്ഷണം പ്രകാശിപ്പിക്കാത്തപക്ഷം, തിരുസ്സഭയുടെ ക്രമാനുയോജ്യമായ ശവസംസ്കാരം അനുവദിക്കുന്നതല്ല.

6 മരണാനന്തരം അയാൾക്കുവേണ്ടി വി. കുർബാന പരസ്യമായി സമർപ്പിക്കുവാൻ പാടില്ല. തിരുസ്സഭയുടെ പരസ്യ പ്രാർത്ഥനകളിലും പരിഹാരഫലങ്ങളിലും പങ്കുണ്ടായിരിക്കുകയില്ല.

അയാൾ വിശ്വാസത്തിലേക്കു പിന്തിരിയുവാൻ ആഗ്രഹിക്കുന്നെങ്കിൽ, മെത്രാന്റെയോ, അദ്ദേഹത്തിന്റെ പ്രതിനിധിയുടേയും രണ്ടു സാക്ഷികളുടേയും മുമ്പിലോ, തെററു് ഉപേക്ഷിച്ചു് ഏററുപറയേണ്ടതാണു്. അനന്തരം കുമ്പസാരനുവാദമുള്ള ഏതെങ്കിലും വൈദികനു് അയാളുടെ പാപങ്ങൾ പോക്കാവുന്നതാണു്. (എ. മിസ്സം)

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്കു്, ബ്രോഡ്‌വേ - എറണാകുളം

# ആദ്യക്രിസ്ത്യാനികളുടെ
# അദ്ധ്യാത്മമുദ്രകൾ

(സെബാസ്റ്റ്യൻ എടമരം, വിദ്വാൻ)



ക്രിസ്തുനാമാങ്കിതമായി ആദ്യം പരസ്യപ്രകാശനം ചെയ്യപ്പെട്ട കോൺസ്റ്റൻറയിൻ സമ്രാട്ടിന്റെ "ലാബറം" പതാകയാണ് ഇടത്തു ഭാഗത്തു ചിത്രീകരിച്ചിരിക്കുന്നതു്. "ക്രൈസ്റ്റ്" എന്ന വാക്കിലെ ആദ്യത്തെ രണ്ടു ഗ്രീക്കു് ലിപികൾകൊണ്ടു് മുകളിൽ നാമമുദ്ര നിർമ്മിക്കപ്പെട്ടിരിക്കുന്നു.

കാലാന്തരത്തിൽ പതിതർ ക്രിസ്തുവിന്റെ ദൈവികത്വത്തെപ്പററി സന്ദേഹിക്കാൻ തുടങ്ങിയപ്പോൾ കത്തോലിക്കർ പ്രസ്തുത മുദ്ര മദ്ധ്യത്തിൽ ഒരു കുരിശുകൂടി ചേർത്തു് ഇപ്രകാരം വൃത്തത്താൽ വലയം ചെയ്തു.



വൃത്തം ആദിയും അവസാനവും ഇല്ലാത്തതാകയാൽ നിത്യത്വത്തിന്റെ ചിഹ്നമായ അതു ക്രിസ്തുവിന്റെ ദൈവികത്വത്തെ വിജ്ഞാപനം ചെയ്യാൻ സുതരാം പര്യാപ്തമായി. അനന്തരദശയിൽ ഇതേ അർത്ഥത്തിൽത്തന്നെ വൃത്തവും കുരിശും കളഞ്ഞു് പതാകാഗ്രത്തിൽ കാണിച്ച നാമമുദ്ര ഇടത്തും വലത്തും "a" (A = Alpha) "W" (O = Omega) എന്നു ഓരോ അക്ഷരത്തോടുകൂട്ടി നിർമ്മിക്കപ്പെട്ടു. ഈ ലിപികൾ ഗ്രീക്കു് അക്ഷരമാലയിലെ ആദ്യന്തവർണ്ണങ്ങളും, വിശിഷ്യ, ആരിയൻ പാഷണ്ഡപ്രബോധനത്തിനു് എതിരായ ഒരു മാനദണ്ഡംപോലെ പരിഗണിക്കപ്പെട്ടവയുമായിരുന്നു. ക്രിസ്തുതന്നെ അരുളിച്ചെയ്തു "ഞാൻ ആൽഫ (ആദി)യും ഒമിഗ (അവസാന)യും ആകുന്നു"വെന്നു്.

പ്രായേണ സുലഭമായി പ്രചരിച്ച മററൊരു പരിഷ്കാരം മേൽകാണിച്ച ലിപികൾക്കു പകരം നാമമുദ്രയുടെ ഇരുവശങ്ങളിലും അർദ്ധവൃത്താകൃതിയിൽ ഓരോ ഈന്തൽത്തണ്ടുകൾ വളച്ചു നാട്ടിയ രൂപത്തിലായിരുന്നു. ഈ തണ്ടുകൾ വിജയത്തിന്റെയും ദിവ്യരക്ഷകൻ ജീവനേയും മരണത്തേയും വിജയിച്ചതിന്റെയും സ്മാരകങ്ങളായി കല്പിക്കപ്പെട്ടു. മുദ്രയിലെ ദ്വിതീയലിപികൂടി ഉപേക്ഷിച്ചു് തൽസ്ഥാനത്തു് അതേ ആകൃതി (X) യിൽ ഈന്തൽത്തണ്ടുകൾതന്നെ പിണച്ചുവെച്ചുണ്ടാക്കിയ ആലോചനായുക്തമായ മററൊരു സംസ്കാരവും അനേകത്ര ദൃശ്യമായിട്ടുണ്ടു്.

ആദിമസഭയിലെ അദ്ധ്യാത്മമുദ്രകളിൽ ലക്ഷീകൃതമായ വി. കുരിശിനേയും ക്രിസ്തുവിന്റെ തിരുനാമത്തേയും കുറിച്ചാണു് ഇതുവരെ പ്രതിപാദിച്ചതു്. എന്നാൽ വിശ്വാസികളുടെ അന്നത്തെ പുണ്യചിന്തകളെ ഭദ്രമായി ദ്യോതിപ്പിക്കുന്നതും പ്രത്യേകം സമാകർഷകവുമായി ക്രിസ്തുവിനെത്തന്നെ പ്രതിനിധാനം ചെയ്ത വേറെയും ചില മുദ്രകൾ അക്കാലത്തു് ഇല്ലാതിരുന്നില്ല. വി: കുർബാനയുടെ സൂചനയായി അപ്പങ്ങൾ നിറച്ച കുട വഹിച്ചുകൊണ്ടു് ചിത്രത്തിൽ കാണുംപ്രകാരം നീന്തിപ്പോകുന്ന ഒരു മത്സ്യത്തിന്റെ പ്രതിമയാണു് അവ കൂപ്പിൽ പ്രധാനമായ ഒന്നു്.



ഇതിന്റെ ആഗമനം മിക്കവാറും ദ്വിതീയശതകത്തിനു മുമ്പു് ലൂസിന (Lucina) എന്നു പേരായ ഭൂഗർഭമന്ദിരത്തിൽനിന്നത്രെ. മുദ്രയുടെ അർത്ഥം ഗ്രഹിക്കുന്നതിനു താഴെപ്പറയുന്ന സംഗതികളുടെ അറിവു് അവശ്യം ആവശ്യമാകുന്നു. പൂർവ്വക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ പൂജ്യചരായയായി മത്സ്യത്തിന്റെരൂപം ഉപകല്പനം ചെയ്ത നടപ്പായിരുന്നു. കാരണം "IXOYC" എന്ന മത്സ്യാർത്ഥവാചിയായ ഗ്രീക്കുപദത്തിൽ

I-IHCOYC = Jesus = യേശു
X-XPICTOC = Christ = ക്രിസ്തു
O-OEOY = God's = ദൈവത്തിന്റെ
Y-YIOC = Son = പുത്രൻ

ഈ നാമങ്ങളുടെ ആദ്യലിപികൾ ക്രമപ്രകാരം അടങ്ങിയിരുന്നതാണു്.

മത്സ്യം മുതുകിൽ വഹിച്ചിരിക്കുന്ന ചൂരൽക്കൂട പഴയകാലത്തെ ദിവ്യപൂജയുടെ ലക്ഷ്യമാകുന്നു. അന്നു വിശ്വാസികൾ ദേവാലയത്തിൽവെച്ചല്ല വി. കുർബാന കൈക്കൊണ്ടിരുന്നതു്. മറിച്ചു്, തിരുശ്ശരീരവും തിരുരക്തവും അവർ "കാനിസ്ട്രം" എന്നു പേരായ ഏതാദൃശമഞ്ജൂഷകളിൽ വാങ്ങി ഭവനങ്ങളിലേക്കു കൊണ്ടുപോകയും അവിടെവെച്ചു് പകുത്തുഭക്ഷിക്കയും ആയിരുന്നു പതിവു്. "സ്വന്തമഞ്ജൂഷയിൽ മിശിഹായുടെ ദിവ്യശരീരവും തിരുരക്തവും സംവഹിക്കുന്നവനെക്കാൾ ഭാഗ്യശാലിയായി വേറെ ആരുമില്ലെ"ന്നു് വി. ഹിറോനിമൂസ് പ്രസ്താവിച്ചിട്ടുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്. അക്കാലത്തു് വിശ്വാസികൾ വിശുദ്ധകുർബാന രണ്ടുരൂപത്തിലും കൈക്കൊണ്ടുവന്നു. ആകയാൽ കൂടയുടെ മുദ്രയിൽ അധോഭാഗത്തു് തിരുപ്പാനീയവും മേൽഭാഗത്തു് അപ്പവും സംഭരിക്കപ്പെട്ടിരിക്കുന്നതായി കാണാവുന്നതാണു്. ഏതന്മൂലം പ്രസ്തുതമുദ്ര ശ്രദ്ധിക്കുന്ന വിശ്വാസികളിൽ ആരും "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ. നിങ്ങൾക്കായി നൽകപ്പെട്ട എന്റെ ശരീരമാകുന്നു ഇതു്. നിങ്ങൾ എല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്വിൻ, എന്തുകൊണ്ടെന്നാൽ ഇതു പാപങ്ങളുടെ വിമോചനാർത്ഥം അനേകംപേർക്കുവേണ്ടി ചിന്തപ്പെട്ടവാനിരിക്കുന്ന പുതിയനിയമത്തിലെ എന്റെ രുധിരമാകുന്നു. എന്റെ ഓർമ്മയ്ക്കായി ഇതു നിങ്ങൾ അനുഷ്ഠിക്കുവിൻ" എന്ന മിശിഹായുടെ തിരുവചനങ്ങൾ ഹാ! സ്മരിക്കാതിരിക്കയില്ല. ക്രിസ്തുവിനെ ലക്ഷീകരിക്കുന്ന മത്സ്യം മഞ്ജൂഷയായ ദിവ്യബലിയിൽ സ്വന്തമാംസരക്തങ്ങളടക്കം തന്നെമുഴുവൻ അനുഗാമികൾക്കു പ്രദാനം ചെയ്യുന്നു. മുദ്ര എത്ര ലഘുതരം! അർത്ഥം എത്ര പ്രൗഢതമം!

കല്ലു്, മരം, എല്ലു് മുതലായ പദാർത്ഥങ്ങളാൽ ഉണ്ടാക്കപ്പെട്ട ചെറുതരം മത്സ്യമാത്രപ്രതിമകളും ഭൂഗർഭാലയങ്ങളിൽനിന്നു കണ്ടെടുക്കപ്പെട്ടിട്ടുണ്ടു്. ചിലതിൽ "SOSEIS" (എന്നെ രക്ഷിക്കുക) എന്ന വാചകംകൂടി കൊത്തിയിരിക്കുന്നതായിക്കാണാം. ഇന്നു നാം വെഞ്ചരിച്ചകുരിശു് അല്ലെങ്കിൽ ഉത്തരീയം മാറിൽ ധരിക്കുന്നതുപോലെ പൂർവവിശ്വാസികൾ ക്രിസ്തുവിന്റെ നിദർശനമായി ചെറിയമത്സ്യരൂപങ്ങൾ കഴുത്തിലണിയുക വിരളമായിരുന്നില്ല.

ലോകരക്ഷകന്റെ കുരിശുമരണംകൂടി പൂർവികന്മാർ മത്സ്യരൂപംകൊണ്ടു ലക്ഷീകരിച്ചതാണു് താഴെ കാണുന്നമുദ്ര.



റോമൻ ഭൂഗർഭത്തിൽനിന്നു കണ്ടുകിട്ടിയതും ഇപ്പോൾ ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നതുമായ ഒരു ആഭരണക്കല്ലിൽനിന്നത്രെ ഈ ചരായ പകർത്തപ്പെട്ടതു്. മത്സ്യം മിശിഹായുടേയും നങ്കൂരം കുരിശിന്റേയും പ്രതിരൂപങ്ങളാണെന്നു് അറിവുള്ളവർക്കു മുദ്രയുടെ അർത്ഥം ക്ഷിപ്രവേദ്യമാകുന്നു.

മേൽ വിവരിച്ച വിവിധചിഹ്നങ്ങളിൽ ഒന്നും ഒന്നിന്റെയും സാക്ഷാൽ പ്രതിബിംബമല്ല; എല്ലാം കല്പിതാർത്ഥങ്ങളായ സൂചനകൾമാത്രം. താദൃശമുദ്രകൾ ഇനിയും പലതുണ്ടു്. അവ ഏറക്കുറെ പുരാതനക്രിസ്ത്യാനികളുടെ പൂജ്യപ്രതിമകൾപോലെ തോന്നുമെങ്കിലും കഴിഞ്ഞ ഏതാനും വർഷങ്ങൾക്കു മുമ്പു് കലാകൃത്തുകൾ പുരാണവസ്തുതത്വജ്ഞന്മാരിൽനിന്നു പഠിച്ചു് സ്വന്തം ചിത്രശില്പാദികരണങ്ങളിൽ പകർത്തിയതുവരെ ബഹുനൂറ്റാണ്ടുകൾ അജ്ഞാതമായി കിടന്നതുമൂലം ആദ്യത്തെ അർത്ഥസങ്കല്പങ്ങൾ മുഴുവൻ വിസ്മൃതിയിൽ ആണ്ടുപോയി. അക്കൂട്ടത്തിൽ ഒരു മേഷമുദ്രമാത്രം സുജ്ഞേയമായി ശേഷിക്കയും അതു ഇന്നും പൂർവ്വനിഷ്ഠമായ ആശയത്തിൽ അന്നെ നിലനിന്നുപോരുകയും ചെയ്യുന്നു. വേദപുസ്തകത്തിന്റെയും സഭയിലെ കർമ്മാചാരക്രമത്തിന്റെയും താങ്ങും തണലുംകൊണ്ടത്രെ അതിനു ദീർഘായുസ്സു് ലഭിച്ചതു്. വി: സ്നാപകയോഹന്നാൻ ക്രിസ്തുവിനെ ഉദ്ദേശിച്ചു് "ഇതാ കണ്ടാലും ദൈവത്തിന്റെ കുഞ്ഞാടു്" എന്നു പ്രഘോഷിച്ചതിനെ അപ്പസ്തോലൻ സുവിശേഷത്തിൽ രേഖപ്പെടുത്തി; വൈദികൻ ദിവ്യബലിയിൽ ആ വചനം എന്നെന്നും ആവർത്തിക്കയും ചെയ്യുന്നു.

ആധുനികകാലത്തു നാം കാണുന്ന ആദ്ധ്യാത്മിക മേഷചിഹ്നം ഒന്നുകിൽ ഉയിർപ്പിന്റെ പതാകയോടുകൂടിയതായും അല്ലെങ്കിൽ മുദ്രയിടപ്പെട്ട പുസ്തകത്തിന്മേൽ ശയിക്കുന്നതായിട്ടും മാത്രമാണു്. എന്നാൽ പൂർവ്വയുഗങ്ങളിൽ ക്രിസ്തുവിനെ നിദർശനമാക്കികൊണ്ടു് ആട്ടുകുരിശിന്മേൽ തൂങ്ങുന്നതായിട്ടും പ്രതിമാകരണം ചെയ്യപ്പെട്ടു. പിൽക്കാലത്തു് സഭാദ്ധ്യക്ഷന്മാർ നിരോധിച്ചതിനാൽ അതിന്റെ പ്രചാരം അസ്തമിച്ചുപോയി.

ക്രിസ്ത്യാനികളുടെ ഭൂഗർഭവാസകാലങ്ങളിൽതന്നെ ഉണ്ടായ പ്രധാനതരമായ ഒരു മുദ്രകൂടി അവസാനമായി ഇവിടെ പ്രദർശിപ്പിക്കാം. നല്ല ഇടയനായ ദൈവത്തിന്റെ കുഞ്ഞാടു് സ്വന്തരക്തം വി. കുർബാനമഞ്ജൂഷായിൽ നമുക്കു പ്രദാനംചെയ്യുന്നു. പത്രസങ്കുലമായ വൃക്ഷശാഖ നിത്യജീവന്റെ അടയാളമത്രെ. "എന്റെ മാംസം ഭക്ഷിക്കയും രക്തം പാനംചെയ്കയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ടായിരിക്കും." (വി. യോഹ. 6, 54.) ഇതാണു് നിർദ്ദിഷ്ടചിത്രത്തിലെ ആശയം.



വൈദികന്മാരോടും പ്രാക്തനവസ്തുതത്വജ്ഞന്മാരോടും ഒപ്പം സാമാന്യന്മാർക്കു ഏതാദൃശചിഹ്നങ്ങളെപ്പററി അറിയുന്നതിനും പഠിക്കുന്നതിനും വളരെപ്രയാസമുണ്ടു്. ആകയാൽ ചുരുക്കം ചില അദ്ധ്യാത്മമുദ്രകളെ സംബന്ധിച്ച ഈ വിവരണം സാധാരണക്കാരായ സത്യദീപംവായനക്കാർക്കു് പ്രകൃതവിഷയത്തിൽ ജ്ഞാനം വികസിപ്പിക്കാൻ പ്രേരണം നൽകുന്ന ഒരു വിനീത പരിശ്രമം മാത്രമാകുന്നു. കത്തോലിക്കസഭാചാരങ്ങളിൽ സർവ്വത്ര പടന്നുവ്യാപിച്ചിട്ടുള്ള അതിവിപുലമായ സാദൃശ്യവിധാന (System of Symbolism) ലതയുടെ നീണ്ടതണ്ടുകളിൽ ഒന്നായ പൂർവ്വക്രിസ്ത്യാനികളുടെ കലാകരണശാഖയിൽനിന്നു നുള്ളിയെടുത്ത ചില ചെറുസൂനങ്ങൾമാത്രമേ ഈ ലേഖനതന്തുവിൽ കോർത്തിട്ടുള്ളു. വി. പൂജയിൽ വൈദികന്റെ ഹസ്തചലനം ഓരോന്നിലും ഗഹനമായ അദ്ധ്യാത്മമുദ്രകൾ അന്തർഭവിക്കുന്നുവെന്നുള്ളതും സകല റീത്തുകളിലും അതിനു് ആവശ്യമായ സംവിധാനനിയമങ്ങൾ നിഷ്കൃഷ്ടമായി ഉണ്ടാക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതും ആലോചിക്കുമ്പോൾ സഭയിൽ സാദൃശ്യവിധാനങ്ങൾക്കും കർമ്മാനുഷ്ഠാനങ്ങൾക്കും തമ്മിലുള്ള നിരൂഢമായ ബന്ധം ആർക്കും നന്നായി ബോധപ്പെടും. വിശിഷ്യ, അനേക നൂററാണ്ടുകളായി വിസ്മരിക്കപ്പെട്ടുപോയവയെങ്കിലും നമ്മുടെ മാതാവും കത്തോലിക്കസഭയുമാകുന്ന മഹാവിഹാരം പണിചെയ്യാൻ സഹായകമായി ഭവിച്ച നിസ്സാരസംഗതികൾപോലും എത്രമാത്രം അത്ഭുതകരവും ശ്രദ്ധേയവുമാണെന്നു് കാണിപ്പാൻ ഈ വരികൾ ഉപകരിച്ചാൽ പ്രയത്നം ഫലവത്തായി.

---

## പഞ്ചശിശുക്കളുടെ മാതാവ്

ഒററപ്രാവശ്യം അഞ്ചുശിശുക്കളെ പ്രസവിച്ച മിസിസ് ഒലിവിയ ഡിയോൺ എന്ന കനേഡിയൻ മഹതി ഈയിടെ മാർപ്പാപ്പായെ സന്ദർശിച്ചു 15 മിനിട്ടുനേരം സംഭാഷണം ചെയ്യുകയുണ്ടായി.

## 2 ലക്ഷം പേർ
### കമ്മ്യൂണിസ്റ്റു ബന്ധം ഉപേക്ഷിച്ചു

വടക്കേ ഇററലിയിലെ 2 ലക്ഷം തൊഴിലാളികൾ കഴിഞ്ഞ രണ്ടു വർഷത്തിനിടയ്ക്കു കമ്മ്യൂണിസ്റ്റു് പാർട്ടിയുമായുള്ള ബന്ധം വിച്ഛേദിച്ചിട്ടുണ്ടെന്നു ഒരു പ്രമുഖ കമ്മ്യൂണിസ്റ്റു് നേതാവായ ഗ്വിസേപ്പു് ഡി വിറേറാറിയൊ പ്രസ്താവിച്ചിരിക്കുന്നു. ആ നിലമാററം വന്നതു, തൊഴിലാളികളെ കമ്മ്യൂണിസ്റ്റു് നേതാക്കൾ രാഷ്ട്രീയ ലക്ഷ്യപ്രാപ്തിക്കുള്ള കരുക്കളായി ഉപയോഗിച്ചതിനാലാണെന്നാണു് "ഇൽ ദതെമ്പൊ" എന്ന സ്വതന്ത്രപത്രത്തിന്റെ അഭിപ്രായം. "ഇൽ കൊത്തിദിയാനൊ" എന്ന "കത്തോലിക്കാപ്രവർത്തന" പത്രത്തിന്റെ അഭിപ്രായത്തിൽ, തൊഴിലാളികൾ കമ്മ്യൂണിസം ഉപേക്ഷിക്കാൻ കാരണം, കമ്മ്യൂണിസ്റ്റു് നേതൃത്വത്തിൽ സമരബദ്ധമായ പണിമുടക്കുകൾ നിമിത്തമുണ്ടായ നാശനഷ്ടങ്ങളാണു്.

മെത്രാപ്പോലീത്താതിരുമേനിയുടെ
## മാതാവിനു ജ്ഞാനപുഷ്പമഞ്ജരി

ബർമിംഹാമിലെ മെത്രാപ്പോലീത്തായായ ഡോക്ടർ മാസ്റ്റർസൺ തിരുമേനിയുടെ 90 വയസ്സായ മാതാവിനു്, തിരുമേനിയുടെ പൗരോഹിത്യ രജതജൂബിലി പ്രമാണിച്ചു്, ആ അതിരൂപതയിലെ സ്ത്രീജനങ്ങൾ ഒരു ജ്ഞാനപുഷ്പമഞ്ജരി സമർപ്പിച്ചിരിക്കുന്നു.

വിമർശനവീഥി

# പ്രൊഫസർ ഹാൽഡെയിൻെറ തത്വചിന്തയും അബദ്ധം

"ഹാൽഡെയിൻ (Prof. J. C. S. Haldane F. R. S.) എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഇന്നു ലോകത്തിലുള്ള അഗ്രഗണ്യശാസ്ത്രകാരന്മാരിൽ ഒരാളാണ്. അദ്ദേഹം തൻെറ മതവിശ്വാസമെന്തെന്നു വിവരിച്ച പ്രാധാന്യമേറിയ ഒരു ലേഖനം ഇപ്പോൾ ഒരു ബ്രിട്ടീഷ് പത്രഗ്രന്ഥത്തിൽ (D. & G. N.) എഴുതിയിരിക്കുന്നുവെന്നും, ആ ലേഖനം "ഹിന്ദു"ദിനപ്പത്രത്തിൻെറ ജനുവരി 1949 10-ാം നം. ലക്കത്തിൽ ഉണ്ട്" എന്നും പറഞ്ഞ് "യുക്തിവാദി" മാസിക ആ ലേഖനത്തിലെ ഏതാനും ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.

### അക്വിനാസിൻെറ തെളിവുകൾ ഹാൽഡെയിൻ തെററിദ്ധരിക്കുന്നു

ഈ പ്രൊഫസർ ഹാൽഡെയിനും അർണോൾഡ് ലണ്ണും തമ്മിൽ ലേഖനദ്വാരാ ഒരു വാദപ്രതിവാദം നടത്തുകയുണ്ടായി. ദൈവാസ്തിത്വത്തെ സ്ഥാപിക്കുവാൻ സെൻറ് തോമസ് അക്വിനാസ് നല്കിയിട്ടുള്ള തെളിവുകളെ ആ വാദപ്രതിവാദത്തിൽ ലൺ ഹാൽഡെയിൻെറ ശ്രദ്ധയിൽപ്പെടുത്തി. അതിനു ഹാൽഡെയിൻ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു:

"സെൻറ് തോമസിൻെറ അഞ്ചു തെളിവുകളിൽ ആദ്യത്തേതു് ഇപ്രകാരം സംഗ്രഹിക്കാം: ചില വസ്തുക്കൾ ചലിക്കുന്നു. ചലിക്കുന്ന ഏതുവസ്തുവും മറെറാന്നിനാൽ ചലിപ്പിക്കപ്പെടുന്നു. ആകയാൽ ഒന്നെങ്കിൽ ചലിക്കപ്പെടാത്ത ഒരു ചലയിതാവ് ഉണ്ട്; അല്ലെങ്കിൽ മററുള്ളവയെ ചലിപ്പിക്കുകയും മററുള്ളവയാൽ ചലിപ്പിക്കപ്പെടുകയും ചെയ്യുന്ന വസ്തുക്കളുടെ അനന്തമായ പരമ്പര ഉണ്ട്. ഈ പരമ്പര അസാദ്ധ്യമാകുന്നു. ആകയാൽ മറെറാന്നിനാലും ചലിപ്പിക്കപ്പെടാത്ത ഒരു ചലയിതാവുണ്ട്."

അനന്തമായ പരമ്പര അസാദ്ധ്യമാണെന്നു സെൻറ് തോമസ് വാദിക്കുന്നുണ്ടെന്നു ഹാൽഡെയിൻ പറയുന്നതു് ശരിയല്ല. അനന്തമായ പരമ്പര അസാദ്ധ്യമാണെന്നല്ല അനന്തമായ പരമ്പരയെ സ്വീകരിക്കുന്നതുകൊണ്ടു നാം അന്വേഷിക്കുന്ന ചലനകാരണം യഥാർത്ഥത്തിൽ കണ്ടെത്തുവാൻ കഴിയുന്നതല്ലെന്നു മാത്രമാണ് സെൻറ് തോമസിൻെറ വാദം. അദ്ദേഹത്തിൻെറ സ്വന്തം വാക്കുകൾ കേട്ടാലും:

പരമ്പര അനന്തമായി പിന്നോട്ടു തള്ളിക്കൊണ്ടുപോയാൽ "ആദ്യത്തെ ചലയിതാവ്" ഉണ്ടാവുകയില്ല; തന്നിമിത്തം മറെറാരു ചലയിതാവും ഉണ്ടായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ പിന്നീടുള്ള ചലയിതാക്കൾ ചലിപ്പിക്കുന്നതു് അവ ആദ്യത്തേ ചലയിതാവിൽനിന്നു ചലനം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്; കരത്താൽ ചലിപ്പിക്കപ്പെട്ടാൽമാത്രം അതു പിടിച്ചിരിക്കുന്നവടി ചലിക്കുന്നതുപോലെ. ആകയാൽ ആദ്യത്തെ ചലയിതാവിൽ, അതായതു് മറെറാന്നിനാലും ചലിപ്പിക്കപ്പെടാത്ത ചലയിതാവിൽ നമ്മുടെ അന്വേഷണം ചെന്നെത്തിയേ മതിയാവൂ. ഈ ചലയിതാവിനെയാണ് ദൈവം എന്ന സംജ്ഞകൊണ്ടു വിവക്ഷിക്കുന്നതു്."

ലൺ പിന്നത്തെ ലേഖനത്തിൽ സെൻറ് തോമസിനെപ്പററിയുള്ള ഹാൽഡെയിൻെറ ഈ തെററിദ്ധാരണയെ അദ്ദേഹത്തിനു ചൂണ്ടിക്കാണിച്ചുകൊടുത്തു. അതിനു താങ്ങായി പ്രൊഫസർ ടെയിലർ (Taylor) എന്ന മദ്ധ്യശതക ചരിത്രഗവേഷണപടുവിൻെറ താഴെ കാണുന്ന യുക്തിവാദം ഉദ്ധരിക്കുകയും ചെയ്തു.

"സെൻറ് തോമസിൻെറ യഥാർത്ഥമായ വിവക്ഷയെന്തെന്നാൽ, പ്രകൃതിയിലുള്ള ഏതു സംഭവത്തിൻേറയും നമ്മുടെ ജ്ഞാനം പൂർത്തിയാകണമെങ്കിൽ ആ സംഭവത്തിൻെറ മുഴുവൻ കാരണം നാം അറിയേണ്ടിയിരിക്കുന്നുവെന്നാണ്. A ഇങ്ങനെയിരിക്കാൻ കാരണം B ഇങ്ങനെയായതുകൊണ്ടാണെന്നു നാം അറിയുകയും, എന്നാൽ B ഇങ്ങനെയായതു എന്തുകൊണ്ടാണെന്നു നാം അറിയാതിരിക്കുകയും ചെയ്താൽ നമ്മുടെ ജ്ഞാനം പൂർണ്ണമാകുന്നില്ല. അതു പൂർണ്ണമാകുന്നതു് A ഇങ്ങനെയായതു Z ഇങ്ങനെയായതുകൊണ്ടാണെന്നു നമുക്കു പറയുവാൻ കഴിയുമ്പോഴാണ്; Z ഇങ്ങനെയായതു സ്വയം പര്യാപ്തതയാലാണെന്നും അതിനാൽ Z ഇങ്ങനെയായതിൻെറ കാരണം അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും നാം അറിയുമ്പോഴാണ്."

ഇതിനു് അനന്തരലേഖനത്തിൽ ഹാൽഡെയിൻ നല്കിയ മറുപടി പ്രൊഫസർ ടെയിലറുടെ ആശയത്തെ തെററിദ്ധരിക്കുന്നതും അദ്ദേഹത്തെ കളിയാക്കുന്നതും മാത്രമായിരുന്നു. അതു കേട്ടാലും:

"നമുക്കു പ്രൊഫസർ ടെയിലരുടെ യുക്തിവാദം പരിശോധിക്കാം. അദ്ദേഹം പറയുന്നതു് "പ്രകൃതിയിലെ ഏതു സംഭവത്തെക്കുറിച്ചും നമ്മുടെ ജ്ഞാനം പൂർണ്ണമാകണമെങ്കിൽ ആ സംഭവത്തിൻെറ മുഴുവൻ കാരണം നാം അറിയണം" എന്നാണല്ലോ. നമ്മുടെ യാതൊരു ജ്ഞാനവും പൂർണ്ണമല്ലെന്നു തീർച്ചതന്നെ. കാരണച്ചങ്ങലയെ സ്വയംപര്യാപ്തമായ ഒന്നിലേക്കു്—അതായതു ദൈവത്തിലേക്കു്—നമ്മുടെ അന്വേഷണത്തിനു് എത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ ജ്ഞാനം അപൂർണ്ണമാണെന്നു പ്രൊഫസർ ടെയിലർ ചൂണ്ടിക്കാണിക്കുകയാണല്ലോ. അതവിടെ എത്തുന്നഘട്ടത്തിൽ "നമ്മുടെ ജ്ഞാനം പൂർണ്ണമായിത്തീരുന്നു" എന്നാണദ്ദേഹം എഴുതുന്നതു്. പൂർണ്ണമായ ജ്ഞാനം സമ്പാദിക്കേണ്ടതെങ്ങനെയെന്നു് എനിക്കു പറഞ്ഞുതരുന്ന മഹാവിജ്ഞാനിയായ ആ പ്രൊഫസർക്കു ഞാൻ തൊപ്പിയെടുത്തുമാററി വന്ദനം പറയുന്നു. അടുപ്പത്തിരിക്കുന്ന കലത്തിലെ വെള്ളം തിളയ്ക്കുന്നുവെന്ന സംഭവത്തെപ്പററിത്തന്നെ അറിയാനുള്ളതെല്ലാം ലോകരോടു് അദ്ദേഹം പറയാഞ്ഞതു് കഷ്ടമായിപ്പോയി."



In Memoriam

തൃപ്പൂണിത്തുറ പള്ളി ഇടവക
പാലത്തിങ്കൽ ദേവസ്സി കുഞ്ഞുവക്കി
ജനനം 24-8-'87 മരണം 9-7-'49
R. I. P.

കണ്ടാലും, പ്രൊഫസർ ഹാൽഡെയിൻെറ യുക്തിവാദം! അദ്ദേഹം പ്രൊഫസർ ടെയിലരുടെ ആശയത്തെ എങ്ങനെ തെററിദ്ധരിച്ചുവെന്നു നോക്കുക. ആദികാരണത്തിൽ നമ്മുടെ അന്വേഷണം ചെന്നെത്തിയെങ്കിലേ കാരണത്തെപ്പററിയുള്ള നമ്മുടെ ജ്ഞാനം പൂർത്തിയാകൂ എന്നല്ലാതെ, ആദികാരണത്തിലെത്തിയാൽ ലോകത്തിലെ സകല സംഭവങ്ങളുടേയും സകല വിധമായ ജ്ഞാനവും നമുക്കു ലഭിക്കുമെന്നു് പ്രൊഫസർ ടെയിലർ വിവക്ഷിക്കുന്നുണ്ടോ? ശരിയായ യുക്തിയെ അപഹാസംകൊണ്ടു തടുക്കുകയല്ലയോ ഹാൽഡെയിൻ ഇവിടെ ചെയ്യുന്നതു്?

### ഹാൽഡെയിൻെറ ആശയക്കുഴപ്പം

സെൻറ് തോമസിൻെറ അഞ്ചാമത്തെ തെളിവു് പ്രപഞ്ചത്തിൽ സർവ്വത്ര, ബുദ്ധിയില്ലാത്ത വസ്തുക്കളിൽപ്പോലും, കാണുന്ന ബുദ്ധിപൂർവ്വകമായ, ലക്ഷ്യത്തെ ഉന്നംവച്ചിട്ടുള്ള നിയതമായ വ്യവസ്ഥിതിയെ (Design) ആധാരമാക്കിയുള്ളതാണ്. അദ്ദേഹത്തിൻെറ വാക്കുകൾ തന്നെ ഉദ്ധരിക്കാം:

"ബുദ്ധിയില്ലാത്ത ഏതൊന്നും ഒരു ലക്ഷ്യത്തെ ഉന്നംവച്ചു ചലിക്കണമെങ്കിൽ, ജ്ഞാനവും ബുദ്ധിയുമുള്ള ഏതെങ്കിലും സത്തയാൽ അതു നയിക്കപ്പെട്ടിരിക്കണം; ഒരു ശരം അതിൻെറ ലക്ഷ്യത്തിൽചെന്നു പതിക്കുന്നതു് അതു തൊടുത്തുവിടുന്ന വില്ലാളി നയിക്കുന്നതിനാലെന്നപോലെ. ആകയാൽ പ്രകൃതിയിലെ സകലവസ്തുക്കളേയും അവയുടെ ലക്ഷ്യത്തിലേക്കു നയിക്കുന്ന ബുദ്ധിമത്തായ ഒരു സത്ത ഉണ്ടായിരിക്കണം. ഈ സത്തയെയാണ് ദൈവമെന്നു വിളിക്കുന്നതു്."

സെൻറ് തോമസിൻെറ, ദൈവാസ്തിത്വം സ്ഥാപിക്കുവാനുള്ള, ഈ അഞ്ചാമത്തെ തെളിവിനെ ഹാൽഡെയിൻ വിമർശിക്കുന്നതിങ്ങനെയാണ്:

"ലക്ഷ്യത്തെ ഉന്നംവച്ചുള്ള വ്യവസ്ഥിതിയെ ആധാരമാക്കിയിരിക്കുന്ന ഈ യുക്തിവാദം ശരിയാണെങ്കിൽ അതിൻെറ വ്യവസ്ഥാപകൻ (Designer) ബുദ്ധിയുള്ളവനായിരിക്കാം; എന്നാൽ പരിപൂർണ്ണമായും നന്മയുള്ളവനായിരിക്കുകയില്ല. ഈ യുക്തിവാദത്താൽ ദൈവത്തിൻെറ അസ്തിത്വം തെളിയിക്കാതിരിക്കുകയാണു നല്ലതു്. മനുഷ്യൻെറ ആരാധനയ്ക്കു യോഗ്യനായ ഒരു ദൈവത്തിൽ ഈ യുക്തി ആരേയും എത്തിക്കുകയില്ല."

ഇവിടെ ഹാൽഡെയിൻെറ ചിന്താക്കുഴപ്പം സ്പഷ്ടമായിക്കാണാം. ദൈവത്തെപ്പററിയുള്ള വാദമുഖങ്ങളെ പ്രധാനമായി നാലുഗണമായി വിഭജിക്കാവുന്നതാണ്. 1) ദൈവം ഉണ്ടോ? 2) ദൈവം ഒന്നോ പലതോ? 3) ദൈവം സർവ്വശക്തനാണോ? 4) ദൈവം നന്മസ്വരൂപനാണോ? ഇവയിൽ ഒന്നാമത്തേതാണ്, ദൈവത്തിൻെറ അസ്തിത്വമാണ്, ആദ്യം തെളിയിക്കേണ്ടതു്. അതിനുശേഷം വേണം അവിടുത്തെ ലക്ഷണങ്ങളെക്കുറിച്ചുള്ള വാദമുഖങ്ങളിലേക്കു പ്രവേശിക്കുവാൻ. സെൻറ് തോമസ് അങ്ങനെയാണു ചെയ്യുന്നതു്. ആദ്യം ദൈവത്തിൻെറ അസ്തിത്വം അദ്ദേഹം തെളിയിക്കുന്നു. ഹാൽഡെയിൻ ഇവിടെ വിമർശിക്കുന്ന അഞ്ചാമത്തെ തെളിവു് അതിനുള്ളതാണ്. എന്നാൽ അതും, നാലാമതായെടുക്കേണ്ട ദൈവത്തിൻെറ നന്മയെപ്പററിയുള്ള വാദമുഖവും അദ്ദേഹം കൂട്ടിക്കുഴയ്ക്കുന്നു. ദൈവത്തിൻെറ അസ്തിത്വത്തെപ്പററിയുള്ള ഈ തെളിവിനെ അദ്ദേഹം നിഷേധിക്കുന്നതു് നന്മസ്വരൂപനെന്നുള്ള ദൈവലക്ഷണത്തിൻെറ കാര്യം അവതരിപ്പിച്ചുകൊണ്ടാണ്. സെൻറ് തോമസ് അക്കാര്യം അദ്ദേഹത്തിൻെറ കൃതിയിൽ വേറെ ഭാഗത്തു പ്രതിപാദിക്കുന്നുണ്ട്. ലൺ തൻെറ ലേഖനങ്ങളിൽ ഈ ആശയക്കുഴപ്പം ഒന്നിലധികം പ്രാവശ്യം ഹാൽഡെയിനു ചൂണ്ടിക്കാണിച്ചുകൊടുത്തു. എന്നിട്ടും ഹാൽഡെയിൻ അതു കണ്ട ഭാവം പ്രദർശിപ്പിച്ചതേയില്ല. പഴയ വാദത്തെത്തന്നെ അദ്ദേഹം വീണ്ടും വീണ്ടും ഉന്നയിക്കുകയാണു ചെയ്തതു്.

### ഹാൽഡെയിൻ മനുഷ്യബുദ്ധിയിൽ പോലും വിശ്വസിക്കുന്നില്ല

ആധുനികസ്വതന്ത്രചിന്തകന്മാർ "ഗുണനപ്പട്ടിക"യിൽപ്പോലും (Multiplication Table) വിശ്വസിക്കുവാൻ സാധിക്കാത്തവിധം അവരുടെ ബുദ്ധിയെ വ്യഭിചരിപ്പിക്കുകയാണെന്നുള്ള ചെസ്റ്റർട്ടൻെറ ആക്ഷേപം ഹാൽഡെയിൻെറ കാര്യത്തിൽ സാധുവായിക്കാണുന്നുണ്ടെന്നു ലൺ ആരോപണം ചെയ്തപ്പോൾ, ഗുണനപ്പട്ടികയിൽ നിരുപാധികമായ വിശ്വാസം തനിക്കില്ലാത്തതിൻെറ കാരണം ഹാൽഡെയിൻ വിശദീകരിച്ചതിങ്ങനെയാണ്:

"$2 \times 3 = 6$ എന്ന ഈ പ്രസ്താവത്തിൻെറ അർത്ഥം ഞാൻ മനസ്സിലാക്കുന്നതു് ഏതാണ്ടിങ്ങനെയാണ്: ഓരോപാരുവിതമുള്ള മൂന്നു സത്തകൾ ഉണ്ടെങ്കിൽ ഈ പാരുകളുടെ ആകെ തുക ആറാണ്. ഇതു ശരിയാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. എന്നാൽ അതു ശരിയല്ലാതാകുന്ന വ്യത്യസ്തങ്ങൾ സാദ്ധ്യമാണെന്നതു നിഷേധിക്കുവാൻ ഞാൻ തയാറില്ല. ഈ പ്രശ്നം അവതരിപ്പിച്ച മി. ചെസ്റ്റർട്ടണും നിങ്ങളും (ലൺ) ഈ വ്യത്യസ്തങ്ങളിൽ വിശ്വസിക്കേണ്ടവരായിട്ടാണിരിക്കുന്നതു്. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും നിങ്ങൾ വിശ്വസിക്കുന്നു. അവർ ഓരോരുത്തരും ദൈവമാണെന്നാണ് നിങ്ങളുടെ വിശ്വാസം. എന്നുവരികിലും മൂന്നു ദൈവങ്ങളില്ല, പ്രത്യുത ഒരു ദൈവമേ ഉള്ളുവത്രെ. ഈ പ്രത്യേകകേസിൽ $3 \times 1 = 1$ ആണെന്നുള്ളതു് നിങ്ങൾ അവിശ്വസിക്കുന്നതായാൽ, അത്തനാസിയൂസിൻെറ വിശ്വാസപ്രമാണമനുസരിച്ച് നിങ്ങൾ തീർച്ചയായും നിത്യനരകത്തിൽ നശിക്കും. അത്തനാസിയൂസിൻെറ വിശ്വാസപ്രമാണത്തെ ഞാൻ വിശ്വസിക്കുന്നില്ലതന്നെ. എന്നു വരികിലും ആ വിശ്വാസപ്രമാണം യഥാർത്ഥമായിരുന്നേക്കാം എന്ന വിചാരം ചില അസാധാരണ സന്ദർഭങ്ങളിൽ എൻെറ മനസ്സിൽ സ്ഥലം പിടിച്ചിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. തൽഫലമായി ഗുണനപ്പട്ടിക, സർവ്വസാമാന്യമായ സത്യത്തിൻെറ പ്രകാശനം എന്ന നിലയിൽ, അയഥാർത്ഥമാണെന്നുള്ള ആശയവും എൻെറ മനസ്സിൽ ആ സന്ദർഭങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു."

രണ്ടും മൂന്നും കൂടി പെരുക്കിയാൽ ആറു കിട്ടുമെന്നുള്ള സത്യത്തിനു സർവ്വസാമാന്യമായ സാധുത്വമുണ്ടാകാത്തവിധം വ്യത്യസ്തങ്ങളുണ്ടാകാൻ സാദ്ധ്യമാണെന്നും, തന്മൂലം ഗുണനപ്പട്ടികയുടെ സർവ്വസാമാന്യമായ യാഥാർത്ഥ്യം യാതൊരു വ്യത്യസ്തവും കൂടാതെ സ്വീകരിക്കുവാൻ തയാറില്ലെന്നും വാദിക്കുന്ന ഒരാൾ, എത്രതന്നെ പണ്ഡിതനായ ശാസ്ത്രജ്ഞനായാലും, സകല പാണ്ഡിത്യത്തിൻേറയും ശാസ്ത്രത്തിൻേറയും അടിസ്ഥാനവും ഉപകരണവുമായിരിക്കുന്ന സാമാന്യബുദ്ധിയിൽ വിശ്വസിക്കുന്നില്ലെന്നു പ്രസ്പഷ്ടമാണല്ലോ. അങ്ങനെയുള്ളയാളുടെ തത്വചിന്തകൾ മൗലികമായിത്തന്നെ അബദ്ധമാകാതെയിരിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ഹാൽഡെയിൻെറ മേലുദ്ധരിച്ച വാക്യങ്ങളിലും അദ്ദേഹത്തിൻെറ ചിന്താക്കുഴപ്പവും കത്തോലിക്കരുടെ മൗലികമായ വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ അജ്ഞതയും പ്രകടിതമാകുന്നുണ്ട്. കത്തോലിക്കർ സ്വീകരിക്കുന്നതും വിശുദ്ധ അത്തനാസിയൂസ് രചിച്ചതുമായ വിശ്വാസപ്രമാണത്തിൽ ഏത്രയും പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളായ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ ദൈവമാണെന്നും, എന്നുവരികിലും ഒരു ദൈവമല്ലാതെ മൂന്നു ദൈവമില്ലെന്നും പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവം. എന്നാൽ അതോടൊന്നിച്ചുതന്നെയുള്ള പ്രസ്താവത്തിൽ 3 എന്നു പറയുന്നതു് ദൈവത്വത്തിലെ ആളുകളെ (Persons) കുറിച്ചാണെന്നും, ഒന്നു് എന്നുപറയുന്നതു് ആ മൂന്നാളുകൾക്കും കൂടിയുള്ള ദൈവസ്വഭാവത്തെ (Nature) കുറിച്ചാണെന്നും വിശദീകരിച്ചിട്ടുണ്ട്. കരത്തിൽ അഞ്ചുവിരലുകളുണ്ടെന്നും, എന്നുവരികിലും കരം ഒന്നേയുള്ളെന്നും പ്രസ്താവിക്കുന്നതിനോടു് ഏതാണ്ട് സാമ്യപ്പെടുത്താം അത്തനാസിയൂസിൻെറ വിശ്വാസപ്രമാണത്തിലെ പ്രസ്താവം. തന്മൂലം ആ പ്രസ്താവത്തിൽനിന്നു $3 \times 1 = 1$ എന്നനുമാനിക്കുന്നതു് കരത്തിൻേറയും വിരലുകളുടേയും കാര്യത്തിൽ $5 \times 1 = 1$ എന്നനുമാനിക്കുന്നതുപോലെ അസംബന്ധമല്ലയോ? ഈ അസംബന്ധത്തിലാണ് ഹാൽഡെയിൻെറ വ്യഭിചരിപ്പിക്കപ്പെട്ട തത്വചിന്ത അദ്ദേഹത്തെ കൊണ്ടു ചെന്നുചാടിച്ചതു്.

ദൈവത്തേയും മൗലികങ്ങളായ മററു മതതത്വങ്ങളേയും പരാമർശിച്ചു ചിന്തിക്കുന്നതിൽ പ്രൊഫസർ ഹാൽഡെയിനു്, അദ്ദേഹം വലിയ പ്രകൃതിശാസ്ത്രജ്ഞനാണെങ്കിലും, സാമാന്യബുദ്ധിക്കുപോലും അസ്വീകാര്യവും അപഹാസ്യവുമായി കാണപ്പെടുന്ന അബദ്ധങ്ങൾ പിണഞ്ഞിരിക്കുകയാണെന്നു് സമ്മതിക്കാതെ നിവൃത്തിയുണ്ടോ? "ഹാൽഡെയിൻെറ മതം" എന്ന ലേഖനത്തിലെ പ്രസ്താവങ്ങളെപ്പററി അടുത്ത ലക്കത്തിൽ.

## ലൂർദ്ദിൽ ത്രിദിനാപേക്ഷ

34 രാജ്യങ്ങളിൽ വസിക്കുന്ന 20000 തീർത്ഥകർ, ലോകസമാധാനാർത്ഥം ലൂർദ്ദിൽ 3 ദിവസം പ്രാർത്ഥനകൾ നടത്തിയിരിക്കുന്നു.

# Sathya Deepam

Vol. 23 Ernakulam August 24 1949 No 2




1



2



3



വി. അഗുസ്തീനോസ്



4



5



6



7

1 അൽഫോൻസാമ്മയുടെ ചരമവാർഷികത്തിൽ സാധുക്കൾക്കു അന്നദാനം നല്കപ്പെടുന്നതു്.

2 അന്നദാനം, മറെറാരു രംഗം.

3 അൽഫോൻസാമ്മയെ സംസ്കരിച്ചിരിക്കുന്ന സിമിത്തേരിയിലെ കപ്പേള.

4 തീൎത്ഥകർ ഭരണങ്ങാനം പള്ളിയുടെ മുമ്പിൽകൂടി അൽഫോൻസാമ്മയുടെ ശ്മശാനവേദിയിലേക്കു പോകുന്നതു്.

5 അൽഫോൻസാമ്മ വസിച്ചിരുന്ന മഠത്തിലെ കപ്പേള.

6 ഭരണങ്ങാനം പള്ളി.

7 അൽഫോൻസാമ്മയുടെ ശവകുടീരത്തിൽ തീൎത്ഥകർ പ്രാൎത്ഥിക്കുന്നു.


*Permissu Ecclesiastico*

Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

ചെറുകഥ

# നോട്ടുബുക്കു്

(ജെ. എം.)

പൈലോച്ചൻ വിദ്യാലയപ്രക്ഷോഭണകാലത്തു പരിശുദ്ധമായ ഉദ്ദേശത്തോടുകൂടി പലവിധ ക്ലേശങ്ങൾ അഭിമുഖീകരിച്ചുകൊണ്ടു് പരിശ്രമിച്ച ഒരു കർമ്മകുശലനായിരുന്നു. ചുററിനടന്നാലും വീട്ടിൽ മൂന്നുനേരം ഭക്ഷണത്തിനു വകയുണ്ടായിട്ടല്ല ആ യുവാവു് ഇങ്ങനെ ഉഴന്നുനടന്നതു്. പൊതുജനാരോഗ്യവകുപ്പിലെ പായൽവാരുകാരെ നാം കാണാറുണ്ടല്ലോ. അവരിൽ ഒരുവനാണു് പൈലോച്ചൻ. ധനസംബന്ധമായ കുറവുകളൊന്നും പൈലോച്ചന്റെ മതതീക്ഷ്ണതയെ ചോദ്യംചെയ്യുവാൻ ശക്തമായിരുന്നില്ല. അയാളുടെ ഈ ആത്മാർത്ഥതയിൽ ആർക്കും സംശയമില്ലാതിരുന്നതിനാൽ ബ. വികാരിയച്ചനും ഇടവകപ്രമാണികളും പൈലോച്ചന്റെ പൊതുകാര്യപ്രസക്തിയേയും നേതൃത്വത്തേയും വകവെച്ചുകൊടുത്തിരുന്നു. കേരളത്തിന്റെ വിവിധകേന്ദ്രങ്ങളിലായി നടന്നിട്ടുള്ള പ്രക്ഷോഭണയോഗങ്ങളിലെല്ലാം ഈ ചെറും സാധാരണക്കാരൻ കാര്യമായ ത്യാഗം സഹിച്ചു് സംബന്ധിക്കുകയും മിതമായി സംസാരിക്കുകയും ചെയ്തിരുന്നു. സ്വന്തം ഇടവകയിൽ ഗംഭീരമായി നടന്ന പ്രതിഷേധയോഗത്തിന്റെ സൂത്രധാരത്വം വഹിച്ചതും പൈലോച്ചൻതന്നെ. നമ്മുടെ സ്കൂളുകളിൽ മതം പഠിപ്പിക്കുന്നതിനുള്ള നമ്മുടെ മൗലികാവകാശത്തെ പുരസ്കരിച്ചു് യുക്തിയുക്തങ്ങളായ ലേഖനങ്ങൾ പൈലോച്ചൻ മറച്ചു് P എന്നപേരിൽ എഴുതിയിരുന്നതു് പണ്ഡിതപാമരന്മാരുടെ പ്രശംസയ്ക്കു പാത്രമായിത്തീർന്നിരുന്നു. വിദ്യാലയപ്രക്ഷോഭണസേനാനികളിൽ ആരുടേയും പിന്നിലല്ലാത്ത ഒരു സ്ഥാനം ആ അജ്ഞാതഭടനു പ്രപഞ്ചകർത്താവിന്റെ ദൃഷ്ടിയിൽ കണ്ടേക്കുമായിരുന്നെങ്കിലും വിശ്രുതന്മാരായ മഹത്തുക്കളുടെ പ്രതാപധോരണിയിൽ ഇങ്ങനെയുള്ള കർമ്മധീരന്മാർ വെറും "കറിവേപ്പില"കളായിത്തീരുകയാണല്ലോ ചെയ്യുന്നതു്.

പൈലോച്ചന്റെ മൂത്തകുട്ടികൾ അഞ്ചിലും നാലിലും പഠിക്കുന്നു. കുട്ടികളുടെ ശിക്ഷണത്തിൽ അയാൾ ബദ്ധശ്രദ്ധനാണു്. അന്നൊരു ദിവസം അയാൾ കുട്ടികൾക്കു നോട്ടുബുക്കുകൾ തയാറാക്കുകയായിരുന്നു. അദ്ധ്യാപകന്മാരുടെ കുറിപ്പനുസരിച്ചു് ഭാഷ, കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം, സിവിക്സ്, ആരോഗ്യരക്ഷ, പകർത്തിയെഴുത്തു മുതലായവയ്ക്കെല്ലാം എണ്ണത്തിൽ കുറയാതേയും എന്നാൽ കാശിന്റെ കുറവുകൊണ്ടു് വണ്ണത്തിൽ കുറച്ചൊക്കെ കുറച്ചും ബുക്കുകളെല്ലാം തയാറാക്കി. പേരും വിഷയവും ക്ലാസ്സും എഴുതി രണ്ടുപേരെയും ഏല്പിച്ചു് എണ്ണിനോക്കാൻ പറഞ്ഞു. സന്തുഷ്ടരായ കുഞ്ഞുങ്ങൾ എണ്ണിനോക്കിയ ശേഷം രണ്ടുപേരുംകൂടി ഏകസ്വരത്തിൽ പറഞ്ഞു: "ഓരോന്നു കൂടുതലുണ്ടല്ലോ അപ്പച്ചാ!"

പൈലോച്ചൻ ചോദിച്ചു:—"ഇതെന്തിനാണെന്നും ചുണയുണ്ടെങ്കിൽ പറയുവിൻ." "സർവ്വാണിക്കാണെന്നു്" അഞ്ചാം ക്ലാസുകാരനും "പാട്ടു് എഴുതി എടുക്കാനാണെ"ന്നു് നാലാം ക്ലാസുകാരനും പറഞ്ഞു. പൈലോച്ചൻ കുറച്ചു വികാരത്തോടുകൂടി പറഞ്ഞു: "അല്ലാ പിള്ളേരെ! വളരെ പ്രധാനമായ ഒരു വിഷയത്തിനാണു്. ഒന്നു കൂടി ആലോചിച്ചുനോക്കു."

ഒരഞ്ചുമിനിററുനേരത്തോളം കുട്ടികൾ കൊണ്ടുപിടിച്ചാലോചിച്ചു. അവരുടെ കത്തോലിക്കാ വിദ്യാലയം, കത്തോലിക്കാന്തരീക്ഷത്തിൽക്കൂടി കുട്ടികളുടെ ചിന്താഗതിയെ ആവുന്നിടത്തോളം തിരിച്ചുവിടുന്നതിനുള്ള ശ്രമത്തിൽ വേണ്ടിടത്തോളം വിജയിച്ചിട്ടില്ലെന്നു അയാൾ അനുമിച്ചു. അയാൾ വിട്ടില്ല. കുഞ്ഞുങ്ങളുടെ ചിന്താഗതിയെ ഉദ്ദീപിപ്പിക്കുവാനായി ഇങ്ങനെ ചോദിച്ചു:—"പോയ ആണ്ടിൽ ഇവിടെ ഒരു വലിയയോഗം നടത്തിയല്ലോ. മാടമ്പിസ്ഥാനം കിട്ടിയ ഒരു വലിയ ആൾ അദ്ധ്യക്ഷൻ. പേരുകേട്ട പ്രാസംഗികന്മാർ. ഉച്ചഭോഷിണി. വലിയ ആൾക്കൂട്ടം. ഓർക്കുന്നുണ്ടല്ലോ. ഇതൊക്കെയെന്തിനായിരുന്നു?"

"നമ്മുടെ പള്ളിക്കൂടങ്ങൾ സർക്കാരെടുക്കാൻ പോയതിനു്" എന്നു മൂത്തകുട്ടിയും "എടുക്കാനല്ല, നിറുത്താൻ പോയതിനു്" എന്നു് ഇളയകുട്ടിയും പറഞ്ഞു. പൈലോച്ചൻ വീണ്ടും ചോദിച്ചു:—"ആട്ടെ, എടുത്താലും നിർത്തിയാലും അതുകൊണ്ടു നമുക്കെന്താണു ചേതം?"

"നമുക്കു ദിവസവും വേദോപദേശം പഠിക്കാനൊക്കത്തില്ല" നാലാംക്ലാസുകാരനാണു പറഞ്ഞതു്. "എന്നിട്ടിപ്പം ദിവസവും പഠിപ്പിക്കുന്നില്ലല്ലോ" എന്നു് അഞ്ചാംക്ലാസുകാരൻ ഒരു ആവലാതി ഉന്നയിച്ചു.

ഈ അവസരത്തിൽ പൈലോച്ചൻ ഇങ്ങനെ ആത്മഗതം ചെയ്യുകയായിരുന്നു. "കഷ്ടം! മതപഠനമെന്ന മൗലികാവകാശത്തിനു വേണ്ടി കന്യാകുമാരിമുതൽ കാസർകോടുവരെ ക്രിസ്ത്യാനികൾ, പ്രത്യേകം കത്തോലിക്കർ തോളോടുതോൾചേർന്നു് പ്രക്ഷോഭണം മുഴക്കി. സർവ്വശ്രദ്ധയും അവർ അതിൽ കേന്ദ്രീകരിച്ചു. വേണ്ടിവന്നാൽ നിണംപോലും ചൊരിയുവാൻ പലരും തയാറായി. ഒരു മതാദ്ധ്യക്ഷൻ കാരാലയവാസത്തിന്റെ വക്കുവരെ ചെന്നുനിന്നു. ഭാരതവും കടലിനപ്പുറവും ഈ വസ്തുത ശ്രവിക്കുകയും ശ്രദ്ധിക്കുകയും ചെയ്തു. സർവ്വോപരി മനമെരിഞ്ഞ പ്രാർത്ഥന പരാപരന്റെ സന്നിധിയിലേക്കുയർന്നു കർത്താവിന്റെ കരുണയാൽ നാം വിജയശ്രീലാളിതരായി. എന്നാൽ ആ അഗ്നിപരീക്ഷണം കഴിഞ്ഞതോടെ അതിലുള്ള ശ്രദ്ധയും നാസ്തിയായി. മതപഠനത്തിനു് അർഹിക്കുന്ന വിധത്തിലുള്ള ശ്രദ്ധ ചുമതലപ്പെട്ടവരിൽ കാണുന്നില്ലെന്നു തോന്നുന്നു. അഞ്ചാംക്ലാസിലെ പോത്തൻസാറും നാലാംക്ലാസിലെ മാത്തൻസാറും പ്രാപ്തന്മാരാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ സർവ്വപ്രധാനമായ മതപഠനത്തിനു് അവർ എന്തെങ്കിലും കുറിച്ചുകൊടുക്കുന്നതിനു വേണ്ടുക്ഷമയും ശ്രദ്ധയും പ്രദർശിപ്പിക്കാത്തതു് എന്തുകൊണ്ടോ? ഞായറാഴ്ചകളിലെ വേദോപദേശത്തിനും നോട്ടുബുക്കു് ഉപയോഗിച്ചു കാണുന്നില്ല.—" വിശന്നുവശായ കുഞ്ഞുങ്ങൾ അത്താഴത്തിനു് ലഹളകൂട്ടിയതിനാൽ പൈലോച്ചന്റെ ആത്മഗതം പെട്ടെന്നു നിന്നു. ഏതായാലും ബുക്കുകൾ രണ്ടിലും "മതപഠനം" എന്നുതന്നെ വിഷയവിവരമെഴുതി ആ രക്ഷാകർത്താവു കുട്ടികളെ ഏല്പിച്ചു.




അമ്മ: "പാപ്പച്ചാ, ഇന്നലെ ഞാനിവിടെ രണ്ടു മാങ്ങ വച്ചിരുന്നല്ലോ. ഒന്നിനെന്തുപററി?"

പാപ്പച്ചൻ: "നല്ല ഇരുട്ടായിരുന്നതുകൊണ്ടു് ഒന്നേ ഞാൻ കണ്ടൊള്ളു."

* * *

പ്രൊഫസർ: "ജോൺ, എന്താണു് ഈ ഉത്തരങ്ങളെല്ലാം കൊട്ടേഷനിൽ ഇട്ടിരിക്കുന്നതു്?"

ജോൺ: "എന്റെ അടുത്തിരുന്നയാളോടു് അല്പമെങ്കിലും മര്യാദ കാണിക്കണമല്ലോ എന്നു കരുതിയാണു്."

* * *

മരണാസന്നനായ ഒരു വൃദ്ധനു ജ്ഞാനസ്നാനം നല്കുകയിൽ വൈദികൻ ചോദിച്ചു: "പിശാചിനേയും അവന്റെ ആഡംബരങ്ങളേയും ഉപേക്ഷിക്കുന്നുവോ?"

വൃദ്ധൻ: "ഈ നേരത്തു എനിക്കിനി ആരുമായിട്ടു പിണങ്ങാൻ കഴികയില്ല."

* * *

മാൻഹട്ടൻ എന്ന സ്ഥലത്തെ ഒരു മിഷനറിവൈദികന്റെ ദൃഷ്ടിയിൽ ആരും വിരൂപരായിരുന്നില്ല. ഒരിക്കൽ മൂക്കുപരന്ന ഒരു വൃദ്ധസ്ത്രീ അദ്ദേഹത്തിന്റെ പക്കൽ ചെന്നു പറഞ്ഞു: "ഞാനെങ്കിലും വിരൂപയാണെന്നു അച്ചൻ സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു."

വൈദികൻ അല്പമൊന്നാലോചിച്ച ശേഷം: "അല്ല. നിങ്ങൾ സ്വർഗ്ഗത്തിൽ നിന്നു താഴെവീണ ഒരു മാലാഖയാണു്. പക്ഷെ വീണതു മൂക്കുകുത്തിയാണെന്നു മാത്രം."

പരേതനായ

## ഫാ. വോസൻ S. J.

ബെൽജിയം സ്വദേശിയായ ഇദ്ദേഹം 1913 മുതൽ 1920 വരെ കാണ്ടിസെമ്മിനരി റെക്ടരായിരുന്നു. അക്കാലത്തു കേരളത്തിൽനിന്നുമുള്ള സുറിയാനിറീത്തിൽപ്പെട്ട ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കാൻ ആരുമില്ലാതിരുന്നതുകൊണ്ടു്, റെക്ടരുദ്യോഗമൊഴിഞ്ഞശേഷം ഫാദർ വോസൻ സുറിയാനിപഠനമാരംഭിച്ചു. 1923-24വരെ, ഒരുകൊല്ലത്തോളം, ചെത്തിപ്പുഴ ആശ്രമത്തിൽ വന്നു താമസിക്കുകയും സുറിയാനി ഭാഷാഭ്യസനം പൂർത്തിയാക്കുകയും ചെയ്തു. ആ അവസരത്തിൽ കേരളത്തിലെ പ്രധാന കേന്ദ്രങ്ങളെല്ലാം അദ്ദേഹം സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സ്ഥലനാമങ്ങളെല്ലാം പിൽക്കാലത്തും അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ നിലനിന്നിരുന്നു. 1924-ൽ വിസിററർ അപ്പസ്തോലിക്ക കാർഡിനൽ ലെപ്പിസിയർ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്തീനോസു തിരുമേനിക്കു "പാലിയം" നല്കുന്നതിനായി ആഗതനായ അവസരത്തിൽ ഫാദർ വോസൻ എറണാകുളത്തു സന്നിഹിതനായിരുന്നു. കാണ്ടിയിലേക്കു മടങ്ങിച്ചെന്നശേഷം ഇതുവരെ കാണ്ടിസെമ്മിനരിയിലെ സുറിയാനിഭാഷാപണ്ഡിതൻ ഇദ്ദേഹമായിരുന്നു. കൽദായസുറിയാനിറീത്തിലെ കർമ്മാനുഷ്ഠാനവിധികളും കേരളസഭാചരിത്രവും ഇദ്ദേഹത്തിനു സുപരിചിതമായിരുന്നു. സുറിയാനി കൂടാതെ, ഇംഗ്ലീഷ്, ലത്തീൻ, സഭാചരിത്രം, തത്വശാസ്ത്രം ആദിയായി മിക്ക വിഷയങ്ങളും ഫാദർ വോസൻ പഠിപ്പിച്ചിട്ടുണ്ടു്. ഇദ്ദേഹം കാണ്ടിയിൽ വന്നതിന്റെ സുവർണ്ണജൂബിലി 1948 മേയ് 14-ാംനു ആഘോഷിക്കുകയുണ്ടായി. ഏവംവിധം അരശതാബ്ദത്തിലധികംകാലം, വൈദികവിദ്യാർത്ഥികളെ പ്രേഷിതവൃത്തിക്കായി ഒരുക്കുന്നതിൽ ചെലവഴിക്കുകയും പ്രസ്തുതകൃത്യത്തിലേർപ്പെട്ടിരിക്കുമ്പോൾത്തന്നെ ചരമമടയുകയും ചെയ്ത ഈ മിഷനറിപ്രവരനോടു് ഇൻഡ്യ, ബർമ്മാ, സിലോൺ, മൊറീഷ്യസ് എന്നി സ്ഥലങ്ങളിലെ സഭയ്ക്കുള്ള കടപ്പാടു് നിസ്സീമമാണു്. ആര്യചരിതനും വിശാലഹൃദയനും ധർമ്മധീരനുമായ ഫാദർ വോസന്റെ വ്യക്തിവിലാസം ആരെയും ഹഠാദാകർഷിച്ചിരുന്നു. സൊഡാലിററി ഡിറക്ടറെന്ന നിലയിലും ആത്മീയപിതാവു് എന്ന നിലയിലും ഇദ്ദേഹം സെമ്മിനരിവിദ്യാർത്ഥികൾക്കു് നല്കിവന്ന ആദ്ധ്യാത്മികചൈതന്യനിർഭരമായ ഉപദേശങ്ങളും ഉദ്ബോധനങ്ങളും ആർക്കാണു വിസ്മരിക്കുവാൻ സാധിക്കുക!



ഒരു തികഞ്ഞ മരിയഭക്തനായ ഇദ്ദേഹത്തിന്റെ പാവനാത്മാവു്, മാതാവിന്റെ സ്വർഗ്ഗാരോപണദിനമായ ആഗസ്റ്റ് 15-ാംനു-യാണു് ഐഹികബന്ധം വേർപെടുത്തി പരലോകത്തിലേക്കു പറന്നുപോയതു്. ഇന്നു വിവിധരംഗങ്ങളിൽ, വിവിധനിലകളിൽ, പ്രശസ്തമായി സേവനമനുഷ്ഠിച്ചുവരുന്ന അനേകം ഭാരതീയവൈദികരുടെ, വിശിഷ്യകേരളീയ വൈദികരുടെ ബുദ്ധിപരവും ആദ്ധ്യാത്മികവുമായ ശിക്ഷണത്തിൽ ഗണ്യമായ പങ്കുവഹിച്ചിട്ടുള്ള സ്ഥൈര്യപുരുഷന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുന്നതിനുവേണ്ടി സത്യദീപം വായനക്കാർ പ്രാർത്ഥിപ്പാറാകണം.

R. I. P.

## ചോദ്യോത്തരപംക്തി

**ചോ:** ഒരിക്കൽ ഞാൻ പരിശുദ്ധ കുർബാന സ്വീകരിച്ചപ്പോൾ പുരോഹിതൻ രണ്ടു തിരുവോസ്തികൾ എന്റെ നാവിന്മേൽ വച്ചെന്നു തോന്നി. എനിക്കു പരിഭ്രമമായി. രണ്ടു തിരുവോസ്തികളുണ്ടെന്നറിഞ്ഞാൽ എന്താണു ചെയ്യേണ്ടതു്?

**ഉ:** ഭക്തിപുരസ്സരം തിരുവോസ്തികൾ രണ്ടും ഉള്ളിലേക്കിറക്കണം. — ഒന്നിലധികം തിരുവോസ്തികൾ വിശ്വാസികൾക്കു് ഉൾക്കൊള്ളുന്നതിനായി കൊടുക്കുന്നതിനെ 11-ാം ഇന്നസെന്റ് മാർപ്പാപ്പാ നിരോധിക്കുകയുണ്ടായി. ഫ്രാൻസിലെ ചില മാങ്ങളിൽ ഒന്നിലധികം തിരുവോസ്തി സ്വീകരിക്കുന്ന ഒരു പതിവു് ആവിർഭവിച്ചതാണു് അതിനു കാരണം. ഒന്നിലധികം തിരുവോസ്തി സ്വീകരിച്ചാൽ കൂടുതൽ വരപ്രസാദം ലഭിക്കാമെന്നൊരു അബദ്ധധാരണ ചിലർക്കുണ്ടായിരുന്നു. അതിനെ തിരുത്തുന്നതിനായിട്ടാണു മാർപ്പാപ്പാ പ്രസ്തുത നിരോധനാജ്ഞ പുറപ്പെടുവിച്ചതു്. പക്ഷെ തക്കതായ കാരണമുള്ളപ്പോൾ ഒന്നിലധികം തിരുവോസ്തി നല്കുന്നതിനു വിരോധമില്ലാത്തതാകുന്നു. ഉദാഹരണമായി, വിശുദ്ധ കുർബാന സൂക്ഷിക്കാത്ത ദേവാലയങ്ങളിൽ, കുർബാനയ്ക്കുശേഷം കുമ്പസാരിച്ചു വി. കുർബാന ഉൾക്കൊള്ളുന്നതിനു നില്ക്കുന്നവരെ ഉദ്ദേശിച്ചു് കുറെ ഓസ്തികൾ വച്ചിരുന്നെന്നു വിചാരിക്കുക. വി. കുർബാന സ്വീകരിക്കുവാനണയുന്നവരുടെ എണ്ണം പ്രതീക്ഷിച്ചിരുന്നതിൽ കുറവാണെങ്കിൽ, തിരുവോസ്തികൾ ബാക്കിവരാതിരിപ്പാൻവേണ്ടി, ഒന്നിലധികം കൊടുക്കാവുന്നതാണു്. ചിലപ്പോഴെല്ലാം, തിരുവോസ്തികൾ രണ്ടെണ്ണം ലഭിക്കുവാൻ ഇടവരുന്നതു പുരോഹിതന്റെ അറിവുകൂടാതെയാണു്. കാരണമെന്തായാലും വേണ്ടില്ല, തിരുവോസ്തികൾ രണ്ടുണ്ടെന്നു മനസ്സിലായാലും പരിഭ്രമിച്ചിട്ടു് ആവശ്യമില്ല.

**ചോ:** പിശാചു് ബാധിച്ചിരിക്കുന്ന ഒരു മനുഷ്യൻ പെട്ടെന്നു മരിക്കുന്നതിനിടവരുന്നു. അയാൾ നിത്യരക്ഷ പ്രാപിക്കുമോ?

**ഉ:** അതു, അയാൾ മരിക്കുമ്പോഴത്തെ അയാളുടെ ആത്മാവിന്റെ സ്ഥിതി അനുസരിച്ചിരിക്കും. അയാൾ മരിക്കുമ്പോൾ അയാളുടെ ആത്മാവു് "ചാവുദോഷ"ത്തിനു് അധീനമാണെങ്കിൽ അയാൾ രക്ഷ പ്രാപിക്കയില്ല. അല്ലെങ്കിൽ രക്ഷ പ്രാപിക്കും.

പിശാചുബാധ (Possession) ഒരു പാപമല്ലെന്നു് പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു. എല്ലായ്പോഴും അതു പാപത്തിനുള്ള ശിക്ഷയായിരിക്കണമെന്നുമില്ല. ചിലപ്പോൾ പാപത്തിനുള്ള ശിക്ഷയായും, ചിലപ്പോൾ ഉപരിപരിപൂർണ്ണതയ്ക്കുള്ള മാർഗ്ഗമായും, ദൈവം പിശാചുബാധ അവനുവദിക്കാറുണ്ടു്.

പിശാചുബാധയ്ക്കു അധീനപ്പെടുന്ന അവസരത്തിൽ ഒരാൾ "ചാവുദോഷ"ത്തിലായിരുന്നാലും, പിന്നീടു അതിനെപ്പററി അനുതപിക്കുന്നതിനും പാപമോചനം പ്രാപിക്കുന്നതിനും സാധിക്കുന്നതാണു്. പൈശാചികോപദ്രവങ്ങൾ പ്രകടമല്ലാത്ത സമയത്തു, സ്വന്തബുദ്ധിയും മനസ്സും ശരിയായി ഉ

പ്രയോഗിക്കുന്നതിനും രക്ഷാകരമായ സൽകൃത്യങ്ങൾ ചെയ്യുന്നതിനും കഴിയുന്നതാണല്ലോ. സ്വാതന്ത്ര്യമനസ്സിന്റെ ഉപയോഗമില്ലാത്ത സമയങ്ങളിൽ, ദുഷ്ടരൂപിയുടെ കരങ്ങളിൽ ഒരുപകരണമെന്ന നിലയിൽ, പിശാചുബാധിതൻ ചെയ്യുന്ന കൃത്യങ്ങൾക്ക് അയാൾ ഉത്തരവാദിയുമല്ല. മാത്രമല്ല, മരണനേരത്തെങ്കിലും, അയാൾക്ക് അനുതപിക്കുന്നതിനു വേണ്ട വെളിവു ദൈവം കരുണാപുരസ്സരം നല്കുമെന്നു പ്രതീക്ഷിക്കയും ചെയ്യാവുന്നതാണ്. ആകയാൽ, ഒരാൾ പിശാചുബാധിതനായിരുന്നുവെന്ന കാരണത്താൽമാത്രം, അയാളുടെ ആത്മാവു നശിച്ചുപോയി എന്നു തീരുമാനിക്കാവുന്നതല്ല. എന്നുമാത്രമല്ല, ഈവ്വിധമുള്ളയ ഉപദ്രവങ്ങൾ ക്ഷമാപൂർവ്വം സഹിക്കുന്ന ഒരാളുടെ ഉപരിവിശുദ്ധീകരണത്തിനു്, മററു ക്ലേശങ്ങളും പീഡകളും പോലെ, ഇവയും സഹായിക്കുന്നതാണ്.

## ഇടവകവാർത്തകൾ

—കോതമംഗലം ഫൊറോനാപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ പരിശ്രമഫലമായി 300-ഓളം സാധുക്കൾക്കു ആഗസ്റ്റ് 14-ാംനു ഭക്ഷണം നല്കിയിരിക്കുന്നു.

—തൃശ്ശൂർ കവലക്കാട്ടുകുഞ്ഞിപ്പാലു ഫ്രാൻസീസ് അവർകൾ, തന്റെ പരേതനായ മകൻ കെ. വി. പോളിന്റെ ഓർമ്മയ്ക്കായി പുതുതായി പണികഴിപ്പിച്ചിട്ടുള്ള പള്ളിയുടെ ആശീർവ്വാദകർമ്മം തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ട് ആഗസ്റ്റ് 14-ാംനു നിർവ്വഹിച്ചിരിക്കുന്നു.

—വാഴക്കുളം സെൻറ് ജോർജ്ജ്സ് സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ, വികാരി റവ. ഫാ. പോൾ വടക്കഞ്ചേരി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് സെൻറ് പോൾസ് മിഷൻസഹായബാലസംഘം എന്ന പേരിൽ ഒരു സംഘടന ഉൽഘാടനംചെയ്തിരിക്കുന്നു.

—ഞാറയ്ക്കൽപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന അൾത്താരബാലസംഘത്തിന്റെ വാർഷികം ആഗസ്റ്റ് 15-ാംനു ആഘോഷിക്കപ്പെട്ടിരിക്കുന്നു. തത്സംബന്ധമായികൂടിയ പൊതുയോഗത്തിൽ ശ്രീ തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ടി അദ്ധ്യക്ഷതവഹിച്ചു. വിവിധമത്സരപരീക്ഷകളിൽ വിജയികളായവർക്കു സമ്മാനങ്ങൾ നല്കപ്പെട്ടു. യോഗാനന്തരം, സംഘാംഗങ്ങൾ "നീതിനിർവ്വഹണം" എന്ന പ്രഹസനം അഭിനയിച്ചു.

—ഞാറയ്ക്കൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ 5 മാസത്തിനകം അരി, വസ്ത്രം, മരുന്ന് എന്നീ ഇനങ്ങളിൽ 1800-ഓളം രൂപ വിലവരുന്ന സാധനങ്ങൾ സാധുക്കളുടെ ഇടയിൽ വിതരണംചെയ്തിരിക്കുന്നു. പ്രസ്തുതചെലവിലേക്കുള്ള ധനാഗമമാർഗ്ഗം "കെട്ടുതെങ്ങുപ്രസ്ഥാന"മാണെന്നുള്ളതും പ്രസ്താവ്യമാണ്.

—കടലിക്കാട്ടു സെൻറ് തോമസ് ക്ലബ്ബിന്റേയും ലിററിൽഫ്ളവർ റീഡിംഗ് ക്ലബ്ബിന്റേയും ഏകോപിച്ചുള്ള ഒരു സാധാരണയോഗം ആഗസ്റ്റ് 15-ാംനു റവ. ഫാ. അഗേവൂസ് സി. ഡി. ബി. എസ്. സി. യുടെ അദ്ധ്യക്ഷതയിൽ കൂടുകയും ശ്രീ മാത്യു കണ്ടിരിക്കൽ പ്രസംഗിക്കുകയും ചെയ്തു.

—മൈലക്കൊമ്പ് മരിയാസഖ്യത്തിന്റേയും കത്തോലിക്കാ കോൺഗ്രസ് ശാഖയുടേയും ഏകോപിച്ചുള്ള ഒരു സാധാരണയോഗം ആഗസ്റ്റ് 15-ാംനു റവ. ഫാ. ഫ്രാൻസീസ് ചെറുക്കര അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയിരിക്കുന്നു.

—അയ്മുറിപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ ഒരു വിശേഷാൽയോഗം ആഗസ്റ്റ് 15-ാംനു റവ. ഫാ. പോൾ തച്ചിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും മി. ടി. കെ. വർഗ്ഗീസ് ബി. എ. എൽ. ടി. പ്രസംഗിക്കുകയും ചെയ്തു.

—ചേന്നൂർ സെൻറ് ആൻറണിപള്ളി വികാരി റവ. ഫാ. തോമസ് മാക്കംപറമ്പന്റെ അദ്ധ്യക്ഷതയിൽ ആഗസ്റ്റ് 15-ാംനു ഒരു യോഗം കൂടുകയും ശ്രീ എം. എ. തോമസ്, ശ്രീ ടി. സേവ്യർ ബി. എ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽവച്ച് "യംഗ്മെൻ ഓഫ് ദി ബ്ളെസഡ് വെർജിൻ മേരി" എന്ന പേരിൽ ഒരു പുതിയ സംഘടന രൂപവൽക്കരിക്കപ്പെട്ടു.

—തിരുവങ്കീടം സെൻറ് ആൻറണീസ് കുരിശുപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സംഘത്തിന്റെ വാർഷിക ആഗസ്റ്റ് 15-ാംനു റവ. ഫാ. പോൾ ചിററിലപ്പിള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ മി. വി. സി. വറീതു് ഒരു പ്രസംഗം ചെയ്തു.

—മഞ്ഞുമ്മേൽ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററികളുടെ 5-ാമതു സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു മോസ്റ്റ് റവ. ഡോ. ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. ഡൊമിനിക് കോയിക്കര പ്രസംഗം നിർവ്വഹിച്ചു. യോഗാനന്തരം "സേവനം" എന്ന പ്രഹസനം അഭിനയിക്കപ്പെട്ടു.

—കണ്ടശ്ശാങ്കടവു ഫൊറോനാപ്പള്ളിയിൽവിൻസെൻറ് ഡി പോൾ സംഘത്തിന്റെ ഒരു ശാഖ സ്ഥാപിച്ച് പ്രവത്തനമാരംഭിച്ചിരിക്കുന്നു.

—പൂഞ്ഞാർ ചെറുപുഷ്പാശ്രമത്തോടനുബന്ധിച്ചുള്ള സി. ഇ. സി, സൊഡാലിററി, സൺഡേസ്കൂൾ ഇവയുടെ സംയുക്തവാർഷികംപ്രമാണിച്ച് ആഗസ്റ്റ് 15-ാംനു കാഥികൻ ശ്രീ ജോസഫ് ചിറയേടനും പാർട്ടിയും മധുവർജ്ജനത്തെ ആസ്പദമാക്കിയുള്ള "മൂണാളിനി" കഥാപ്രസംഗം വിജയകരമായി നടത്തിയിരിക്കുന്നു. കാഥികനെ അഭിനന്ദിച്ച് സംഘടനകളുടെ ഡിറക്ടർ റവ ഫാ. തെദേയോസ് ടി. ഒ. സി. ഡി. ഒരു പ്രസംഗം നടത്തി.

—അരൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റേയും ദിവ്യകാരുണ്യ ബാലസംഘത്തിന്റേയും സംയുക്തവാർഷികം ആഗസ്റ്റ് 15-ാംനു വെ. റവ. മോൺ. ജോർജ് നെടുംപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ് ആനി അൽഫോൻസ് പുതുശ്ശേരിൽ ബി. എ. ബി ടി, റവ. ഫാ. മാത്യു കോതകത്തു് എന്നിവർ പ്രസംഗിച്ചു.

—കടമാളൂർ സ്ഥാപിതമായിരിക്കുന്ന വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ഉൽഘാടനം ആഗസ്റ്റ് 15-ാംനു റവ. ഫാ. ക്ലീമാക്കൂസ് ബി. എ. ബി. ടി. നിർവ്വഹിച്ചിരിക്കുന്നു. തദവസരത്തിൽ ശ്രീ എൻ. സി. മാത്യു ബി. എ. എൽ. ടി. ഒരു പ്രസംഗം ചെയ്തു.

[താമസിച്ചു കിട്ടുന്ന വാർത്തകളും തീരെ അപ്രധാനങ്ങളായവയും പ്രസിദ്ധപ്പെടുത്തുന്നതല്ല ]



ചെക്കോസ്ലാവാക്യയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ മർദ്ദനനയത്തെ പ്രതിഷേധിച്ചുകൊണ്ടിരിക്കുന്ന പ്രേഗിലെ മെത്രാപ്പോലീത്താ ഡോ. ബെറാൻ തിരുമേനി.

### ചരമം

വാഴക്കുളം ട്രെയിനിംഗ് സ്കൂൾ അദ്ധ്യാപകൻ മി. കെ. വക്കിയുടെ പിതാവ് തിരുവല്ലായിലുള്ള സ്വവസതിയിൽവച്ച് ആഗസ്റ്റ് 14-ാംനു ചരമംപ്രാപിച്ചിരിക്കുന്നു. R. I. P.

## കൊ-തി. വാർത്തകൾ

തിരുവനന്തപുരം പട്ടണത്തിലും, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിലും ചിങ്ങം 1-ാംനുമുതൽ മദ്യനിരോധനം നടപ്പാക്കിയിരിക്കുന്നു. തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോട്, നെയ്യാററിൻകര, ചെങ്കോട്ട, ചിററൂർ എന്നീ താലൂക്കുകളിൽ നേരത്തേതുടങ്ങിത്തന്നെ മദ്യനിരോധനം നടപ്പിലിരിക്കയാണ്. മൂന്നു കൊല്ലത്തിനകം ഐക്യസംസ്ഥാനത്തു മുഴുവൻ മദ്യനിരോധനം നടപ്പിലാക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—മദ്യനിരോധനം നടപ്പിലാക്കിയതിനെത്തുടർന്നു തിരുവനന്തപുരത്തു ഇദംപ്രഥമമായി ഒരു മദ്യനിരോധനക്കേസ് ചാർജ്ജുചെയ്യുകയും പ്രതിക്കു 200 ക. പിഴയിടുകയും ചെയ്തിരിക്കുന്നു.

—ഐക്യസംസ്ഥാന നിയമസഭയിലെ ക്രൈസ്തവമെമ്പർമാരുടെ ഒരു കോൺഫറൻസ് നിയമസഭാബഡ്ജററ് സമ്മേളനാവസാനത്തോടടുത്തു് തിരുവനന്തപുരത്തുവച്ചു കൂടുന്നതാണെന്നറിയുന്നു. പ്രസ്തുതകോൺഫറൻസ്, ക്രൈസ്തവരെ അഭിമുഖീകരിച്ചിരിക്കുന്ന ബഹുമുഖാവശതകളെപ്പററി ചർച്ചചെയ്യുന്നതും പരിഹാരമാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യുന്നതുമാണെന്നു വിശ്വസിക്കപ്പെടുന്നു.

—ഭക്ഷ്യോല്പാദനപദ്ധതികൾ സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു മന്ത്രിമാരടങ്ങിയ ഒരു സബ്കമ്മിററി ഗവമ്മെൻറിൽനിന്നും രൂപവൽകരിച്ചിരിക്കുന്നു ചീഫ്മിനിസ്റ്റർ, കൃഷികാര്യമന്ത്രി, ധനകാര്യമന്ത്രി, ഭക്ഷ്യകാര്യമന്ത്രി എന്നിവർ കമ്മിററയിലെ അംഗങ്ങളായിരിക്കും.

—ഓണംപ്രമാണിച്ച് ഐക്യസംസ്ഥാനത്തെ വിദ്യാലയങ്ങൾ ചിങ്ങം 18-ാംനു അടയ്ക്കുന്നതും ചിങ്ങം 27-ാംനു തുറക്കുന്നതുമാണ്. ക്രിസ്തുമസ് പ്രമാണിച്ച് വിദ്യാലയങ്ങൾ അടയ്ക്കുന്നതു ധനു 9-ാംനുയും, തുറക്കുന്നതു ധനു 18-ാംനുയുമായിരിക്കും.

—കൊച്ചി എസ്. എസ്. എൽ. സി. പരാജിതരെ ഉദ്ദേശിച്ച് ഒക്ടോബർ മദ്ധ്യത്തിൽ നടത്തുന്ന പരീക്ഷയ്ക്കു നിർദ്ദിഷ്ടഫാറത്തിൽ ചിങ്ങം 10-ാംനുക്കുമുൻപു കിട്ടത്തക്കവണ്ണം അപേക്ഷകൾ തൃശ്ശൂർ പരീക്ഷാബോർഡ് സെക്രട്ടറിയുടെ പേർക്ക് അയക്കേണ്ടതാണ്. തൃപ്പൂണിത്തുറ, എറണാകുളം, കൊടുങ്ങല്ലൂർ, ഞാറയ്ക്കൽ, ഇരിങ്ങാലക്കുട, തൃശ്ശൂർ, കണ്ടശാങ്കടവ്, വടക്കാഞ്ചേരി, കുന്നംകുളം, ചേലക്കര, നെന്മാറ, ചിററൂർ എന്നീ സ്ഥലങ്ങളിലെ ഹൈസ്കൂളുകളാണു സെൻററുകളായി തൽക്കാലം നിശ്ചയിച്ചിട്ടുള്ളതു്. പരീക്ഷാതീയതിപിന്നീടുപ്രസിദ്ധപ്പെടുത്തും. ഫുൾകോഴ്സിനു 12 ക. യും ഓരോ വിഷയത്തിനും 3 ക ക്രമത്തിലും മൂന്നു വിഷയത്തിൽ കൂടുതലുള്ളതിനു 12 ക. യും ഫീസടയ്ക്കണം. ചിങ്ങം 10 കഴിഞ്ഞു വരുന്ന അപേക്ഷകൾ അടുത്ത 10 ദിവസത്തിനകം ലഭിക്കുന്നപക്ഷം പിഴയായി ഒരു രൂപാകൂടി അടയ്ക്കേണ്ടതാണ്.

## സ്വർണ്ണച്ചുററിക

### വിശുദ്ധവാതിൽ തുറക്കാൻ

1950 ലെ ജൂബിലിവത്സരം അടുത്ത ക്രിസ്മസ് ദിനത്തിൽ സെൻറ് പീറേറഴ്സിന്റെ വിശുദ്ധവാതിൽ തുറന്നുകൊണ്ടു പരിശുദ്ധ പിതാവു ഉൽഘാടനം ചെയ്യുന്നതാണല്ലോ. വിശുദ്ധവാതിൽ തുറക്കുന്ന ആവശ്യത്തിലേക്കു ഒരു സ്വർണ്ണച്ചുററിക പരിശുദ്ധ പിതാവിനു കാഴ്ചവെക്കുവാൻ ഇററാലിയൻ വക്കീൽസ് അസോസിയേഷൻ തീരുമാനിച്ചിരിക്കുന്നു. ഈ ആവശ്യത്തിലേക്കു അസോസിയേഷനിലെ 6 ലക്ഷം അംഗങ്ങളും പത്തു ലിറാ വീതം സംഭാവന ചെയ്യുന്നതാണ്.

## ആധുനികലോകം

ജോൺ. ഫർട്ടൻ ജെ. ഷീൻ രചിച്ച Cross & Crisis എന്ന ഗ്രന്ഥത്തിന്റെ സ്വതന്ത്രവിവർത്തനം

വില 1 ക. 8 ണ

മാനേജർ, മാർ ലൂയിസ് മെമ്മോറിയൽപ്രസ്സ്, എറണാകുളം.

## പ്രസ്സ സൺഡെ

ഒല്ലൂർ എം. സി. എസ്. എൽ-ന്റെ ആഭിമുഖ്യത്തിൽ ഒരു പ്രസ്സ സൺഡെ ക്ഷേമമായി ഘോഷിക്കപ്പെടുകയുണ്ടായി. അന്നേ ദിവസം എം. സി എസ്. എൽ. അംഗങ്ങൾ ഇടവകയിലെ മിക്കവീടുകളിലും കയറി ഇറങ്ങി കത്തോലിക്കാ പുസ്തകങ്ങൾ വില്ക്കുകയും സത്യദീപം, കുടുംബദീപം, നവജീവിക മുതലായ കത്തോലിക്കാ പത്രമാസികകൾക്കു വരിക്കാരെ ശേഖരിക്കുകയുമുണ്ടായി. അഞ്ഞൂറിലധികം കമ്മ്യൂണിസ്റ്റ്‌വിരുദ്ധപുസ്തകങ്ങൾ അന്നു വില്ക്കപ്പെടുകയും സത്യദീപം പത്രത്തിനു 180-ഓളം വരിക്കാരെ സമ്പാദിക്കുകയും ചെയ്തു. കൂടാതെ കമ്മ്യൂണിസ്റ്റ്‌വിരുദ്ധ സാഹിത്യ പ്രചരണത്തിനു ആധുനികരീതിയിൽ ഒരു ബുക്കസ്റ്റാൾതന്നെ സംഘം തുടങ്ങിയിട്ടു ഒരു കൊല്ലമായി. ഈ ഒരു കൊല്ലത്തിനുള്ളിൽ ഉദ്ദേശം 1600 ഉറുപ്പികയുടെ പുസ്തകങ്ങളും പത്രമാസികകളും സ്റ്റാളിൽനിന്നു വിൽക്കപ്പെട്ടിട്ടുണ്ട്. സ്ഥലത്തെ യുവാക്കന്മാരായ എം. സി. എസ്. എൽ. അംഗങ്ങളുടെ അവിശ്രമപരിശ്രമത്തിന്റെ ഫലമാണ് ഈ ബുക്കസ്റ്റാളും അടുത്തു ഘോഷിക്കപ്പെട്ട ഈ പ്രസ്സസൺഡെയും.

## കുടുംബമാകമാനം സന്യാസംവരിച്ചു

സെവിൽ എന്ന സ്ഥലത്തെ വിസിറേറഷൻ മഠത്തിൽവച്ച് ഈയിടെ നിര്യാതയായ മദർ ബോർജ സന്യാസസഭാവസ്ത്രം സ്വീകരിച്ചതു സ്വഭർത്താവിന്റെ കരങ്ങളിൽ നിന്നാണു. ആ സ്ത്രീരത്നം അൽഡാമയിലെ കൗണ്ടസ്സ് ആയിരുന്നു. അവരുടെ മൂന്നു പുത്രന്മാർ ഈശോസഭാ വൈദികരും, രണ്ടു പുത്രിമാർ കന്യാസ്ത്രീകളും ആയതിനുശേഷമാണ് കൗണ്ടസ്സും ഭർത്താവും സന്യാസവ്രതം സ്വീകരിക്കുവാൻ നിശ്ചയിച്ചതു്. അദ്ദേഹം പ്രഥമപൂജാർപ്പണം നടത്തിയതു് ഭാര്യ താമസിച്ചിരുന്ന മഠത്തിലാണ്. തദവസരത്തിൽ അദ്ദേഹംതന്നെ ആ മഹതിക്കു സന്യാസസഭാവസ്ത്രം പ്രദാനം ചെയ്തു. അവരുടെ മൂന്നു പുത്രന്മാരും പ്രസ്തുത ചടങ്ങുകളിൽ പങ്കുകൊണ്ടു. അവരിലൊരാൾ പ്രഭാഷണം നടത്തുകയും ചെയ്തു.

## ഇൻഡ്യാ വാർത്തകൾ

ഇൻഡ്യയിലെ റെയിൽവെ വികസനത്തിനായി ലോകബാങ്ക് ഇൻഡ്യക്കു 340 ലക്ഷം ഡോളർ കടംവായ്പ അനുവദിച്ചിരിക്കുന്നു. ഇതിന്റെ കാലാവധി 15 കൊല്ലമായിരിക്കും. മൂന്നു ശതമാനം പലിശയും ഒരു ശതമാനം കമ്മീഷനും നല്കേണ്ടതാണ്.

—ഇൻഡ്യയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച് കോൺസ്റ്റിററ്യുവൻറ് അസംബ്ലി ഡ്രാഫ്ററിംഗ്കമ്മിററി തയാറാക്കിയിരിക്കുന്ന നക്കലിൽ, ദേവനാഗരിലിപിയിൽ എഴുതപ്പെടുന്ന ഹിന്ദി ഇൻഡ്യയുടെ രാഷ്ട്രഭാഷയായിരിക്കണമെന്നും എന്നാൽ ഭരണഘടന നടപ്പിൽവരുന്ന തീയതിമുതൽ 15 വർഷത്തേക്കു് ഇംഗ്ലീഷ്ഭാഷതന്നെ ഔദ്യോഗികഭാഷയായി തുടരണമെന്നും പ്രസ്താവിച്ചിരിക്കുന്നു.

—ഐക്യരാഷ്ട്രസമിതിയുടെ വിദ്യാഭ്യാസ, ശാസ്ത്രീയ, സാംസ്കാരികസംഘടനയുടെ നാലാമതു പൊതുസമ്മേളനം സെപ്ററംബർ 19-ാംനു മുതൽ ഒക്ടോബർ 5-ാംനു വരെ പാരിസിൽ കൂടുന്നതാണ്. ഇതിലേക്കുള്ള ഇൻഡ്യൻ പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിക്കുന്നതു് ഡോക്ടർ രാധാകൃഷ്ണനായിരിക്കും.

—സെപ്ററംബർ -0-ാംനു ലേക്സക്സസിൽ ആരംഭിക്കുന്ന ഐക്യരാഷ്ട്രജനറൽ അസംബ്ലിയുടെ 4-ാമതു സമ്മേളനത്തിലേക്കു് ഇൻഡ്യൻ പ്രതിനിധികളായി പോകാനുള്ളവരുടെ കൂട്ടത്തിൽ റവ. ഫാ. ജറോം ഡിസൂസായേയും ഉൾപ്പെടുത്തിയിരിക്കുന്നു.

—ഈജിപ്തിലെ പുതിയ ഇൻഡ്യൻ സ്ഥാനപതിയായി മി. എ. ഫൈസി നിയമിതനായിരിക്കുന്നു.